# ബഥനി ശബ്ദം

JANUARY 2022



FR DAVID CHARUVILAYIL OIC


ക്രിസ്തുവിനെ പിന്തുടരാൻ.....
ക്രിസ്തുവിന്റെ സാക്ഷികളാകാൻ....
സന്യാസപൗരോഹിത്യത്തിലൂടെ.....
സുവിശേഷം പ്രഘോഷിക്കാൻ......
ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയാൽ
സ്ഥാപിതമായ ബഥനി ആശ്രമത്തിലേക്ക്
സ്വാഗതം
Fr. Daniel Jeevan OIC (Vocation Promoter) Bethany Ashram
Bethany Navajeevan Province, Thiruvananthapuram. Ph: 9061081428, 9495918788

# BETHANY SABDAM

**No. 125** **January 2022**

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Cover Design**

Fr Jobin Kuriakose OIC

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

# ഉൾത്താളുകളിൽ

എഡിറ്റോറിയൽ 3

യേശുവിനെ പിന്തുടരുന്ന സമർപ്പിത ജീവിതം – ഫാ. മത്തായി കടവിൽ ഒ.ഐ.സി. 4

ദാവീദിന്റെ ദഹനബലി – ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി. 9

പുരോഹിതാ, ദൈവമാണ് നിന്റെ അവകാശവും ഓഹരിയും 11
ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.

ബലിപീഠത്തിനോട് ചേർന്നു നിന്ന് – ഡീക്കൻ ഡേവിഡ് ചരുവിളയിൽ ഒ.ഐ.സി 13

വിളിച്ചവൻ വിശ്വസ്തനാണ് 15
പാപ്പച്ചൻ & ആനി പാപ്പച്ചൻ (ഡീക്കൻ ഡേവിഡ് ചരുവിളയിലിന്റെ മാതാപിതാക്കൾ)

ആത്മനിർവൃതിയുടെ സുദിനം... – ഫാ. ജോർജ്ജ് കോട്ടപ്പുറം (വികാരി) 16

പൗരോഹിത്യം – മായ്ക്കാനാവാത്ത മുദ്രയുടെ അഭിഷേകം 18
ഫാ.ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.

ശുശ്രൂഷാ പൗരോഹിത്യം: ഫാ. തോമസ് റെജി പടിഞ്ഞാറ്റേമേലേതിൽ ഒ.ഐ.സി. 22

പൗരോഹിത്യവും ദൈവസമ്പാദനവും – ഫാ. ഐസക് പാറയ്ക്കൽ ഒ.ഐ.സി. 26

പുരോഹിതൻ: യഹോവയുടെ അഭിഷിക്തൻ – ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി. 28

പൗരോഹിത്യം: ഫാ. ജെയ്സൺ സൈമൺ ഒ.ഐ.സി. 30

ദൈവത്തിന്റെ സ്വന്തം പുരോഹിതൻ – വിൻസെൻഷ്യൻ സിസ്റ്റേഴ്സ് 32

സ്വപ്നസാഫല്യത്തിന്റെ നിറവിൽ... – ബ്ര. അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി. 34

സത്യത്തിനു സാക്ഷ്യം വഹിക്കേണ്ടവർ – ബ്ര. എബ്രഹാം ഷിൻസ് ഒ.ഐ.സി. 36

സമർപ്പണവഴിയിലേയ്ക്ക്...സ്വാഗതം – ഫാ.തോമസ് പ്രശാന്ത് ഒ.ഐ.സി. 37

സന്തോഷകരമായ മണവറയിൽ ഇനി കാണുമാറാകട്ടെ. 39
ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.

ദൈവസന്നിധിയിലേക്ക് യാത്രയായ ബഹുമാനപ്പെട്ട ഡാനിയേൽ കടകംപള്ളിൽ അച്ചന്റെ ലഘുജീവചരിത്രം – ഫാ. ഗോഡ്വിൻ ക്രിസ്റ്റോ ഒ.ഐ.സി. 43

ഉശിരിന്റെ ആൾരൂപം ബ.ഡാനിയേൽ കടകംപള്ളിലച്ചൻ 45
ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

ഓർമ്മയിലെ ഡാനിയേലച്ചൻ – ഫാ. ഡാനിയേൽ ജീവൻ ഒ.ഐ.സി. 47

ഡാനിയേൽ ഒ.ഐ.സി അച്ചൻ എന്റെ ഉപ്പാപ്പൻ മാത്രമായിരുന്നില്ല!!! 43
സി.പ്രതിഭ എസ്.ഐ.സി.

വിപുലമല്ലോ സൗഹൃദവലയം – സി. ദീപാ ജോസ് ഡി.എം. 52

കൂട്ടായ്മയുടെ ആഴം നുകരുന്ന കുടുംബജീവിതം 53
ഫാ. വർഗ്ഗീസ് പുത്തൻവീട്ടിൽ മാത്യു (മനു) ഒ. ഐ. സി

# എഡിറ്റോറിയൽ

പുതുവത്സരങ്ങൾ എപ്പോഴും സ്വപ്നങ്ങളുടെ സമയമാണ്. പുത്തൻ പ്രതീക്ഷകളും ചില പുതിയ തീരുമാനങ്ങളും ഒക്കെ പുതുവത്സരാഘോഷത്തിന്റെ അകമ്പടിയായി കടന്നുവരുന്നു. ഉണ്ണിമിശിഹായുടെ പിറന്നാൾ ആഘോഷിച്ച് ആ ആരവങ്ങൾക്ക് തുടർച്ച എന്നപോലെയാണ് പുതുവത്സര ആഘോഷങ്ങളും. ഒരു 'ഉണ്ണി'യായി മാറുവാൻ ദൈവം നമുക്ക് നല്കുന്ന ഒരു പുതുവത്സരമാണ് 2022. വീണ്ടും ജനിക്കുവാൻ (ജോൺ 3:3) ഒരു അവസരം. ശിശുക്കളെപ്പോലെയാകുവാൻ (മത്താ 18:3) ഉള്ള ഒരു അവസരം. ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള കുറുക്കുവഴി ശിശുക്കളെപ്പോലെ ചെറുതാകുക എന്നതാണ്. ചെറുതാകുക എന്നാൽ അത്ര എളുപ്പമുള്ള കാര്യമല്ല. അഹം വെടിയുവാനും മൗനം അവലംബിക്കുവാനും ഞാൻ എന്ന ഭാവം കുറയുവാനും അല്പം പ്രയാസമാണ്. അത് ശ്രമകരവുമാണ്. പുൽക്കൂട്ടിൽ ജനിക്കുകയും വനത്തിലും വെള്ളത്തിലും ജീവിക്കുകയും കുരിശിൽ മരിക്കുകയും ചെയ്ത ആ മനുഷ്യനെ പിൻചെല്ലാനുള്ള കുറുക്കുവഴി ശിശുവായിത്തീരുക എന്നതു തന്നെ. ഈ പുതുവത്സരത്തിൽ വല്ലപ്പോഴുമെങ്കിലും ശിശുക്കളെപ്പോലെയായി മാറുവാൻ നമുക്ക് പരിശ്രമിക്കാം.

2022-ൽ ബഥനിക്കു ലഭിക്കുന്ന സമ്മാനമാണ് നവവൈദികൻ ഡേവിഡ് ചരുവിളയിൽ അച്ചൻ. നീണ്ട വർഷങ്ങളിലെ പരിശീലനവും പഠനവും തപസ്സും ഒക്കെ ഒരു സാധനയായി കണ്ട് വിളിച്ചവന്റെ വഴിയേ വിളിച്ചവന്റെ കൂടെ വിശ്വസ്തതയോടെ നിന്നതിനാൽ വിളിച്ചവൻ കശ്ശീശായായി തീരുവാൻ പരിശുദ്ധാത്മാവിനാൽ ഡേവിഡിനെ തെരഞ്ഞെടുത്തു. അപ്പവും വീഞ്ഞും വാഴ്ത്തി വിഭജിക്കുവാനും ദൈവിക അനുഗ്രഹങ്ങൾ ദൈവജനത്തിന് വിഭജിച്ചു കൊടുക്കുവാനും ക്രിസ്തുവിന്റെ കരം ഈ പുരോഹിതന്റെ കരങ്ങളിലൂടെ ഇനി അനുഗ്രഹങ്ങൾ വർഷിക്കും. ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുകൊള്ളുവാനും ആ സഹനങ്ങളെ ബലിയാക്കുവാനും ബലിയർപ്പിക്കുന്നതോടൊപ്പം ബലിയായി മാറുവാനും ഇതാ ബഥനിക്ക് മറ്റൊരു പുരോഹിതൻ കൂടി. നവവൈദികന് ബഥാന്യരുടെ ആശംസകളും പ്രാർത്ഥനകളും.


ബഥനിയുടെ ഡാനിയേൽ കടകംപള്ളിൽ അച്ചൻ നമ്മോട് യാത്ര പറഞ്ഞു. കാര്യപ്രാപ്തിയുള്ള വ്യക്തിത്വത്തിന് ഉടമയായിരുന്നു ബഹു.ഡാനിയേൽ കടകംപള്ളിൽ അച്ചൻ. അച്ചനെക്കുറിച്ചുള്ള ധാരാളം ഓർമ്മകൾ മനസ്സിലൂടെ കടന്നുപോകുന്നുണ്ട്. ചിലതുമാത്രം പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. എന്റെ ഡിഗ്രി പഠനകാലത്ത് നാലാഞ്ചിറയിൽവച്ച് ഒരു ഓഡിറ്റർ ഡാനിയേലച്ചനാണ് ബഥനിയിലെ ഏറ്റവും നല്ല അഡ്മിനിസ്ട്രേറ്റർ എന്ന് പറഞ്ഞത് ഞാൻ ഓർക്കുകയാണ്. ഡാനിയേൽ അച്ചന്റെ ശവസംസ്കാര ശുശ്രൂഷ സമയത്തും പലരും പ്രസംഗത്തിൽ ഇത് സൂചിപ്പിച്ചിരുന്നു. തന്നെ ഏല്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും വിശ്വസ്തതയോടെ നിർവ്വഹിക്കുവാൻ സാധിച്ചതിനാലാണ് ഈ ഒരു പേരിന് അദ്ദേഹം അർഹനായത്.

2002-ൽ നെടുമങ്ങാടുവച്ച നടന്ന ഒരു യുവജനമത്സരത്തിൽ ആയുധ ധാരിയായ ഒരു ഗുണ്ട അവിടേക്ക് കടന്നുവന്നിരുന്നു. വളരെ രഹസ്യമായിതന്നെ ഈ വ്യക്തിയെ ഡാനിയേൽ അച്ചൻ കീഴ്പ്പെടുത്തുകയും രഹസ്യമായിത്തന്നെ പോലീസിലേൽപ്പിക്കുകയും ചെയ്തു. അവിടെയുണ്ടായിരുന്ന ആരും ഈ സംഭവങ്ങൾ അറിയുകയോ പ്രോഗ്രാമിനെ കോട്ടം വരികയോ ചെയ്തില്ല. ഡാനിയേൽ അച്ചൻ നല്ല ഒരു മിഷനറിയായിരുന്നു. ദൈവവചനം പങ്കുവയ്ക്കുവാനും അനേകം പേർക്ക് സാമ്പത്തികസഹായം ബഥനിയിലൂടെ നൽകുവാനും ഡാനിയേൽ അച്ചനാൽ സാധിച്ചു. ഡാനിയേൽ അച്ചൻ നമ്മെ പഠിപ്പിച്ച നല്ല കാര്യങ്ങൾ ഇനി നമ്മുടെ ജീവിതത്തിലൂടെ തുടർന്നു കൊണ്ടുപോകാം. സ്വർഗ്ഗത്തിലിരുന്ന് ബഥനിക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിക്കട്ടെ.

ബഥനിയുടെ പുരോഹിതാ, സമാധാനത്തോടെ വസിച്ചാലും!

പുതുവത്സര ആശംസകളോടെ,
ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.

# യേശുവിനെ പിന്തുടരുന്ന സമർപ്പിത ജീവിതം



ഫാ. മത്തായി കടവിൽ ഒ.ഐ.സി.
സുപ്പീര്യർ ജനറൽ

'യേശുവിനോടൊപ്പമുള്ള യാത്ര' 16-ാമത് സാധാരണ സിനഡിന്റെ പശ്ചാത്തലത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നു. സഭാവിജ്ഞാനീയത്തെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ സൂന്നഹദോസ് അവതരിപ്പിച്ച സഭാദർശനത്തിന്റെ തുടർച്ചയായിട്ടാണ് ദൈവശാസ്ത്രജ്ഞർ ഇതിനെ വിശദീകരിക്കുന്നത്. സഭയെന്ന് പറയുന്നത് വിശ്വാസികളുടെ സമൂഹമാണ്, കൂട്ടായ്മയാണ്... തുടങ്ങിയ സഭാദർശനങ്ങളുടെ പശ്ചാത്തലത്തിൽ മാർപ്പാപ്പായും മെത്രാന്മാരും സമർപ്പിതരും വൈദികരും വിശ്വാസികളും ഒരുമിച്ച് യേശുവിന്റെ പ്രേഷിതയാത്ര തുടരുന്നുവെന്ന ആദർശം ഇതിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നു.

ഫ്രാൻസിസ് മാർപാപ്പായുടെ കടന്നുവരവോടെ സഭയുടെ സിനഡാത്മക സ്വഭാവത്തെക്കുറിച്ചുള്ള ചിന്തകൾക്ക് ഗതി വേഗം ലഭിച്ചിരിക്കുകയാണ്. 2013 മാർച്ച് 13-ാം തീയതി മാർപാപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് നടത്തിയ പ്രഭാഷണത്തിൽ ഒരുമിച്ചുള്ള യാത്രയെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. വിശ്വാസി സമൂഹം മുഴുവൻ ഒന്നു ചേർന്ന് സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും അനുഭവത്തിൽ യേശു സഭയെ ഏല്പിച്ച യാത്ര തുടരാമെന്ന് തന്നെ കാണാൻ റോമിലെ വി.പത്രോസിന്റെ ദേവാലയാങ്കണത്തിൽ കാത്തുനിന്ന ജനസമൂഹത്തോട് അദ്ദേഹം പറഞ്ഞു. മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നത് യേശുവിനോട് ചേർന്ന് സഞ്ചരിക്കുന്ന മെത്രാന്മാരും വൈദികരും സമർപ്പിതരും വിശ്വാസി സമൂഹവും അടങ്ങുന്ന സഭാകൂട്ടായ്മയായിരിക്കണമെന്ന് അദ്ദേഹം ആവർത്തിച്ച് വിശദമാക്കിയിട്ടുണ്ട്. ഈ യാത്രയിൽ ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും ലിംഗത്തിന്റെയും അധികാരത്തിന്റെയും സമ്പത്തിന്റെയും അറിവിന്റെയും... പേരിലുള്ള വേർതിരിവുകളില്ലാതെ സകലരെയും പങ്കാളികളാക്കുവാൻ മാർപാപ്പ ആഹ്വാനം ചെയ്യുന്നു. ഈ പ്രത്യേക പശ്ചാത്തലത്തിൽ സംവാദത്തിന്റെയും സമന്വയത്തിന്റെയും വഴികളിലൂടെ പരസ്പരം കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനും സഹായകമായ വിധത്തിൽ സഭയുടെ വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെയും ഈ ചർച്ചകളുടെ ക്രോഡീകരണത്തിലൂടെയും 2023-ലെ 16-ാമത് സാധാരണ സിനഡിന് മാർപ്പാപ്പ സഭയെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

സമർപ്പിതവിളി യേശുവിനെ അനുധാവനം ചെയ്യുന്നതിനുള്ള വിളിയാണ്. "എന്നെ അനുഗമിക്കുക; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" (മത്താ 4:19) എന്ന ആഹ്വാനത്തോടെയാണ് യേശു അപ്പസ്തോലന്മാരെ തന്നിലേക്ക് കൂട്ടിച്ചേർത്തത്. തന്റെ ശിഷ്യഗണത്തോട് ചേരാൻ താല്പര്യപ്പെട്ടവരോട് യേശു പറഞ്ഞു: "എന്നെ അനുഗമിക്കുവാൻ

ആഗ്രഹിക്കുന്നവർ സ്വയം ത്യജിച്ച് തന്റെ കുരിശും എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (മർക്കോ 8:34). ശിഷ്യന്മാരുടെ നേതൃത്വത്തിലേക്ക് പത്രോസിനെ പുനഃസ്ഥാപിക്കുന്ന യേശു മറ്റ് അപ്പസ്തോലന്മാരുടെ സാന്നിദ്ധ്യത്തിൽ "ഇവരേക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? " എന്ന് മൂന്നാവർത്തി ചോദിക്കുകയും തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കാനുള്ള ചുമതലകൾ ഏല്പിക്കുകയും ചെയ്തശേഷം "എന്നെ അനുഗമിക്കുക" എന്നു പറഞ്ഞ് കൂടെ നിർത്തി (യോഹ 21:19). അപ്പസ്തോലരെ വിളിച്ചപ്പോഴും, പരിശീലിപ്പിച്ചപ്പോഴും പുതിയ നിയോഗങ്ങൾ ഏല്പ്പിച്ചപ്പോഴും ഞാൻ കാണിച്ചുതന്ന, വഴികളിലൂടെ യാത്ര ചെയ്യാനാണ് യേശു അപ്പസ്തോലരോട് ആവശ്യപ്പെട്ടത്. യേശുവിന്റെ വഴി തേടുന്ന തോമസ് അപ്പസ്തോലനോട് യേശു പറഞ്ഞു: "ഞാൻ വഴിയും സത്യവും ജീവനും ആകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ 14:6). മിശിഹാനുകരണ വഴിയിൽ യേശുവിനെ അനുധാവനം ചെയ്യുന്നതിനായി സ്വയം സമർപ്പിച്ച ബഥാന്യരെല്ലാവരും സഭയോടും സമൂഹത്തോടും ചേർന്ന് ഈ യാത്രയെ ശക്തിപ്പെടുത്താൻ കടപ്പെട്ടിരിക്കുന്നു.

**ഡാനിയേൽ കടകംപള്ളിലച്ചന് ആദരാഞ്ജലി**

2021 ഡിസംബർ 15-ാം തീയതി നമ്മുടെ സമൂഹാംഗമായ ഡാനിയേൽ കടകംപള്ളിലച്ചൻ മിശിഹാനുകരണ വഴിയിലൂടെ യാത്ര ചെയ്ത് നിത്യജീവനിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. യേശു വഴിയിൽ നമ്മുടെ സഹയാത്രികനായിരുന്ന ദാനിയേലച്ചൻ ബഥനിക്ക് ഒരനുഗ്രഹമായിരുന്നു. അച്ചന്റെ സന്ന്യാസവഴികളെ ദീപ്തമാക്കിയ ചില സമീപനങ്ങൾ അനുകരണീയമായി തോന്നുന്നു.

ഒന്നാമതായി, ബഥനിയിലെ സമൂഹജീവിതം ഹൃദ്യമായി ആസ്വദിക്കുകയും ആഘോഷിക്കുകയും ചെയ്ത ഒരു വ്യക്തിയായിരുന്നു ദാനിയേലച്ചൻ. സന്തോഷത്തോടെ പുഞ്ചിരിക്കുന്ന മുഖവുമായി എല്ലാവരെയും അഭിവാദനം ചെയ്യാനുള്ള കഴിവ് ശ്രേഷ്ഠമാണ്. ഏതെങ്കിലും വിധത്തിൽ പ്രയാസപ്പെടുകയോ നിരാശപ്പെടുകയോ ചെയ്യുന്നവരെ ആശ്വസിപ്പിക്കുന്നതിനും സന്തോഷത്തോടെ പ്രോത്സാഹിപ്പിക്കുന്നതിനും അച്ചൻ ശ്രമിച്ചിരുന്നു. സമൂഹാംഗങ്ങളുടെയിടയിൽ മാത്രമല്ല, സഹപ്രവർത്തകരായ വൈദികരെയും സമർപ്പിതരെയും വിശ്വാസി സമൂഹത്തെയും സന്തോഷപൂർവ്വം തന്നിലേക്ക് ആകർഷിക്കുവാനും സഭാശുശ്രൂഷകളിൽ എല്ലാവരെയും പങ്കാളികളാക്കുന്നതിനും ഡാനിയേലച്ചൻ ശ്രമിച്ചിരുന്നു. നിഷേധാത്മക ചിന്തകളെയും പ്രവർത്തനങ്ങളെയും ക്രിയാത്മകമായി പരിവർത്തനം ചെയ്യുന്നതിനുള്ള അച്ചന്റെ കഴിവ് സമൂഹജീവിതത്തിന് എന്നും ശക്തി പകരുന്ന അനുഭവമായിരുന്നു. അച്ചനെക്കുറിച്ച് വിമർശനങ്ങൾ ഉണ്ടായ ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നു. അതിനോടൊന്നും പ്രതികരിക്കാതെ  വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ അദ്ദേഹം ശ്രമിച്ചു.

രണ്ടാമതായി, സമൂഹത്തിന്റെ നേതൃത്വശുശ്രൂഷയിൽ അച്ചൻ നിസ്തുലങ്ങളായ സംഭാവനകൾ നൽകിയിട്ടുണ്ട്. ബഥനി സമൂഹത്തിന്റെ പ്രൊക്യുറേറ്റർ ജനറലായി എട്ടുവർഷം അച്ചൻ ശുശ്രൂഷ ചെയ്തു. ഇക്കാലയളവിൽ സമൂഹത്തിലെ മിഷൻ പ്രദേശങ്ങളിലെ ആശ്രമ നിർമ്മാണമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. ബത്തേരി, കല്ലാർ ആശ്രമങ്ങളുടെ നിർമ്മാണം അച്ചന്റെ നേതൃത്വത്തിലാണ് നടന്നത്.

സഭയുടെ ഹയരാർക്കി സംവിധാനത്തിന് പുറത്ത് മിഷനുകൾ വളർന്നുവന്ന കാലഘട്ടത്തിലെ പ്രൊക്യുറേറ്റർ ജനറൽ എന്ന നിലയിൽ സമൂഹത്തിന്റെ സാമ്പത്തിക പരിമിതികൾക്ക് നടുവിലും ഭേദപ്പെട്ട സംവിധാനങ്ങൾ ഒരുക്കുന്നതിന് അച്ചൻ നേതൃത്വം വഹിച്ചു. സമൂഹം വിദേശസഹായത്തിൽ മാത്രം നിൽക്കാതെ പ്രാദേശികമായി വരുമാനം കണ്ടെത്താൻ സഹായകമാം വിധത്തിൽ ആശ്രമ വസ്തുക്കളുടെ വിനിയോഗത്തിലും സമൂഹത്തിന് സ്ഥിരവരുമാനം ഉണ്ടാകത്തക്ക വിധത്തിൽ എസ്റ്റേറ്റ് വാങ്ങിക്കുന്നതിലും അച്ചൻ പുലർത്തിയ ജാഗ്രത എടുത്തു പറയേണ്ടതാണ്. നേതൃത്വരംഗത്തെ ശുശ്രൂഷയെ അനുസ്മരിക്കുമ്പോൾ വിവിധ ആശ്രമങ്ങളിൽ അച്ചൻ നടത്തിയ ശുശ്രൂഷയും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. ഏകദേശം 18 വർഷത്തോളം രണ്ടു ദയറാകൾ (നാലാഞ്ചിറ, മേക്കോണം) ഉൾപ്പെടെ വിവിധ ആശ്രമങ്ങളിൽ സുപ്പീര്യർ സ്ഥാനം വഹിച്ച ഡാനിയേലച്ചൻ ഓരോ ആശ്രമങ്ങളെയും സ്വയം പര്യാപ്തമാക്കാൻ ഏറെ ശ്രമിച്ചു.

മൂന്നാമതായി, അജപാലനരംഗത്ത് ദാനിയേലച്ചൻ നല്കിയ സംഭാവനകളും നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. പൗലോസ് മാർ പീലക്സിനോസ് തിരുമേനി പുനരൈക്യപ്പെട്ട അവസരത്തിൽ പിതാവിന്റെ സെക്രട്ടറിയും തൊഴിയൂർ പ്രദേശത്തെ മിഷനറിയുമായിട്ടായിരുന്നു അച്ചന്റെ പ്രഥമ നിയോഗം. തുടർന്ന് ബോംബെയിലെ അന്ധേരി ഈസ്റ്റിൽ പുതിയതായി വാങ്ങിയ ഫ്ളാറ്റിൽ താമസിച്ചുകൊണ്ട് പ്രവാസികളുടെയിടയിലെ ശുശ്രൂഷയിലേക്കും അച്ചൻ നിയോഗിക്കപ്പെട്ടു. ഇന്നത്തെ ബത്തേരി, മൂവാറ്റുപുഴ, മാവേലിക്കര രൂപതകളിലെയും തിരുവല്ല അതിരൂപതയിലെയും പരമ്പരാഗത ഇടവകകളിൽ ശുശ്രൂഷ ചെയ്തതോടൊപ്പം തിരുവനന്തപുരം അതിരൂപതയിലെയും പാറശ്ശാല, മാർത്താണ്ഡം രൂപതകളിലെയും പരിവർത്തിത ക്രൈസ്തവരുടെയിടയിലും അച്ചൻ അജപാലന ശുശ്രൂഷകൾ നിർവ്വഹിച്ചു. തികച്ചും വ്യത്യസ്തമായ സാമൂഹിക, സാംസ്കാരിക ചുറ്റുപാടുകളിൽ അനായാസം വിശ്വാസി സമൂഹവുമായി ഇടപഴകുവാൻ അച്ചൻ കാണിച്ച ശുഷ്കാന്തി പ്രശംസനീയമാണ്. ദേവാലയ കേന്ദ്രീകൃത ശുശ്രൂഷകളുടെയും ഇടവകയിലെ നിരവധിയയ പ്രവർത്തനങ്ങളുടെ സംഘാടനത്തിനുമപ്പുറം പ്രാർത്ഥന കൂട്ടായ്മകളിലൂടെയും ഭവനസന്ദർശനങ്ങളിലൂടെയുമാണ് അച്ചൻ വിശ്വാസി സമൂഹത്തെ ഉണർത്തിയിരുന്നത്. രൂപതാ നേതൃത്വങ്ങളുമായി ചേർന്ന് സഭയിലെ വിവിധ സംഘടനകളുടെ യൂണിറ്റുകൾ ഇടവകകളിൽ രൂപീകരിച്ച് നടത്തിയിരുന്ന പ്രവർത്തന ശൈലിയും എടുത്തു പറയേണ്ടതാണ്.

നാലാമതായി, വിദ്യാഭ്യാസമേഖലയിലെ ഡാനിയേലച്ചന്റെ ശുശ്രൂഷകളാണ്. അച്ചൻ ഒരു അധ്യാപകനായിരുന്നില്ല; എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിലും അതിന്റെ നടത്തിപ്പിലും ഏറെ ശ്രദ്ധ പുലർത്തി. നാലാഞ്ചിറയിലെ യൂത്ത് ഹോസ്റ്റൽ, കോളേജ് എന്നിവകളുടെ നിർമ്മാണം നാലാഞ്ചിറ ദയറായുടെ സുപ്പീരിയറായി അച്ചൻ പ്രവർത്തിച്ച കാലഘട്ടത്തിലായിരുന്നു. നാലാഞ്ചിറ ബഥനി കോളേജ്, നെടുമങ്ങാട് ഐ.റ്റി.സി, തമിഴ് നാട്ടിലുള്ള വേങ്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന ബഥനി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കറസ്പോണ്ടന്റ് തുടങ്ങിയ ചുമതലകൾ വഹിച്ച ഡാനിയേലച്ചൻ ഈ സ്ഥാപനങ്ങളുടെ ചിട്ടയായ നടത്തിപ്പിൽ ഏറെ ശ്രദ്ധിച്ചു. സമൂഹത്തിന്റെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രയോജനം മിഷനുകളിൽ നിന്നുള്ള കുട്ടികൾക്ക് സംലഭ്യമാക്കുന്നതിനും നല്ല വിദ്യാഭ്യാസത്തിലൂടെ അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അച്ചന് കഴിഞ്ഞു. കറ്റാനം ഹോസ്റ്റൽ വാർഡനായും

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലക്കാരനായും പ്രവർത്തിച്ച ഡാനിയേലച്ചൻ വിദ്യാർത്ഥികളുമായുള്ള വ്യക്തിപരമായ അടുപ്പത്തിലൂടെയും ബന്ധങ്ങളിലൂടെയും അനേകർക്ക് വഴികാട്ടിയായിരുന്നു.

ദൈവത്തിന്റെ വിളി സ്വീകരിച്ച് സന്ന്യാസവഴിയിലൂടെ യാത്ര ചെയ്ത ഡാനിയേൽ അച്ചന് ഓരോ സമയത്തും ഓരോ പ്രദേശത്തും വ്യത്യസ്ഥനിയോഗങ്ങളാണ് ലഭിച്ചത്. ഇതെല്ലാം യേശുവിനെ അനുധാവനം ചെയ്യുകയെന്ന ഏകബിന്ദുവിൽ കേന്ദ്രീകരിക്കുന്നതിന് അച്ചൻ ശ്രമിച്ചു. ബഥനിയുടെ മിശിഹാനുകരണ വഴിയിൽ സമൂഹത്തോടും സഭയോടും ചേർന്നു നടന്ന ഡാനിയേൽ കടകംപള്ളിലച്ചന്റെ സമർപ്പണജീവിതത്തിന്റെ മുമ്പിൽ ഹൃദ്യമായ ആദരാഞ്ജലികൾ.

**പട്ടത്വ സ്വീകരണം**

2022 ജനുവരി 4-ാം തീയതി ബഹു.ഡേവിഡ് ചരുവിളയിൽ ശെമ്മാശൻ വൈദിക പദവിയിലേക്ക് ഉയർത്തപ്പെടുകയാണ്. നീണ്ട 12 വർഷത്തെ നിഷ്ക്കർഷമായ പരിശീലനത്തിലൂടെ തന്റെ വിളിയുടെ സവിശേഷതകൾ മനസ്സിലാക്കി ബഥനിയുടെ മിശിഹാനുകരണ വഴിയിലേക്ക്, പുതിയ കർമ്മമണ്ഡലങ്ങളിലേക്ക് അച്ചൻ പ്രവേശിക്കുകയാണ്. യേശുവിനോടും സഭയോടും സമൂഹത്തോടും ചേർന്ന് പ്രവർത്തിക്കുന്നതിനും തന്റെ വാക്കുകളിലൂടെയും ജീവിതത്തിലൂടെയും അനേകരെ സഭയുടെ പ്രേഷിത ശുശ്രൂഷയിലേക്ക് ആനയിക്കുവാനുമുള്ള ദൈവീകകൃപയുടെ അഭിഷേകം തിരുപ്പട്ടത്തിലൂടെ കൈവരട്ടെയെന്ന് പ്രാർത്ഥിക്കാം.

പൗരോഹിത്യപദവിയിലേക്ക് പ്രവേശിക്കുന്ന ഡേവിഡ് ശെമ്മാശന്റെ കുടുംബാംഗങ്ങളെയും ഇടവകകൂട്ടായ്മയെയും നന്ദിപൂർവ്വം സ്മരിക്കുന്നു. അവരുടെ പ്രാർത്ഥനകളും പ്രോത്സാഹനങ്ങളും പരിശീലന വഴിയിൽ ശെമ്മാശനെ ബലപ്പെടുത്തിയിട്ടുണ്ട്. സന്ന്യാസവൈദികപരിശീലകരും പരിശീലനത്തിൽ ഉൾച്ചേർന്ന മറ്റ് വൈദികാർത്ഥികളുടെയും സംഭാവനകൾ പട്ടസ്വീകരണത്തിന്റെയും പുത്തൻ കുർബ്ബാനയുടെയും അവസരത്തിലെ വായ്ത്താരകളായി പലപ്പോഴും ഒതുങ്ങിപ്പോകുന്നു. ദൈവവിളി പ്രോത്സാഹനത്തിലെയും പരിപോഷണത്തിലെയും കണ്ണികളായി വർത്തിക്കുന്ന ഓരോരുത്തരെയും നന്ദിപൂർവ്വം സ്മരിക്കുന്നതോടൊപ്പം നമ്മൾ വഹിക്കുന്നതും വഹിക്കേണ്ടതുമായ കടമകളെക്കുറിച്ച് പരിചിന്തനം ചെയ്യുന്നതിനുള്ള ഒരവസരം കൂടിയാണിത്.

**ദൈവവിളി**

ബഥനി സമൂഹത്തിലേക്കുള്ള ദൈവവിളിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുവാനുള്ള അവസരം കൂടിയാണിത്. സന്ന്യാസജീവിത സഹായിയിൽ 'വിളിയെയും പ്രതിഷ്ഠയെയും' കുറിച്ച് പ്രതിപാദിക്കുന്നിടത്ത് പറയുന്ന രണ്ടു ചിന്തകൾ ഈ അവസരത്തിൽ പ്രസക്തമായി തോന്നുന്നു.

"ഒരർത്ഥത്തിൽ സന്ന്യാസജീവിതം നയിക്കുന്നതിനുള്ള വിളി എല്ലാവർക്കുമുണ്ട്. പിതാവായ ദൈവത്തിന് യാഗവും വഴിപാടുമായി നമ്മുടെ കർത്താവ് നയിച്ചിട്ടുള്ളതും ഇപ്പോൾ നയിക്കുന്നതുമായ ജീവിതത്തിൽ പങ്കുകൊള്ളുന്നതിനും ആ വിധം ജീവിക്കുന്നതിനുമുള്ള വിളിയും ഒരവസരവും ഏവർക്കും നൽകപ്പെടുന്നു. എന്നാൽ ഈ വിളി കേൾക്കുന്നതിനും സ്വീകരിക്കുന്നതിനും പ്രത്യേക കൃപാവരം ആവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ 'അതിനെ

സ്വീകരിപ്പാൻ കഴിവുള്ളവർ സ്വീകരിക്കട്ടെ.' നീ പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. തദനന്തരം വന്ന് 'എന്നെ അനുഗമിക്കുക.' എന്നാൽ ഇത് ആർക്കു നൽകപ്പെടുന്നുവോ അവനല്ലാതെ ഈ വചനം എല്ലാവർക്കും സ്വീകരിപ്പാൻ കഴിവില്ല എന്നിങ്ങനെ നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നു'' (സന്ന്യാസജീവിതസഹായി, 1980, പേജ് 101).

"സന്ന്യാസജീവിതത്തിന് ആരെയും നിർബന്ധിച്ചുകൂടാ. അർത്ഥി സ്വമനസ്സാലെ വരണം. സന്ന്യാസപരമായ സാമൂഹ്യജീവിതത്തിനുള്ള ഒരുക്കം പലപടികളിലായി ദീർഘനാളത്തേക്കുണ്ട്. അങ്ങനെയുള്ള ഒരുക്കത്തിന്റെയും അതിസൂക്ഷ്മമായ ശോധനയുടെയും ഫലമായിട്ടല്ലാതെ ഒരാൾ സന്ന്യാസപ്രതിഷ്ഠ ആകുന്ന വലിയ ബഹുമതി പ്രാപിപ്പാൻ യോഗ്യനാകുന്നില്ല'' (സന്ന്യാസജീവിതസഹായി, 1980, പേജ് 102).

യേശുവിനെ അനുധാവനം ചെയ്യുവാൻ മാമ്മോദീസാ സ്വീകരിച്ച ഓരോരുത്തരെയും ദൈവം വിളിക്കുന്നുണ്ട്. ഇത് ഓർമ്മിപ്പിക്കുവാനും നമ്മുടെ ജീവിതത്തിലൂടെ ഇതിലേക്ക് ആകർഷിക്കുവാനും നമ്മുക്ക് കടമയും ഉത്തരവാദിത്വമുണ്ട്. വിശ്വാസി സമൂഹവുമായുള്ള ഇടപെടലുകളിലൂടെ 'യേശുവഴി' തെരഞ്ഞെടുക്കുവാനുള്ള പ്രചോദനം നൽകുവാൻ നമുക്ക് കഴിയണം. എന്നാൽ ഇത് നിർബന്ധപൂർവ്വമാകാതിരിക്കാനുള്ള ജാഗ്രത പുലർത്തുകയും വേണം. ഡാനിയേലച്ചന്റെ സ്വർഗ്ഗീയ യാത്രയുടെ അവസരവും, ഡേവിഡ് ശെമ്മാശന്റെ പൗരോഹിത്യ പ്രവേശനവും നമ്മുടെ ദൈവവിളിയെക്കുറിച്ചും സമൂഹത്തിന്റെയും സഭയുടെയും ദൈവികനിയോഗത്തെക്കുറിച്ചും ധ്യാനപൂർവ്വം ആത്മപരിശോധന ചെയ്യുന്നതിനുള്ള അവസരമാകട്ടെ. ■



# ദാവീദിന്റെ ദഹനബലി



**ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.**
പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജ്യോതി പ്രൊവിൻസ്

"ദാവീദ് പറഞ്ഞു: ഇല്ല, വിലയ്ക്കു മാത്രമേ ഞാനിതു വാങ്ങു. എനിക്ക് ഒരു ചെലവുമില്ലാത്ത ദഹനബലി എന്റെ ദൈവമായ കർത്താവിനു ഞാൻ അർപ്പിക്കുകയില്ല" (2 സാമുവൽ 24:24).


ദാവീദിലെ മിശിഹാ, പാപപരിഹാര ബലി അർപ്പിക്കുന്ന പുരോഹിതനാണ്. യേശുവിലെ മിശിഹാ പാപപരിഹാര ബലിയുടെ പരമകോടിയാണ്. ജനത്തിന്റെയും തന്റെതന്നെയും പാപങ്ങൾക്കുവേണ്ടി ദാവീദ് രാജാവ് പൗരോഹിത്യത്തിന്റെ പരിവേഷമണിഞ്ഞ് ദഹനബലിയർപ്പിക്കുന്നു. ജനസംഖ്യ അറിയാൻ കണക്കെടുത്ത ദാവീദിന്റെ കണക്കുകൾ തെറ്റിച്ച് ദൈവം കോപിച്ചു; മഹാമാരി അയച്ച് ശിക്ഷിച്ചു. ശിക്ഷയിൽനിന്നുള്ള മോചനത്തിനു ദഹനബലി അർപ്പിക്കാൻ വേണ്ട സ്ഥലവും സാമാഗ്രികളും ദാനമായി നൽകാൻ പ്രജയും കർഷകനുമായ അരവ്നാ തയ്യാറായി. "അവൻ (*ദാവീദ് രാജാവിനോട്*) ചോദിച്ചു: പ്രഭോ ഇങ്ങോട്ടു എഴുന്നുള്ളിയതെന്തിന്? ദാവീദ് പറഞ്ഞു: മഹാമാരി ജനത്തിൽനിന്നകലേണ്ടതിന് കർത്താവിന് ഒരു ബലിപീഠം പണിയാൻ നിന്റെ മെതിക്കളം വാങ്ങുവാൻതന്നെ. അരവ്നാ ദാവീദിനോടു പറഞ്ഞു: യജമാനനേ, അങ്ങ് ആഗ്രഹിക്കുന്നതെന്തും ബലിയർപ്പിച്ചാലും. ബലിപീഠത്തിലർപ്പിക്കേണ്ടതിന് ഇതാ കാളകൾ, വിറകിന് ഇതാ മെതിവണ്ടികളും നുകങ്ങളും. രാജാവേ, അരവ്നാ ഇതെല്ലാം രാജാവിനു തരുന്നു. അവൻ തുടർന്നു: അങ്ങയുടെ ദൈവമായ കർത്താവ് അങ്ങിൽ സംപ്രീതനാകട്ടെ! ദാവീദ് അരവ്നായോടു പറഞ്ഞു: ഇല്ല വിലയക്കു മാത്രമേ ഞാനിതു വാങ്ങു. എനിക്ക് ഒരു ചെലവുമില്ലാത്ത ദഹനബലി എന്റെ ദൈവമായ കർത്താവിനു ഞാനർപ്പിക്കുകയില്ല. അങ്ങനെ ദാവീദ് അൻപതു ഷെക്കൽ വെള്ളി കൊടുത്ത് കളവും കാളകളും വാങ്ങി. അവിടെ ബലിപീഠം പണിത് ദാവീദ് കർത്താവിനു ദഹനബലികളും സമാധാന ബലികളും അർപ്പിച്ചു. കർത്താവ് ദാവീദിന്റെ പ്രാർത്ഥന കേട്ടു. ഇസ്രായേലിൽനിന്നു മഹാമാരി വിട്ടുപോയി" (2 സാമുവൽ 24:21-25).

ദാവീദിന്റെ മിശിഹാ ദൗത്യം (Messianic role) പൂർണ്ണതയിൽ എത്തുന്നത് രാജത്വവും പ്രവാചകത്വവും കടന്ന് പൗരോഹിത്യത്തിലൂടെയാണ്. ഈ മിശിഹാ മോചനദ്രവ്യം കൊടുത്തു വാങ്ങിയ മെതിക്കളത്തിലാണ് ബലിപീഠം പണിത് ദഹനബലി അർപ്പിക്കുന്നത്. യേശുവാകുന്ന മിശിഹാ പറയുന്നു: "മനുഷ്യ പുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രെ" (മർക്കോസ് 10:45). ശുശ്രൂഷാ പൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കൻ ഡേവിഡ് ചരുവിളയിൽ ഒ.ഐ.സി.യ്ക്കു തന്റെ പൗരോഹിത്യ ജീവിതത്തിന്റെ മെതിക്കളം ബലിപീഠമാക്കിത്തീർക്കുവാൻ സാധിക്കട്ടെ! തനിക്ക് ഒരു ചേതവും ചെലവുമില്ലാത്ത ദനഹബലിയല്ല, സ്വജീവൻതന്നെ മോചനദ്രവ്യമായി നൽകി പാപപരിഹാരത്തിന്റെയും സമാധാനത്തിന്റെയും ദഹനബലിയിലൂടെ തന്റെ മിശിഹാനുകരണം സാക്ഷാത്ക്കരിക്കപ്പെടട്ടെ!

**ഫാ. ദാലിയേൽ കടകംപള്ളിൽ ഒ.ഐ.സി. യ്ക്ക് സ്മരണാഞ്ജലി**

ഫാ. ദാനിയേൽ കടകംപള്ളിൽ ഒ.ഐ.സി. തന്റെ പൗരോഹിത്യ ജീവിതത്തിന്റെ ആദ്യ നാളുകളിൽ ബഥനി നവജ്യോതി പ്രൊവിൻസിന്റെ കീഴിലുള്ള അനേകം മലങ്കര കത്തോലിക്കാ ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. പ്രത്യേകിച്ചും 1994 കാലഘട്ടത്തിൽ ബത്തേരി രൂപതയിലെ ഇടവകകൾ ബഹു. ദാനിയേൽ കടംപള്ളിയിലച്ചന്റെ ശുശ്രൂഷ വഴി ഒരു പുതിയ ചൈതന്യവും കരുത്തും നേടിയതായി രൂപതവൈദികരും ആശ്രമവൈദികരും ഒരുപോലെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 1998 ലെ ജനറൽ സിനാക്സിസ് സമ്മേളനം പ്രൊക്യുറേറ്റർ ജനറൽ സ്ഥാനത്തേക്ക് അദ്ദേഹത്തെ തിരഞ്ഞെടുത്തു. ഈ അവസരത്തിൽ ബത്തേരി, കല്ലാർ ബഥനി ആശ്രമങ്ങളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തു. സ്വതസിദ്ധമായ നേതൃത്വപാടവും ശുശ്രൂഷാജീവിതത്തിലുള്ള ഊർജ്ജസ്വലതയും കൈമുതലായ അദ്ദേഹം മലങ്കരസഭയെയും വിശിഷ്യ ബഥനി ആശ്രമത്തെയും ശുശ്രൂഷിച്ചു കടന്നുപോയി. പ്രവാചക തീക്ഷ്ണതയാൽ കത്തിജ്വലിച്ച് ഇടവക ജനങ്ങളെ ദൈവസാന്നിദ്ധ്യത്തിലേക്കുയർത്തുവാൻ അദ്ദേഹം നടത്തിയ എളിയ പരിശ്രമങ്ങൾ ദൈവസന്നിധിയിൽ സ്വീകാര്യമായിത്തീരട്ടെ. സന്ന്യാസജീവിതത്തിൽ നിന്നും നേടിയെടുത്ത ദൈവീകകൃപകളാൽ ശുശ്രൂഷാജീവിതത്തിലുടനീളം ദൈവസാന്നിദ്ധ്യത്തിന്റെ നീർച്ചാലുകൾ ഒഴുക്കി അനേകർക്ക് താങ്ങും തണലുമായിരുന്ന വന്ദ്യ വൈദികന് ബഥനി നവജ്യോതി പ്രൊവിൻസിന്റെ പ്രണാമം.

■



# പുരോഹിതാ, ദൈവമാണ് നിന്റെ അവകാശവും ഓഹരിയും



**ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.**
പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രോവിൻസ്

കർത്താവായ യേശുമിശിഹാ തന്റെ മൗതിക ശരീരമായ തിരുസഭയിലൂടെ ലോകാന്ത്യത്തോളം തുടരുന്ന രക്ഷാകര സംഭവത്തിന്റെ ആനുകാലിക തുടർച്ചയ്ക്കുള്ള ദൈവം ബഥനിക്കായി നൽകുന്ന നവവൈദികൻ, പ്രിയപ്പെട്ട ഡേവിഡ് ചരുവിളയിലച്ചാ, അനേകർക്കായി ദൈവീക ജീവൻ പകർന്നു നൽകാൻ വിശുദ്ധ അൾത്താര കാത്തിരിക്കുന്നു. നിന്നെ പോറ്റി വളർത്തി - സംരക്ഷിച്ച് - മാറോടു ചേർത്ത ബഥനി ആശ്രമത്തിലൂടെ, അനേകർക്കു മോചനദ്രവ്യമാകാൻ ദൈവം നിന്നെ ക്ഷണിക്കുന്നു.

തിരുസഭയെ സംബന്ധിച്ചിടത്തോളം ഓരോ പൗരോഹിത്യ സ്വീകരണവേളയും സന്തോഷത്തിന്റെയും അതിലുപരി ദൈവാനുഗ്രഹത്തിന്റെയും സുന്ദര നിമിഷങ്ങളാണ്. ക്രിസ്തീയ വിശ്വാസ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ് പുരോഹിതൻ. ഇടയനായ മിശിഹായുടെ അധികാരത്തിലും ദൗത്യത്തിലുമുള്ള പങ്കുചേരലാണ് ഓരോ പുരോഹിതനിലൂടെയും ദൈവം ആഗ്രഹിക്കുന്നത്.

ദൈവജനത്തിന്റെ മാർഗ്ഗദർശിയാണ് ഓരോ പുരോഹിതനും. "ഒരു വൈദികനനെയും ഒരു മാലാഖയെയും ഒന്നിച്ചു കണ്ടാൽ വൈദികനായിരിക്കും ആദ്യം ഞാൻ സ്വസ്തി പറയുക. കാരണം, മാലാഖ ദൈവത്തിന്റെ മിത്രം മാത്രമാണ്. വൈദികനോ, ദൈവത്തിന്റെ പ്രതിനിധിയും." പുരോഹിതന്മാരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ വാക്കുകളാണിത്.


തന്റെ ജനത്തിന്റെ മേലുള്ള ദൈവകരുണയുടെയും സനേഹത്തിന്റെയും അടയാളമായ പുരോഹിതൻ, ദുഃഖത്തിലും സന്തോഷത്തിലും ഉയർച്ചയിലും താഴ്ചയിലും, ഒരുവിന്റെ ജനനം മുതൽ മരണം വരെ ദൈവജനത്തോടൊപ്പം, മുൻപിൽ നടന്ന്, ദൈവകരുണയുടെ സുവിശേഷം വാക്കിലും പ്രവർത്തിയിലും പരിപോഷിപ്പിക്കേണ്ടവനാണ്. മുമ്പിലായിരിക്കുക എന്നർത്ഥം വരുന്ന ഇംഗ്ലീഷിലെ priest എന്ന പദം രൂപം കൊണ്ടത്, ലത്തീൻ ഭാഷയിലെ prae, esse എന്നീ ധാതുക്കളിൽ നിന്നാണ് (prae = before = മുമ്പിൽ, esse = to be = ആയിരിക്കുക).

പ്രത്യേകമായ ദൈവിക നടത്തിപ്പിന്റെ ഭാഗമായി, സഭാശുശ്രൂഷക്കായി പരിശുദ്ധാത്മാവിന്റെ പ്രത്യേക ദാനത്താലാണ് ഓരോ പുരോഹിതനും അഭിഷേകം ചെയ്യപ്പെടുന്നത്. പൗരോഹിത്യ സ്വീകരണത്തിലൂടെ വിശ്വാസികളുടെ ശുശ്രൂഷയ്ക്കായി ഒരുവന് വിശുദ്ധമായ അധികാരം നൽപ്പെടുന്നു. ഈ ശുശ്രൂഷാധികാരത്തിൻ കീഴിൽ പൗരോഹിത്യം സ്വീകരിക്കുന്നവർ, ദൈവത്തിനുവേണ്ടി സേവനം ചെയ്യുന്നത് പ്രബോധനത്തിലൂടെയും (പ്രബോധന ധർമ്മം), ദൈവാരാധനയിലൂടെയും (ആരാധനാ ധർമ്മം), അജപാലനത്തിലൂടെയും (അജപാലന ധർമ്മം) ആണ്" (സഭയുടെ മതബോധന ഗ്രന്ഥം, നമ്പർ 1592).

ദീർഘകാലത്തെ പ്രാർത്ഥനയ്ക്കും ധ്യാനത്തിനും പഠനത്തിനും പരിത്യാഗത്തിനും കാത്തിരിപ്പിനുമൊടുവിൽ തിരുപ്പട്ട സ്വീകരണത്തിനായി കടന്നുവരുന്ന ബഥനിയുടെ യുവവൈദികൻ ഡേവിഡ് ചരുവിളയിലച്ചന് ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ. ഈ കാലഘട്ടത്തോടു സുവിശേഷം പ്രസംഗിക്കാൻ കൈവയ്പ്പു ശുശ്രൂഷയിലൂടെ പൗരോഹിത്യ പദവിയിലേക്കു പ്രവേശിക്കുന്ന പ്രിയപ്പെട്ട ഡേവിഡച്ചാ, അഭിനന്ദനങ്ങൾ. സന്ന്യാസപൗരോഹിത്യജീവിതം ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ, ക്രിസ്തു സാക്ഷ്യത്തിനനുസൃതമായ ജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക കൃപാവരങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

ദൈവജനത്തിനുവേണ്ടിയുള്ള അങ്ങയുടെ ശുശ്രൂഷ വിശുദ്ധമായ ഒരധികാരമാണ്. സഭയുടെ പ്രബോധനങ്ങൾ, ധാർമ്മിക നിയമനങ്ങൾ, വചനത്തിന്റെ അന്തഃസത്ത ഇവയിൽ മായം ചേർക്കാതെ, അതെ - അതെ എന്നും അല്ല - എന്നും പഠിപ്പിക്കുവാൻ പരിശുദ്ധാത്മാവിന്റെ കൃപാവരം അങ്ങയോടുകൂടെ ജീവിതാന്ത്യത്തോളം ഉണ്ടായിരിക്കട്ടെ എന്നാശംസിക്കുന്നു.

ഒരു പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല മറിച്ച് ശുശ്രൂഷിക്കുവാനും ഏവരെയും ഹൃദയത്തോടു ചേർത്തു നിർത്താനുമാഗ്രഹിച്ച യേശുവിന്റെ ഹൃദയസ്പന്ദനം അനുഭവിച്ചറിയുന്നതിനും വേണ്ടിയാണ്. ഒരു ബഥനി സന്ന്യാസ വൈദികനെന്ന നിലയിൽ അങ്ങയുടെ കർമ്മ മണ്ഡലങ്ങളിൽ നിറഞ്ഞു നിൽക്കേണ്ട ബഥാനിയൻ വൈദിക ശുശ്രൂഷാശൈലി - ആടുകളുടെ മണമുള്ള നല്ല ഇടയനടുത്ത ജീവിത മാതൃക - ദൈവകരുണയ്ക്കും ദൈവീക ഇടപെടലിനുമായി കാത്തിരിക്കുന്ന അനേകരുടെ ആത്മരക്ഷയ്ക്ക് കാരണമാകട്ടെ. ദൈവം കനിഞ്ഞു നൽകിയ ആത്മീയ പിതൃത്വത്തിന്റെ അനന്തസാധ്യതകൾ, പ്രതീക്ഷയോടെയും വിശുദ്ധിയോടെയും വ്യാപരിക്കാൻ വിളിച്ചു വേർതിരിച്ചവൻ, എന്നെന്നും കൂടെയുണ്ടാവട്ടെ എന്ന പ്രാർത്ഥന. അങ്ങർപ്പിക്കുന്ന ആദ്യ ബലിപീഠത്തിന്റെ അൾത്താരയിൽ അങ്ങയുടെ എല്ലാ നിയോഗങ്ങളോടുമൊപ്പം സ്നേഹപൂർവ്വം ഒരു പ്രാർത്ഥനാ നൈവേദ്യമായി കാഴ്ചവയ്ക്കുന്നു. ■



# ബലിപീഠത്തിനോട് ചേർന്നു നിന്ന്



**ഡീക്കൻ ഡേവിഡ് ചരുവിളയിൽ ഒ.ഐ.സി**

“കർത്താവ് അരുളിച്ചെയ്യുന്നതു ഞാൻ കേട്ടു: ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ എന്നെ അയച്ചാലും!” (ഏശയ്യാ 6:8)

ശിഷ്യത്വം സ്വീകരിക്കുന്ന ഓരോ വ്യക്തികളും അയയ്ക്കപ്പെടുന്നവർക്ക് തുല്യരാണ്. ബാഹ്യമായ കണ്ണുകൾക്ക് കാണുവാനോ, ചെവികൾക്ക് കേൾക്കുവാനോ കഴിയാത്തതായ ദൈവീകമായ കാര്യങ്ങൾ അനേകർക്കു പകർന്നു കൊടുക്കുവാൻ ഇന്ന് എന്നെയും നിന്നെയും ദൈവം അയയ്ക്കുന്നു. ആ വിളിക്ക് പ്രത്യുത്തരമായി സമർപ്പണജീവിതത്തിലൂടെ ശുശ്രൂഷാ മനോഭാവത്തോടുകൂടെ ക്രിസ്തുപാഠ്യങ്ങൾ പഠിച്ച് അപരന് ക്രിസ്തുസാന്നിദ്ധ്യമാകുവാനാണ് ഓരോ അയയ്ക്കപ്പെട്ടവന്റെയും ദൗത്യം. ഈ ഒരു ദൗത്യം ഏറ്റെടുത്തുകൊണ്ട് എന്നെ സഹായിച്ച അനേകരെ ബലിപീഠത്തോടു ചേർത്ത് പ്രാർത്ഥിക്കുവാനും അവർക്ക് നന്ദി പ്രകാശിപ്പിക്കുവാനും ഞാൻ ബാദ്ധ്യസ്ഥനാണ്.

ഏകാശ്രയം പ്രാർത്ഥനയാണെന്നും ജീവിതാനുഭവങ്ങൾ പാഠങ്ങൾ ആകണമെന്നും... ഈ ഭൂമിയിൽ ജന്മം നൽകി കൈപിടിച്ചു നടത്തിയ അപ്പനും അമ്മയ്ക്കും ജ്യേഷ്ഠസഹോദരന്മാർക്കും ബന്ധുമിത്രാദികൾക്കും ഒരായിരം നന്ദി.

ആദ്യമായി ദിവ്യകാരുണ്യനാഥന് എനിക്കു നൽകിയ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റോം മെത്രാപ്പോലീത്തായും അതിനായി എന്നെ ഒരുക്കിയ വിൻസെൻഷ്യൽ കോൺവെന്റിലെ എല്ലാ സിസ്റ്റേഴ്സിനെയും പ്രത്യേകിച്ച് സി.ദീപയെയും നന്ദിയോടെ ഓർക്കുന്നു. ക്രിസ്തുവിനെ മാർഗ്ഗദീപമായി കാണിച്ചു തരികയും പഠിപ്പിക്കുകയും അനുഭവസാക്ഷ്യമായി... ഒരു മാതൃകയായി എനിക്കു പകർന്നുതന്ന എല്ലാ മതാദ്ധ്യാപകരെയും ഗുരുക്കന്മാരെയും സന്തോഷത്തിലും ദുഃഖത്തിലും കൂടെ ആയിരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എന്റെ എല്ലാ സുഹൃത്തുക്കൾക്കും ഒരായിരം നന്ദി. പ്രത്യേകമാംവിധം എന്റെ സഹപാഠികളായിരുന്ന റിജിൽ, ജോബിൻ, കിഷോർ, അനീഷ് എന്നിവരെയും പ്രത്യേകമായി ഓർക്കുന്നു.

സെന്റ് മേരീസ് മലങ്കര കത്തോലിക്കാ തുവയ്യൂർ വെസ്റ്റ് ഇടവകയിലെ എല്ലാ പൂർവ്വ വികാരിമാരെയും ശുശ്രൂഷ നടത്തിയ എല്ലാ സിസ്റ്റേഴ്സിനെയും പ്രത്യേകിച്ച് ഈ ഇടവകയിലെ അച്ചന്മാരെയും സിസ്റ്റേഴ്സിനെയും ബലിപീഠത്തോടു ചേർത്ത് പ്രാർത്ഥിക്കുന്നു.

അയോഗ്യതകളെ യോഗ്യതകളാക്കുകയും കുറവുകളെ നിറവുകളാക്കുകയും ചെയ്യുന്ന സർവ്വശക്തനായ ദൈവത്തിന്റെ പാദാന്തികത്തിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. സന്ന്യാസസമർപ്പണത്തിനും ശുശ്രൂഷാപൗരോഹിത്യത്തിനും എന്നെ വിളിച്ച ദൈവം ബഥനി ആശ്രമ ചൈതന്യത്തിലേക്ക് ചേർത്തു പിടിച്ചു. എന്റെ ആഗ്രഹത്തെ പ്രോത്സാഹിപ്പിക്കുകയും

അനുഗ്രഹിക്കുകയും ചെയ്ത ബഹു.വില്യം നെടുമ്പുറത്ത് ഒ.ഐ.സി. അച്ചനെയും നന്ദിയോടെ ഓർക്കുന്നു.

പ്രാർത്ഥനകൊണ്ടും പ്രോത്സാഹനംകൊണ്ടും എന്നെ വളർത്തി വലുതാക്കിയ തുവയ്യൂർ വെസ്റ്റ് ഇടവകാംഗങ്ങൾക്കും മുൻവികാരിമാർക്കും തുവയ്യൂർ ഈസ്റ്റ് ഇടവകയിലെ എല്ലാം ഇടവകാംഗങ്ങൾക്കും പ്രത്യേകമായി നന്ദി പറയുന്നു. തിരുവല്ലാ ബഥനി ദയറാ ആശ്രമത്തിലേക്കു സ്വീകരിച്ച അന്ന് പ്രൊവിൻഷ്യാളായിരുന്ന പെരിയ ബഹു.മത്തായി കടവിൽ ഒ.ഐ.സി.അച്ചനെയും ആശ്രമാദ്ധ്യക്ഷനായിരുന്ന ബഹു.ഫിലിപ്പ് വൈശ്യനേത്ത് അച്ചനെയും റെക്ടറായിരുന്ന ബഹു. ജോസഫ് ഫിലിപ്പ് അച്ചനെയും എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നുള്ള സന്യാസവൈദിക പരിശീലനത്തിൽ എന്റെ റെക്ടേഴ്സായിരുന്ന ബഹു.ജോസഫ് സിപ്രിയാൻ അച്ചനെയും, ബഹു.മാത്യു സി.അഗസ്റ്റിൻ അച്ചനെയും, ബഹു.തോമസ് പ്രശാന്ത് അച്ചനെയും, ബഹു.ഐസക് പാറയ്ക്കലച്ചനെയും, ബഹു.സിറിൽ ആനന്ദച്ചനെയും, ബഹു.മത്തായി ഐരാണത്തറ അച്ചനെയും, ബഹു.ജോർജ്ജ് അയ്യനേത്ത് അച്ചനെയും, ബഹു.മത്തായി കടവിൽ അച്ചനെയും, ബഹു.തോമസ് റെജി അച്ചനെയും ഏവരെയും നന്ദിയോടെ ഓർക്കുന്നു. വൈദികപരിശീലനത്തിന്റെ ഭാഗമായി ബി.വി.പി-യിലും, ജെ.ഡി.വി.യിലും എന്നെ പഠിപ്പിച്ച എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

ആത്മീയ പിതാക്കന്മാരായി എന്നെ വഴി നടത്തിയ ബഹു.ജേക്കബ് പെരുമ്പ്രാൽ അച്ചനെയും, ബഹു.ജോൺ ബോസ്കോ അച്ചനെയും, ബഹു. ഫിലിപ്പ് വൈശ്യനേത്ത് അച്ചനെയും, ബഹു.മാത്യു കാവുങ്കൽ എസ്.വി.ഡി. അച്ചനെയും, ബഹു.ഗീവർഗ്ഗീസ് കുറ്റിയിൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു.

ഡയക്കണേറ്റ് മിനിസ്ട്രിയുടെ ഭാഗമായി സെന്റ് മേരീസ് മലങ്കര കാത്തലിക് കല്ലുമ്പുറം ഇടവകയിലെ എല്ലാ കമ്മിറ്റി അംഗങ്ങളെയും ഇടവക അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

"കർത്താവ് നൽകിയ എല്ലാ അനുഗ്രഹങ്ങളും ഞാൻ എന്നേക്കും അവിടുത്തേക്ക് നന്ദി പറയും" (സങ്കീ.52:6).

ഇടവിടാതെയുള്ള പ്രാർത്ഥനകളിലും മധ്യസ്ഥതയിലും എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന എല്ലാവർക്കും വേർപിരിഞ്ഞുപോയ എല്ലാ പ്രിയപ്പെട്ടവർക്കും ഒരായിരം നന്ദി. തുടർന്നുള്ള ഓരോ പ്രാർത്ഥനകളിലും എന്നെയും ഓർക്കണമെന്ന് അപേക്ഷിക്കുന്നു.

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ!

"ദൈവമേ, എന്റെ ആയുസ്സിന്റെ അവസാനം വരെയും അങ്ങേ വിശ്വസ്തതയോടെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുവാൻ എന്നെ സഹായിക്കണമേ. അവസാനം തിരുക്കയ്യിൽ നിന്ന് ജീവന്റെ കിരീടം പ്രാപിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ"

(ദൈവദാസൻ മാർ ഈവാനിയോസ്)

■

# വിളിച്ചവൻ വിശ്വസ്തനാണ്

**പാപ്പച്ചൻ & ആനി പാപ്പച്ചൻ**
(ഡീക്കൻ ഡേവിഡ് ചരുവിളയിലിന്റെ മാതാപിതാക്കൾ)

"കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല" (സങ്കീ.23:1).

ഞങ്ങളുടെ മകൻ ഡീക്കൻ ഡേവിഡ് ചരുവിളയിലിനെ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്തു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. തന്റെ ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുചേരുവാൻ ദൈവം നൽകിയ അവസരത്തെ ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു.

പത്തനംതിട്ട ജില്ലയിൽ കടമ്മനാട് പഞ്ചായത്തിൽ പാപ്പച്ചന്റെയും ആനി പാപ്പച്ചന്റെയും മകനായി 1993 ഡിസംബർ മാസം 9-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ഇൻഫന്റ് ജീസസ് സ്കൂളിലും, സെന്റ് തോമസ് ഹൈസ്കൂളിലുമായി പൂർത്തീകരിച്ചു. എസ്.എസ്.എൽ.സി. പഠനത്തിനുശേഷം ഒരു വൈദികനായി തീരുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും അതിനനുസരിച്ച് ഇടവക വികാരിയായിരുന്ന ബഹു.ഗീവർഗ്ഗീസ് വൈദ്യനച്ചനെ അറിയിക്കുകയും അച്ചന്റെ എല്ലാ പ്രോത്സാഹനവും പിന്തുണയും ദൈവവിളിക്ക് പ്രചോദനം നൽകി. ബഥനി ആശ്രമത്തിൽ ചേരണമെന്നുള്ള തീവ്രമായ ആഗ്രഹം പൂവണിഞ്ഞത് ഇടവകയിലെ നിറസാന്നിദ്ധ്യമായിരുന്ന ബഹു.വില്യം നെടുമ്പുറത്ത് ഒ.ഐ.സി അച്ചനെ കണ്ടുമുട്ടിയതിനു ശേഷമായിരുന്നു. അങ്ങനെ എല്ലാവരെയും അനുഗ്രഹത്തോടുകൂടി ദൈവീകശുശ്രൂഷയ്ക്കായി 2009 ജൂൺമാസം 10-ാം തീയതി തിരുവല്ലാ ബഥനി ദയറായിൽ അംഗമായി.

വിളിച്ചവന് പ്രത്യുത്തരം നൽകുകയും ഇടയന് അടുത്ത ജീവിതവും സന്ന്യാസജീവിതവും അഭ്യസിക്കുകവാനും പരിശീലിപ്പിക്കപ്പെടുവാനും ദൈവം ഞങ്ങളുടെ മകനെ ഒരുക്കി. വിളിച്ചവൻ വിശ്വസ്തനാകയാൽ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ഏതു പ്രതിസന്ധിഘട്ടങ്ങളിലും രക്ഷിക്കുകയും ഇടയനടുത്ത സ്ഥാനത്തുനിന്നും ഒരു കുറവുമില്ലാതെ അവനെ വളർത്തുകയും ചെയ്യും.

ചെറുപ്പം മുതൽ തന്നെ പള്ളിയോടും പട്ടക്കാരോടും താല്പര്യമുണ്ടായിരുന്നു. ഇരുപത്തഞ്ച് നോമ്പ്, അമ്പതു നോമ്പ് എന്നീ ദിവസങ്ങളിൽ ദേവാലയത്തിൽ പോകുകയും പ്രത്യേകിച്ച് അൾത്താരബാലനായതിനുശേഷം മുടക്കം വരാതെ ദേവാലയത്തിൽ പോകുവാൻ ശ്രദ്ധിച്ചിരുന്നു. ദൈവാനുഗ്രഹത്തിന്റെ ഭാഗമായി തന്റെ ഈ വിളി നീണ്ട പതിന്നാലുവർഷത്തെ കാത്തിരിപ്പിനുശേഷം ദൈവം സമ്മാനം നൽകി. ബന്ധുമിത്രാദികളുടെയും സുഹൃത്തുക്കളുടെയും എല്ലാ ഇടവകാംഗങ്ങളുടെയും പ്രാർത്ഥനകൊണ്ടും ഞങ്ങളുടെ മകൻ പൗരോഹിത്യ പദവിയിലേക്ക് ദൈവം ചേർത്തു. പ്രാർത്ഥനകൊണ്ടും ശുശ്രൂഷകൊണ്ടും മകനെ വളർത്തുകയും പ്രത്യേകിച്ച് വിൻസെൻഷ്യൽ കോൺവെന്റിലെ എല്ലാ സിസ്റ്റേഴ്സിനെയും ഇടവകയിലെ ശുശ്രൂഷ ചെയ്യുന്ന എല്ലാ സിസ്റ്റേഴ്സിനെയും ബഥനി സിസ്റ്റേഴ്സിനെയും ഡി.എം. സിസ്റ്റേഴ്സിനെയും ഇടവക വൈദികരെയും ഏവർക്കും ഒരായിരം നന്ദി.

മകനെ പഠിപ്പിക്കുകയും വളർത്തുകയും പരിശീലിപ്പിക്കുകയും ചെയ്ത എല്ലാ ബഥനി വൈദികരെയും പ്രത്യേകമായി പ്രാർത്ഥനയിൽ ഓർക്കുന്നു. ദൈവാനുഗ്രഹംകൊണ്ടും പ്രാർത്ഥനകൊണ്ടും സ്വപ്നസാക്ഷാത്കാരമാണ് ഈ ദിനം. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമനസ്സിന്റെ തൃക്കയ്യാൽ ജനുവരി 4-ന് പൗരോഹിത്യപട്ടം സ്വീകരിക്കുന്നു.

ഈ ധന്യനിമിഷത്തിലേക്ക് പ്രാർത്ഥനകൊണ്ടും അനുഗ്രഹംകൊണ്ടും സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ■

# ആത്മനിർവൃതിയുടെ സുദിനം...



ഫാ. ജോർജ്ജ് കോട്ടപ്പുറം
(വികാരി)

ഓരോ മനുഷ്യനും തന്റെ ജീവിതത്തെ അത്ഭുതത്തോടെ നോക്കി കാണുന്ന ചില സന്ദർഭങ്ങളുണ്ട്. അപ്രതീക്ഷിതമായി അല്ലെങ്കിൽ ഏറെ നാളത്തെ ആത്മസമർപ്പണത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി ലഭിക്കുന്ന ഏതൊന്നിനും അതിന്റേതായ പുതുമയും സൗരഭ്യവും ഒക്കെയുണ്ട്. ജീവിതം ഒരു കുഞ്ഞു പൂമൊട്ടു പോലെയാണ്. ജീവിതയാത്രയുടെ ഓരോ ഘട്ടത്തിലും പതിയെ ഇതളുകൾ വിടർന്ന് ഏറെ മനോഹാരിതയുള്ള ഒരു പൂവായി വിടരുവാൻ മനുഷ്യമനസ്സ് പരിശ്രമിച്ചുകൊണ്ടേയി രിക്കും. ഈ നാൾവഴികളിൽ വളരുവാനാവശ്യമായ വെള്ളവും വളവും നൽകി അതിനെ പരിപോഷിപ്പിക്കുവാനും വളർത്തുവാനും അനേകം കരങ്ങൾ അറിഞ്ഞോ അറിയാതെയോ അവയെ പിന്തുടരും. ഏതൊരു വൈദികനെയും സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിൽ പ്രത്യാശയോടെ, ആഗ്രഹത്തോടെ പ്രാർത്ഥന യോടെയുള്ള കാത്തിരിപ്പിന്റെ മധുര വിരാമമാണ് പൗരോഹിത്യം. ക്രിസ്തീയ പൗരോഹിത്യം ആത്മസമർപ്പണത്തിന്റെയും സേവനത്തിന്റെയും പങ്കുവയ്ക്കലിന്റെയും ജീവിത വിശുദ്ധിയുടെയും അനുഭവമാണ്. നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുമ്പോൾ നിറകണ്ണുകളോടെയല്ലാതെ എങ്ങനെ ദൈവസന്നിധിയിൽ നിൽക്കാൻ കഴിയും?

അത്യാധുനികതയുടെ ഈ കാലഘട്ടത്തിൽ ഇന്നും ലോകത്തിന്റെ പല ഭാഗത്ത് സഭയും ക്രിസ്തുവും നിന്ദനമേറ്റുകൊണ്ടിരിക്കുമ്പോൾ, തന്റെ സഭയ്ക്ക് കാവലാളന്മാരായി അനേകരെ ആ നസ്രായൻ തന്റെ സ്നേഹമാകുന്ന വിരുന്നിൽ പങ്കാളികളാകുവാൻ വിളിച്ച് അടുപ്പി ക്കുന്നു. തന്റെ ജനത്തിനുവേണ്ടി പരിശുദ്ധ മദ്ബഹായിൽ ബലി അർപ്പകനും ബലി വസ്തുവുമായി തീർന്നുകൊണ്ട് ആ മഹാപുരോഹിതന്റെ സ്നേഹത്തണലിൽ ജീവിതം സമർപ്പിക്കുവാൻ ഓരോ പുരോഹിതനും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇതൊരു തെരഞ്ഞെടുപ്പാണ്. കാരണം, തിരുവചനം ഇപ്രകാരം സൂക്ഷിക്കുന്നു "നിങ്ങളെന്നെ തെരഞ്ഞെടുക്കുകയല്ല. ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ 15:16). അവന്റെ വിളിക്ക് പ്രത്യുത്തരമായി "നാഥാ എന്നെ അയച്ചാലും" എന്ന മറുപടി നൽകിയവർക്ക് അവൻ കരുതിവച്ച സമ്മാനമാണ് പൗരോഹിത്യം. പൗരോഹിത്യം ഒരു വ്യക്തിയുടെ മേൽ ഉള്ള ദൈവത്തിന്റെ കയ്യൊപ്പ് ആണ്.

മാലാഖമാർപോലും ഉറ്റുനോക്കുവാൻ വാഞ്ചിക്കുന്ന അവർണ്ണനീയമായ പരിശുദ്ധ സ്ഥലത്ത് ശുശ്രൂഷ ചെയ്യുവാൻ ലഭിച്ച ദൈവകൃപയിൽ ശരണപ്പെട്ടുകൊണ്ട്, വിളിച്ചടുപ്പിച്ചവനോട് വിശ്വസ്തതയുള്ള ദാസനായി, ജീവനും ജീവിതവും ആ നല്ല നാഥന്റെ പാദാന്തികത്തിൽ സമർ പ്പിച്ച് ഒരു പുതിയ തുടക്കം. പുരോഹിതന് അനേക ദൗത്യങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ഋഗ്വേദത്തിന്റെ ആരംഭത്തിൽ തന്നെ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നത് നാം കാണുന്നു: ഓം


അഗ്നിമീളേ പുരോഹിതം... യജ്ഞസ്വദേവമൃത്വിജമ്... ഹോതാരം രത്ന ധാതാമമ്.... (പുരോഹിതനും യജ്ഞത്തിന്റെ ദേവനും ഋതുക്കൾക്ക് കാരണ ഭൂതനും മഹാദാനിയും രത്നനിർമ്മാതാവും അഗ്രണിയായ നായകനും ഞാൻ സ്തുതി ചെയ്യുന്നു). കാൽവരിക്കുന്നിന്റെ നെറുകയിൽ സ്വയം ബലിവസ്തുവും ബലിയർപ്പകനുമായി മാറിയ ക്രിസ്തു പൗരോഹിത്യത്തിന് പുതിയ മാനങ്ങൾ നൽകി.

തനിക്ക് ഇഷ്ടമുള്ളവരെ അവൻ വിളിച്ചു ചേർക്കുന്ന ഈ ഭാഗ്യത്തിനായി ഞങ്ങളുടെ പ്രിയപ്പെട്ട ഡീക്കൻ ഡേവിഡ് വിളിക്കപ്പെട്ടിരിക്കുമ്പോൾ ഇടവകകുടുംബത്തെ സംബന്ധിച്ചിടത്തോളം ഇത് ഏറെ അനുഗ്രഹത്തിന്റെയും അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും പ്രാർത്ഥനയുടെയും നിമിഷങ്ങളാണ്. ഇടവക മക്കൾ ഒന്നാകെ ഞങ്ങളുടെ ഈ പ്രിയ മകന്റെ സന്തോഷത്തിൽ പ്രാർത്ഥനയോടു പങ്കുചേരുന്നു. മുന്നോട്ടുള്ള വീഥികളിൽ കാലിടറാതെ സർവ്വശക്തനായ ദൈവം വഴി നടത്തട്ടെ. സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമേകുന്ന ഒരു പുരോഹിതനായി തീരുവാനുള്ള ദൈവകൃപക്കായി പ്രാർത്ഥിച്ചു കൊണ്ട് ഹൃദയം നിറഞ്ഞ ആശംസകൾ... ■

സന്ന്യാസജീവിതം യാഗപശുവിന്റേതു തന്നെ.
പല യാഗങ്ങൾ ഉള്ളതിൽ അതിശ്രേഷ്ഠമായത്
സർവ്വാംഗഹോമ യാഗമത്രേ. സർവ്വാംഗ ഹോമയാഗം
എല്ലാം ദൈവത്തിനുമാത്രമായി ഹോമിക്കപ്പെടുന്നു.
അതത്രെ സന്ന്യാസം.
സന്ന്യാസി യാഗപീഠത്തിന്മേൽ കിടന്നു
ഹോമിക്കപ്പെടുക തന്നെ വേണം.

ദൈവദാസൻ മാർ ഈവാനിയോസ്

# പൗരോഹിത്യം -
# മായ്ക്കാനാവാത്ത മുദ്രയുടെ അഭിഷേകം



**ഫാ.ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.**

സന്ന്യാസ-പൗരോഹിത്യവിളി മനുഷ്യന് ലഭിക്കുന്നത് ഒരു അവകാശമായിട്ടല്ല, മറിച്ച് ദൈവം മനുഷ്യന് നൽകുന്ന ഒരു വലിയ ദൈവിക ദാനമായിട്ടാണ്. ദൈവത്തിന്റെ പ്രത്യേകമായ ഒരു വിളിയും തെരഞ്ഞെടുപ്പുമാണ് പൗരോഹിത്യം. ഓരോ വിളിയോടും ചേർന്ന് ദൈവത്തിന്റെ ഒരു വലിയ സ്വപ്നം കൂടി സാക്ഷാത്കരിക്കപ്പെടുകയാണ്. വിളി ലഭിക്കുന്ന ഏതെങ്കിലും ഒരു വ്യക്തിയെ കുറിച്ച് മാത്രമുള്ള സ്വപ്നമല്ല മറിച്ച്, ദൈവത്തിന് തന്റെ ജനത്തെക്കുറിച്ചുള്ള ഒരു സ്വപ്നംകൂടി ദൈവത്തിന്റെ ഓരോ വിളിയോടും തെരഞ്ഞെടുപ്പിനോടും ചേർന്ന് നമുക്ക് കാണുവാൻ സാധിക്കും. അനേകർക്ക് അനുഗ്രഹമായി തീരുവാനുള്ളതാണ് ദൈവത്തിന്റെ വിളിയും, തെരഞ്ഞെടുപ്പും: "നിന്നിലൂടെ ഭൂമുഖത്തുള്ള വംശങ്ങളെല്ലാം അനുഗ്രഹീതമാകും" (ഉൽപ്പത്തി 12:3) എന്നാണ് അബ്രഹാത്തിന്റെ വിളിയിൽ നമ്മൾ കാണുന്നത്.

**ദൈവജനത്തിന്റെ നിലവിളിക്കുള്ള പ്രത്യുത്തരം**

ദൈവജനത്തിന്റെ നിലവിളിക്കുള്ള മറുപടിയായിട്ടെന്നവണ്ണമാണ് ദൈവത്തിന്റെ വിളിയെയും തെരഞ്ഞെടുപ്പിനെയും പറ്റി ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്നത്. "ഇതാ ഇസ്രായേൽ മക്കളുടെ നിലവിളി എന്റെ അടുക്കൽ എത്തിയിരിക്കുന്നു" (പുറ 3:9) എന്നാണ് മോശയെ വിളിക്കുമ്പോൾ ദൈവം അരുളിച്ചെയ്യുന്നത്. ഇസ്രായേൽ ജനത്തിന്റെ നിലവിളിക്കുള്ള പ്രത്യുത്തരമായിട്ടാണ് ദൈവം മോശയെ വിളിക്കുന്നതും, ഒരുക്കു ന്നതും, ശക്തിപ്പെടുത്തുന്നതും, പറഞ്ഞയയ്ക്കുന്നതും. ദൈവം മോശയെ വിളിച്ച് ഒരു നിയോഗം നൽകി പറഞ്ഞയയ്ക്കുകയല്ല, മറിച്ച് മോശയോടൊപ്പം യാത്ര ചെയ്യുന്നതും അവനെ ഒരുക്കി ബലപ്പെടുത്തുന്നതും, രക്ഷാകര ചരിത്രത്തിൽ നമ്മൾ കാണുന്നു. ദൈവത്തിന്റെ വിളി സ്വീകരിക്കുന്നവർക്ക്, അവരുടെ നിയോഗ പൂർത്തീകരണ ത്തിനായി ചില അടയാളങ്ങൾ കൂടി സാക്ഷ്യപത്രങ്ങളായി (Identification marks) നൽകിക്കൊണ്ടാണ് ദൈവം അവരെ പറഞ്ഞയയ്ക്കുന്നത്. അയയ്ക്കപ്പെടുന്നവർ തിരസ്കരിക്കപ്പെടാതിരി ക്കുവാൻ വേണ്ടിയുള്ള അടയാളങ്ങളാണ് ദൈവം അവർക്ക് നൽകുന്നത്. പഴയനിയമത്തിലും പുതിയ നിയമത്തിലും ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് നൽകുന്ന സാക്ഷ്യപത്രം "ഞാൻ നിന്റെ കൂടെയുണ്ട്" എന്ന ഉറപ്പാണ്. വിളിക്കപ്പെടുന്നവർക്ക് കിട്ടുന്ന ഈ 'ഉറപ്പാണ്' തങ്ങളുടെ നിയോഗ (mission) പൂർത്തീകരണത്തിന് ഒരുവനെ സഹായിക്കുന്നത്

**വിളിയും വിളിയിൽ അന്തർലീനമായ അസ്വസ്ഥതയും**

ദൈവത്തിന്റെ വിളി ലഭിക്കുമ്പോൾ ആദ്യം ഉണ്ടാകുന്ന അനുഭവം, മനസ്സിന്റെ ഒരു അസ്വ സ്ഥതയാണ്, "എന്നെയുംകൊണ്ട് ഇത് സാധിക്കുമോ? ഇത് എങ്ങനെ സംഭവിക്കും?" തുടങ്ങിയ

ചിന്തകളും ചോദ്യങ്ങളും വിളിക്കപ്പെട്ടവരുടെ മനസ്സുകളെ അസ്വസ്ഥമാക്കുന്നു. സ്വന്തം ബലഹീനതകളെയും പരിമിതികളെയും തിരിച്ചറിയുമ്പോൾ സ്വാഭാവികമായി മനുഷ്യരിലുണ്ടാകുന്ന പ്രതികരണമാണിത്. "ഞാൻ വാക്ചാതുരി ഉള്ളവനല്ല, സംസാരിക്കുമ്പോൾ നാവിന് തടസ്സമുള്ളവനാണ്, ഞാൻ ബാലനാണ്... തുടങ്ങിയ തടസ്സങ്ങൾ ഉന്നയിച്ച്, ദൈവത്തിന്റെ വിളിയിൽ നിന്നും കുതറി മാറുവാനുള്ള ശ്രമം ഈ അസ്വസ്ഥതയുടെ ബാഹ്യപ്രകടനങ്ങളാണ്. മനുഷ്യൻ തന്റെ ബലഹീനപ്രകൃതിയുടെയും നിസ്സഹായ അവസ്ഥയുടെയും മൂർദ്ധന്യത്തിൽ നിൽക്കുമ്പോൾ അറിയാതെ പറഞ്ഞുപോകും: "കർത്താവേ ദയവു ചെയ്ത് മറ്റാരെയെങ്കിലും അയയ്ക്കണമേ" (പുറ. 4:13) എന്ന്. ദൈവത്തിന്റെ തെരഞ്ഞെടുപ്പ് മനുഷ്യ ദൃഷ്ടിയിൽ കോർത്തിണക്കിയ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ലായെന്നുള്ളത് ദൈവം മനുഷ്യന് ബോധ്യമാക്കിക്കൊടുക്കുന്നു. "ഞാനാണ് നിന്നെ അയയ്ക്കുന്നത്, "സംസാരിക്കാൻ ഞാൻ നിന്നെ സഹായിക്കും" (പുറ 4:12), "നിന്റെ രക്ഷയ്ക്ക് നിന്നോടുകൂടെ ഞാനുണ്ട് (ജറ 1:8) തുടങ്ങിയ ദൈവവചനങ്ങളിലൂടെ ദൈവം മനുഷ്യനെ ശക്തിപ്പെടുത്തുകയും, മനുഷ്യന്റെ കഴിവുകളിലല്ല, ദൈവത്തിന്റെ അപരിമേയമായ ശക്തിയിൽ ആശ്രയിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട്, വിളിക്കപ്പെട്ടവരെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഈ വാക്കുകൾ അചഞ്ചലമായ ദൈവീക സാന്നിദ്ധ്യത്തിന്റെയും വിശ്വസ്തതയുടെയും അടയാളമായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈവം നൽകുന്നതാണ്. ഇതിലൂടെ രക്ഷാകര ചരിത്രം യാഥാർത്ഥ്യമാകുന്നത് 'ബലഹീനതകളിലൂടെ'യാണെന്ന് ദൈവം മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുകയാണ്.

**പൗരോഹിത്യത്തിന്റെ മുദ്ര**

എന്താണ് ക്രിസ്തീയ പൗരോഹിത്യത്തെ വേറിട്ടതാക്കുന്നത്? "ദൈവം എന്നിലേക്ക് നോക്കിയ നിമിഷത്തിന്റെ ആനന്ദം" ആയിട്ടാണ് പ.ഫ്രാൻസിസ് മാർപ്പാപ്പ സന്ന്യാസത്തിലേക്കും പൗരോഹിത്യത്തിലേക്കുമുള്ള ദൈവവിളിയെ വിശേഷിപ്പിക്കുന്നത്. യേശു തമ്പുരാൻ തന്റെ ശിഷ്യന്മാർക്ക് നൽകുന്ന പ്രത്യേകമായ വിളിയും, അതിനോടു ചേർന്നു ലഭിക്കുന്ന പരിശുദ്ധാത്മ അഭിഷേകവുമാണ്, പൗരോഹിത്യത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്. "The master's touch has made the difference". വിളിയും വിളിക്കപ്പെടുന്നവർക്ക് ലഭിക്കുന്ന ഗുരുവിന്റെ സ്പർശവുമാണ് ഒരു പുരോഹിതനെ വ്യത്യസ്തനാക്കുന്നത്. യേശുവാകുന്ന ഗുരുവിന്റെ ഈ സ്പർശം ലഭിക്കാത്തവർക്ക് പൗരോഹിത്യത്തിന്റെ പൂർണ്ണത അവകാശപ്പെടുവാനാവില്ല: "തന്നോടുകൂടി ആയിരിക്കുന്നതിനും, പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കുവാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു" (മർക്കോസ് 3:14-15). വിളിക്കപ്പെട്ടവർ ഗുരു സാന്നിദ്ധ്യത്തോട് ചേർന്ന് നടക്കുമ്പോൾ ലഭിക്കുന്ന അനുഭവമാണ് ഗുരുസ്പർശവും, പരിശുദ്ധാത്മാഭിഷേകവും. ഗുരു സ്പർശത്തിലൂടെയും പരിശുദ്ധാത്മാഭിഷേകത്തിലൂടെയുമാണ് വിളിക്കപ്പെട്ടവർ തങ്ങളുടെ വിളിയിൽ സ്ഥിരീകരിക്കപ്പെടുന്നതും, നിയോഗം ഏറ്റെടുക്കുവാൻ പ്രാപ്തരാകുന്നതും.

**മായ്ക്കാനാവാത്ത മുദ്ര** (Indelible Character)

പൗരോഹിത്യശുശ്രൂഷയിലേക്ക് കൈപിടിച്ചുയർത്തപ്പെടുന്നവർക്ക് ലഭിക്കുന്ന മുദ്ര മായ്ക്കാനാവാത്ത മുദ്രയുടെ അഭിഷേകമാണ്. അതുകൊണ്ടാണ് പറയുന്നത് "Once a cleric, always a cleric" ഈ മുദ്ര ആർക്കും മായ്ച്ച് കളയാവുന്നതോ എടുത്ത് മാറ്റാവുന്നതോ അല്ല,

സാധുവായ രീതിയിൽ പൗരോഹിത്യം (valid Ordination) സ്വീകരിച്ച ഒരു വ്യക്തി, പൗരോഹിത്യം ഉപേക്ഷിച്ച് പോയാലും, ഈ മുദ്രയിൽ നിന്നും വിമുക്തനാകുന്നില്ല. പൗരോഹിത്യത്തോട് ചേർന്നുള്ള അവകാശങ്ങളിൽ നിന്നും, കടമകളിൽ നിന്നും (Rights & Obligations of Priesthood) ഒരാൾക്ക് ഒഴിവ് (Dispensation) ലഭിച്ചാലും ഈ വ്യക്തിക്ക് ലഭിച്ചിട്ടുള്ള പൗരോഹിത്യത്തിന്റെ മുദ്രയിൽ നിന്നും ആർക്കും അദ്ദേഹത്തെ വിമുക്തനാക്കുവാൻ സാധിക്കുകയില്ല.

**ക്രിസ്തുവിന്റെ ദൗത്യം പുരോഹിതന്റെയും**

ക്രിസ്തുവിന്റെ ദൗത്യം (mission) അല്ലാതെ പുരോഹിതന് വേറൊരു ദൗത്യവും ഭരമേല്പിക്കപ്പെടുന്നില്ല. ക്രിസ്തുവിന്റെ ഈ ലോകത്തിലെ ദൗത്യം അതേപടി തുടരുവാനും പൂർത്തിയാക്കുവാനുമായിട്ടാണ് ഓരോ പുരോഹി തനും വിളിക്കപ്പെട്ടിരിക്കുന്നത്. രണ്ടാം വത്തിക്കാൻ സുന്നഹദോസ് വൈദികർക്കു വേണ്ടിയുള്ള ഡിക്രിയിൽ വ്യക്തമാക്കുന്നതുപോലെ, പുരോഹി തനും, പുരോഹിത ശുശ്രൂഷയും തമ്മിൽ ഒരു അന്തരം ഉണ്ടായിരിക്കരുത് (*Presbyterorum Ordinis,* 4-6). പുരോഹിതന്റെ വാക്കുകളും പ്രവൃത്തികളും തമ്മിൽ വൈരുദ്ധ്യം ഉണ്ടാകുവാൻ പാടില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. പുരോഹിതൻ തന്റെ ജനത്തെ നയിക്കുന്ന (Guiding) ഒരു യഥാർത്ഥ ഇടയനായും പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന (teaching) പ്രവാചക നായും, വിശുദ്ധീകരിക്കുന്നവനായും (sanctifying) മാറണം. “നിങ്ങളെ ഏല്പിച്ചിരിക്കുന്ന അജ ഗണത്തെ പരിപാലിക്കുവിൻ. അത് നിർബന്ധം മൂലം ആയിരിക്കരുത്, ദൈവത്തെപ്രതി സന്മനസ്സോടെ ആയിരിക്കണം. ലാഭേച്ഛയോടെ ആയിരിക്കരുത്. തീക്ഷ്ണതയോടെ ആയിരിക്കണം. അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്, സന്മാതൃക നൽകിക്കൊണ്ടായിരിക്കണം” (1 പത്രോ. 5:2-3). ക്രിസ്തുവിനെ കണ്ടെത്താൻ ദൈവജനത്തെ സഹായിക്കുന്നവനായി തന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ജീവിതശൈലിയിലൂടെയും ഒരു പുരോഹിതൻ മാറണം. “ഇടയൻ എപ്രകാരമാണോ അപ്രകാരമാണ് ആട്ടിൻപറ്റമെങ്കിൽ പുരോഹിതൻ എപ്രകാരമാണോ അപ്രകാരമായിരിക്കും വിശ്വാസിവൃന്ദവും. സ്വയം ബലിയായി സമർപ്പിക്കുന്ന വൈദികന്റെ നേതൃത്വമാണ് ഒരു ഇടവകയെ വിശുദ്ധിയിലേക്ക് നയിക്കുന്നത്. “എല്ലാം നിവൃത്തിയായി” എന്ന് കുരിശിൽ കിടന്നുകൊണ്ട് അവസാനമായി കർത്താവ് അരുളിച്ചെയ്തത് ഓരോ പുരോഹിതന്റെയും ജീവിതലക്ഷ്യമായി മാറണം. അതുവഴി ഓരോ പുരോഹിതനിലൂടെയും വിശ്വാസിഗണം വിശുദ്ധിയും മുക്തിമോക്ഷവും പ്രാപിക്കണം” (ഫുൾട്ടൺ ജെ. ഷീൻ).

**കാലഘട്ടത്തിന്റെ വെല്ലുവിളി**

“സുവിശേഷത്താൽ വെല്ലുവിളിക്കപ്പെടുന്ന തിനുള്ള ഒരു തുറവിയാണ്” ഈ വർത്തമാന കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത്. ദൈവജന ത്തിന് പ്രതീക്ഷയും പ്രത്യാശയും നല്കുന്നവരായി വിളിക്കപ്പെട്ടവർ മാറണം. തന്റെ കാലഘട്ടത്തോടു ചേർന്ന് ക്രിസ്തു ചോദ്യം ചെയ്ത പൗരോഹിത്യത്തിന്റെ വക്താക്കളെ അല്ല ആവശ്യം, ദൈവജനത്തിന് സ്വർഗ്ഗരാജ്യത്തിന്റെ മൂല്യങ്ങളെ പങ്കുവച്ച് നല്കുന്നവരെയാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. പരി.ഫ്രാൻസിസ് മാർ പാപ്പായും clericalism-ത്തിന്റെ ഭവിഷ്യത്തുകളെകുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട്. പുരോഹിതൻ സാധാരണക്കാരേക്കാൾ ശ്രേഷ്ഠരാണെന്നും അവരുടെ അധികാരം ചോദ്യം ചെയ്യാൻ പാടില്ല എന്നുമുള്ള ചിന്തയിൽ നിന്നാണ് ഈ അപകടം ഉണ്ടാകുന്നത്. ഒരു Privileged group ആയി

മാറി നിൽക്കുവാനുള്ളവരല്ല പുരോഹിതർ, ദൈവജനത്തോട് ചേർന്ന് നിൽക്കുവാനും, ദൈവജനത്തിന്റെ ആവശ്യങ്ങളോട് അനുഭാവപൂർവ്വം പങ്കുചേരുവാനും പുരോഹിതന് സാധിക്കണം. നൈമിഷികമായ ചില സുഖങ്ങളോട് ചേർന്നു നിൽക്കുന്നവനല്ല ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേരേണ്ടവനാണ് പുരോഹിതൻ (ഹെബ്രാ. 11:25).

മാനുഷികമുഖം നഷ്ടപ്പെടുത്തിക്കൊണ്ടല്ല ഒരാൾ പുരോഹിതനാകേണ്ടത്. മനുഷ്യനോട് ചേർന്ന് നടക്കുവാനുള്ള ആഗ്രഹമാണ് ക്രിസ്തു വിന്റെ മാനുഷികഭാവത്തിൽ നമ്മൾ കാണുന്നത്. അതുകൊണ്ടാണ് ദൈവം മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ചത്. എങ്കിൽ മറ്റുള്ളവർക്ക് സമീപസ്ഥനായിരിക്കുക, പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്തു നിർത്തുക, അവന്റെ നൊമ്പരങ്ങളിൽ ആശ്വാസം പകരുക തുടങ്ങിയവ പുരോഹിതന്റെ മാനുഷികഭാവങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ഒരു പുരോഹിതന്റെ കരങ്ങളിലും ഹൃദയത്തിലും യേശുവിനോടുള്ള സ്നേഹത്തിന്റെ ലിഖിത മുദ്രകൾ കാണുന്നുവെങ്കിൽ മാത്രമേ പുരോഹിതൻ എന്ന നിലയിലും സ്വയം ബലിയായവൻ എന്ന നിലയിലും ഒരു പുരോഹിതന്റെ നിയോഗം സഫലവും അനുഗ്രഹപൂർണ്ണവുമാകുന്നുള്ളു (ഫുൾട്ടൺ ജെ. ഷീൻ). ഇപ്രകാരം ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ ആഴപ്പെട്ട്, പരിശുദ്ധാത്മാഭിഷേകത്താൽ നിറഞ്ഞ് ഏൽപ്പിക്കപ്പെട്ട നിയോഗങ്ങളെ വിശ്വസ്തതയോടെ നിറവേറ്റുവാൻ ഓരോ പുരോഹിതനും തയ്യാറാകുമ്പോൾ ക്രിസ്തു ഇന്നും ജീവിക്കുന്നു എന്നു മാത്രമല്ല, പുരോഹിതൻ മറ്റൊരു ക്രിസ്തുവായി (alter Christus) ഈ ലോകത്തിൽ പുനർജ്ജനിക്കുകയും ചെയ്യുന്നു.

**വിജ്ഞാനോപരിസ്ഥനായ ദൈവമേ,
അവിടുന്ന് സ്നേഹിക്കുന്ന സത്യം അവിടുന്നു
തന്നെയാണല്ലോ. സത്യവിജ്ഞാനമാകുന്ന
പ്രഭകൊണ്ട് അവിടുന്ന് ലോകത്തെ
പ്രകാശിപ്പിക്കണമെ. അങ്ങേ കൂടുതലായി
അറിയുന്നതിനു ഞങ്ങളെ പഠിപ്പിക്കണമേ.
അത്യുൽകൃഷ്ടമായ ചിന്തയാൽ ഞങ്ങളുടെ
ഹൃദയങ്ങളെ നിറയ്ക്കണമേ.**

**ദൈവദാസൻ മാർ ഈവാനിയോസ്**

# ശുശ്രൂഷാ പൗരോഹിത്യം:
# എല്ലാവരുടെയും ശുശ്രൂഷകനും സഹായിയും ആയിത്തീരാനുള്ള വിളി



**ഫാ. തോമസ് റെജി പടിഞ്ഞാറ്റേമേലേതിൽ ഒ.ഐ.സി.**

*"അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ. 3:30).*

ശുശ്രൂഷാ പൗരോഹിത്യത്തിന്റെ അടിസ്ഥാനം എന്നു പറയുന്നത് രാജകീയ പൗരോഹിത്യത്തിലെ പങ്കാളിത്തമാണ്. വിശുദ്ധ പത്രോസ് എഴുതിയ ഒന്നാം ലേഖനം 2-ാം അദ്ധ്യായം 5-ാം വാക്യത്തിൽ വായിക്കുന്നു: "യേശുക്രിസ്തു വഴി ദൈവത്തിന് സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാവുകയും ചെയ്യട്ടെ." ഒരുവൻ മാമോദീസ എന്ന കൂദാശ സ്വീകരണത്തിലൂടെ യേശുവിന്റെ രാജകീയപൗരോഹിത്യത്തിൽ പങ്കാളിയായി തീരുകയാണ് ചെയ്യുന്നത്. അതുവഴി യേശുവിന്റെ ത്രിവിധ ദൗത്യത്തിൽ പങ്കുചേരുന്നു. മാമോദീസായിലൂടെ ഒരാൾ പ്രവാചകനായും പുരോഹിതനായും രാജാവ്/ ഇടയനായും തീരുന്നു. ഏറ്റവും പ്രധാനമായി ഒരുവൻ മാമോദീസായിലൂടെ ദൈവരാജ്യത്തിലെ അംഗമായിത്തീരുന്നു. ആത്യന്തികമായി ഒരുവൻ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്ന് യേശുവിനോട് ചേർന്നു പുതിയ സൃഷ്ടിയായി പരിണമിക്കുന്നു. അതിലൂടെ പുതിയ ഉത്തരവാദിത്തം സ്വയമായി ഏറ്റെടുക്കുന്നു. ഈ പുതിയ ഉത്തരവാദിത്തം എന്നു പറയുന്നത് താൻ അനുഭവിക്കുന്ന രക്ഷയുടെ ഫലങ്ങൾ സഹസൃഷ്ടികൾക്ക് സംലഭ്യമാക്കി കൊടുക്കുക എന്നുള്ളതാണ്.

വാക്കിലൂടെയും, പ്രവർത്തിയിലൂടെയും, അനുദിന ജീവിതത്തിലൂടെയും യേശുവിനു സാക്ഷ്യം നൽകി മറ്റുള്ളവരെ യേശുവിലേക്ക്, ദൈവരാജ്യത്തിലേക്ക് ആനയിക്കുകയാണ് പ്രവാചക ദൗത്യത്തിന്റെ ആത്യന്തികഭാവം. ഇപ്രകാരം യേശുവിലേക്ക്, ദൈവരാജ്യത്തിലേക്ക് കടന്നുവരുന്നവരെ പുരോഹിതനെന്ന നിലയിൽ വിശുദ്ധീകരിച്ചു ഒരു കൂട്ടായ്മയാക്കിത്തീർക്കുക. യേശുവിൽ വിശുദ്ധീകരിക്കപ്പെട്ട കൂട്ടത്തെ/കൂട്ടായ്മയെ ഇടയനെന്ന നിലയിൽ നേരായ പാതയിൽ സ്വച്ഛമായ മേച്ചിൽ പുറങ്ങളിലേക്ക് നയിക്കുകയും ചെയ്യുക. ഇങ്ങനെയാണ് ദൈവരാജ്യത്തിലെ അംഗമായിരിക്കുന്ന ഒരാൾ യേശുവിന്റെ ത്രിവിധദൗത്യങ്ങളിൽ പങ്കാളിയായിത്തീരുന്നത്.

ശുശ്രൂഷാ പൗരോഹിത്യം എന്നുപറയുന്നത്, എല്ലാവർക്കും എല്ലാമായിത്തീരാനുള്ള യേശുവിന്റെ മാതൃകയിലുള്ള പ്രത്യേകവിളിയാണ്. യേശുവിന്റെ പ്രവാചക, പൗരോഹിത്യ, രാജകീയ ദൗത്യത്തിലും പ്രത്യേകമായി ഉൾച്ചേരാനും സഭയുടെ കൗദാശിക ജീവിതത്തിൽ പ്രത്യേകമായി ഉൾച്ചേർന്നുകൊണ്ട് അതിനു നേതൃത്വം കൊടുക്കുവാനുള്ള ഒരു വിളിയാണ്. ഈ നേതൃത്വം ശുശ്രൂഷയുടെ നേതൃത്വമാണ്.

***

രോഗികൾക്കും, അടിച്ചമർത്തപ്പെട്ടവർക്കും, പാർശ്വവത്കരിക്കപ്പെട്ടവർക്കും അത്താണിയായിത്തീരാൻ, അവരോടൊന്നായികൊണ്ട് നമ്മുടെ സാന്നിദ്ധ്യത്തിലൂടെയും, സാമീപ്യത്തിലൂടെയും, അവരെ ബലം ധരിപ്പിച്ച്, ദൈവരാജ്യത്തിലെ അംഗങ്ങളാക്കി രക്ഷയുടെ അനുഭവത്തിലേക്കു കൊണ്ടുവരുവാനുള്ള ജീവിതക്രമമാണ് ശുശ്രൂഷാ പൗരോഹിത്യം.

ഗലാത്തിയർക്ക് എഴുതിയ ലേഖനം 2-ാം അദ്ധ്യായം 20-ാം വാക്യം ഇപ്രകാരം പറയുന്നു, "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹീകജീവിതം എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്." പാവപ്പെട്ടവർക്കും ആലംബഹീനർക്കും സമൂഹത്തിൽ തിരസ്കരിക്കപ്പെട്ടവർക്കും ആലംബം ആകുമ്പോൾ മനുഷ്യനെ വിശുദ്ധീകരണത്തിന്റെ പാതയിലൂടെ നയിക്കുമ്പോൾ, നഷ്ടപ്പെട്ടതിന്റെ പിന്നാലെ പോയി തേടികണ്ടെത്തുമ്പോൾ, നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ സാധിക്കാത്ത യേശുവിന്റെ ഉൾവിളിയുടെ പശ്ചാത്തലത്തിൽ യേശുവിനെ തന്നെയാണ് ശുശ്രൂഷിക്കുന്നതെന്നുള്ള തിരിച്ചറിവിൽ ഒരു പുരോഹിതൻ ഹോമയാഗമായിത്തീരുന്നു. ഹോമയാഗമായിതീർന്ന യേശു തന്നെയാണ് ഒരു പുരോഹിതന്റെ മാതൃക. യേശു, ഒരു പുരോഹിതനിൽ വാക്കിലും, പ്രവൃത്തിയിലും, ജീവിതം മുഴുവനിലും പ്രത്യക്ഷീഭവിക്കണം. യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകി, എളിമയുടെയും, ശുശ്രൂഷയുടെയും മാതൃകയായതുപോലെ ഓരോ പുരോഹിതനും മറ്റുള്ളവർക്ക് എളിമയുടെയും ശുശ്രൂഷയുടെയും മാതൃകയായിത്തീരണം. വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം 3-ാം അദ്ധ്യായം 20-ാം വാക്യത്തിൽ പറയുന്നതുപോലെ "അവൻ വളരുകയും ഞാൻ കുറയുകയും വേണം." വിശ്വാസികളുടെ ആത്മാവിനു സാന്ത്വനമാകുവാനും, പാപങ്ങൾക്ക് അതീതമായ ശുദ്ധി, ദിവ്യകവചമായി മനസ്സിലും ശരീരത്തിലും പേറുകയും, പാലിക്കുകയും, പുലർത്തുകയും ചെയ്യുവാൻ ഒരു പുരോഹിതന് കഴിയണം. ദൈവസ്നേഹത്തിൽ നിന്നും ഒരാൾപോലും അകലെയാകുന്നതിനോ, അകലത്താകുന്നതിനോ പുരോഹിതന്റെ ജീവിതം കാരണമാകരുത്. സ്നേഹം ലഭിക്കാത്തവർക്ക്, സ്നേഹം അനുഭവിക്കാത്തവർക്ക് അവൻ സ്നേഹമായിത്തീരണം. കരുതൽ ലഭിക്കാത്തവർക്ക് അവൻ കരുതലായിത്തീരണം. വിശക്കുന്നവന് അവൻ മുറിക്കപ്പെട്ട അപ്പമായിത്തീരണം.

സന്യാസ-പൗരോഹിത്യ ജീവിതത്തിലേക്കു കടക്കുന്ന ഡീക്കൻ ഡേവിഡിന് എല്ലാ ഭാവുകങ്ങളും, നന്മയും നേരുന്നു. നേരിന്റെ വഴിയിലൂടെ, നന്മയുടെ വഴിയിലൂടെ നടക്കുവാൻ ദൈവത്തിന്റെ ശക്തി, പരിശുദ്ധാത്മ ശക്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സന്യാസസമൂഹവും, ദൈവജനവും, ഒരു സന്യാസപുരോഹിതനിൽ നിന്നും ധാരാളം നന്മകൾ പ്രതീക്ഷിക്കുന്നുണ്ട്. ആ പ്രതീക്ഷകൾ ഫലദായകമായിത്തീരട്ടെ. ഒന്നും തിരികെ പ്രതീക്ഷിക്കാതെ, കൊടുക്കുവാനുള്ള ശക്തി, ദാനമായി ലഭിച്ചത് ദാനമായി കൊടുക്കുവാൻ സാധിക്കട്ടെയെന്നു ആശംസിക്കുന്നു.

സന്യാസ സമർപ്പണത്തിലെ പൂർണ്ണ ആത്മദാനം, സന്യാസ-പൗരോഹിത്യ ജീവിതത്തിലും സാധ്യമാകണം. സന്യാസികൾക്കു മാത്രം സാധിക്കുന്ന ധാരാളം കാര്യങ്ങൾ പൗരോഹിത്യ ജീവിതത്തിലും ഉണ്ട്. ആ ആത്മസമർപ്പണം, ഒന്നും തിരികെ പ്രതീക്ഷിക്കാതെ കൊടുക്കുവാനുള്ള മനോഭാവം, പാവപ്പെട്ടവന്റെ പക്ഷംചേരുന്ന മനോഭാവം സന്യാസ-പൗരോഹിത്യ ജീവിതത്തിലുണ്ടാകണം. തന്റെ ജനത്തിനുവേണ്ടി സ്വയം വ്യയം ചെയ്യുവാനുള്ള ശക്തി സമ്പൂർണ്ണ സന്യാസ-

പൗരോഹിത്യ സമർപ്പണത്തിന് ആവശ്യമാണ്. ആ ശക്തി ഒരുവന് പ്രാർത്ഥനയിലൂടെ മാത്രമെ സ്വാംശീകരിക്കാൻ സാധിക്കുകയുള്ളൂ. അവൻ പ്രാർത്ഥിക്കുന്നവനും, പ്രാർത്ഥനയുടെ മനുഷ്യനുമായിത്തീരണം, എല്ലാവർക്കും സമീപസ്ഥനാകണം. സന്യാസ-പൗരോഹിത്യ ജീവിതപന്ഥാവിലേക്ക് പ്രവേശിക്കുന്ന ഡീക്കൻ ഡേവിഡിന് പൂന ബഥനി ആശ്രമത്തിന്റെ, പഠനഗൃഹത്തിന്റെ ആശംസകൾ, പ്രാർത്ഥനകൾ.

മക്കൾ ദൈവത്തിന്റെ ദാനമാണ്. ഈ വലിയ ദാനത്തെ ബഥനി സന്യാസ സമൂഹത്തിനു നൽകിയ മാതാപിതാക്കളുടെ ത്യാഗത്തെ നന്ദിയോടെ ഓർക്കുന്നു. വെല്ലുവിളികൾ നിറഞ്ഞ ഈ ലോകത്തിൽ നിങ്ങളാണ് പൗരോഹിത്യ ജീവിതത്തിലെ താങ്ങും തണലും. നസ്രത്തിലെ തിരുക്കുടുംബത്തിലെ മാതാപിതാക്കളുടെതിനു സമാനമായ പ്രാർത്ഥനയും ത്യാഗവും ഓരോ വൈദികനും താങ്ങും തണലുമാകണം. വിശ്വാസജീവിതത്തിൽ കൈപിടിച്ചു നടത്തി, പ്രിയപ്പെട്ട ഡേവിഡ് ശെമ്മാശ്ശനെ ബഥനി സമൂഹത്തിനും, മലങ്കരകത്തോലിക്ക സഭയ്ക്കും ദാനമായി നൽകിയ മാതാപിതാക്കളുടെ മനസ്സിന്റെ ത്യാഗത്തെ ദൈവം അനുഗ്രഹിക്കട്ടെ. വിശ്വാസം പകർന്നു നൽകിയ ഗുരുഭൂതരെയും, ഇടവക സമൂഹത്തെയും, സഹോദരങ്ങളെയും ഓർക്കുന്നു. നിങ്ങൾ ലോകത്തിനു മുമ്പിൽ വലിയ മാതൃകകളായി വിരാജിക്കുമ്പോൾ, നിങ്ങളുടെ ഓരോ ജപമണിയും, ത്യാഗവും സന്യാസ-പൗരോഹിത്യ ജീവിതങ്ങളുടെ മാറ്റുരയ്ക്കുന്നതായി തീരുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഈ വിളിയുടെ അടിസ്ഥാനമെന്നു പറയുന്നത് ഉത്ഥിതനായ യേശു തമ്പുരാൻ തന്റെ ശിഷ്യസമൂഹത്തോട് അരുളിചെയ്യുന്ന വചനങ്ങളാണ്. അവൻ അവരോട് പറഞ്ഞു: "നിങ്ങൾ ലോകമെങ്ങും പോയി സർവ്വ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ, വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും" (മർക്കോസ് 16: 15-18). വിളഭൂമി കൊയ്ത്തിനു പാകമായി നിൽക്കുന്നു, പക്ഷേ വേലക്കാർ ചുരുക്കമാണ്. അതിനാലാണ് യേശു പറയുന്നത് വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാൻ. ഇടയനില്ലാത്ത ആടുകളെപ്പോലെയാണ് ജനസമൂഹം. ദൈവം തന്റെ ഏകജാതനെ ഭൂമിയിലേക്ക് അയച്ചത് ദൈവരാജ്യത്തിലേക്കുള്ള വഴികാട്ടിക്കൊടുക്കാനായിരുന്നു. ആ ദൈവരാജ്യത്തിലേക്കു ജനത്തെ അടുപ്പിക്കാൻ, യേശു തുടങ്ങിവച്ചരക്ഷാകരദൗത്യം തുടർന്നു കൊണ്ടുപോകാൻ വേലക്കാരെ ആവശ്യമായിട്ടുണ്ട് യേശുവിലൂടെ പ്രാപിച്ച രക്ഷ, അത് അനുഭവിക്കാത്തവർക്ക് അനുഭവവേദ്യമാകണം, സമീപസ്ഥമാക്കണം. വചനശുശ്രൂഷയിലൂടെ ജനത്തെ ദൈവരാജ്യത്തിലേക്ക് ക്ഷണിച്ച്, വിശുദ്ധീകരിച്ച്, സ്നേഹത്തിന്റെ കൂട്ടായ്മയായി രൂപാന്തരപ്പെടുത്തണം. അതാണ് യേശു കാണിച്ചുതന്ന ദൈവരാജ്യം. അതിന് തീക്ഷ്ണമായി തീവ്രമായി മാമോദീസായിലൂടെ ലഭിച്ച വിളിയോട് നാം പ്രത്യുത്തരിക്കണം.

"Seek not the favour of the multitude; it is seldom got by honest and lawful means. But seek the testimony of few; and number not the voices, but weigh them" - (Immanuel Kant).

സന്യാസ പൗരോഹിത്യ സ്വീകരണത്തിന്റെ പശ്ചാത്തലത്തിൽ ബഥനി ശബ്ദം പ്രത്യേക പതിപ്പിന്റെ വായനക്കാരുടെ ശ്രദ്ധ പ്രത്യേകമായി സന്യാസ - പൗരോഹിത്യ ജീവിതത്തിലേക്കുള്ള ദൈവവിളിയുടെ പ്രോത്സാഹനത്തിലേക്ക് ക്ഷണിക്കുന്നു. പ്രിയപ്പെട്ടവരെ നിങ്ങൾ ഈ ജീവിതത്തോട് കാണിക്കുന്ന പ്രതിബദ്ധത, ക്രിസ്തുവിന്റെ യഥാർത്ഥ കാര്യസ്ഥരാകാൻ നമ്മെ

പ്രോത്സാഹിപ്പിക്കട്ടെ. വിശുദ്ധ മത്തായി എഴുതിയ സുവിശേഷം 9-ാം അദ്ധ്യായം 37, 38 വാക്യങ്ങളിൽ വായിക്കുന്നു. "വിളവധികം, വേലക്കാരോ ചുരുക്കം. അതിനാൽ, തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ." യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത് ശിഷ്യന്മാരെ തെരഞ്ഞെടുത്തുകൊണ്ടാണ്. തന്നോടുകൂടി ആയിരിക്കുവാൻ, പിശാചുക്കളെ ബഹിഷ്കരിക്കാൻ, പാപങ്ങൾ മോചിക്കാൻ, എല്ലാവരോടും ജീവന്റെ സുവിശേഷം പ്രസംഗിക്കാൻ, എല്ലാവർക്കും എല്ലാമായിത്തീരാൻ വേണ്ടിയുള്ള വിളിയാണ് യേശുവിന്റെ ശിഷ്യത്വം എന്നുപറയുന്നത്. ചിലർ യേശുവിനെ പിൻതുടരാമെന്ന് പറഞ്ഞ് യേശുവിനെ സമീപിക്കുന്നു. അവരോട് ആകാശത്തിലെ പറവകളെ നോക്കാൻ പറഞ്ഞുകൊണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ലെന്ന് പറഞ്ഞുകൊണ്ട്, അവരെ പിൻതിരിപ്പിക്കുന്നു. വേറെ ചിലരോട് നീ എന്നെ അനുഗമിക്കുക എന്നു പറഞ്ഞുകൊണ്ട് തന്റെ ശിഷ്യസമൂഹത്തിൽ ചേർക്കുന്നു. അവരോട്, ലോകം മുഴുവൻ നേടിയാലും, നിന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം എന്നു ചോദിക്കുകയും, അവർ യേശുവിനെ തങ്ങളുടെ കുരിശും എടുത്തു അനുഗമിക്കുകയും ചെയ്യുന്നു.

ദൈവത്തോടുള്ള സ്നേഹം, നിന്നോടുള്ള സ്നേഹം, അയൽക്കാരനിലേക്ക്, ശുശ്രൂഷയിലേക്ക് , വിളഭൂമിയിലേക്ക് വേലക്കാരനായി നിന്നെ ഇറക്കിക്കൊണ്ട് വരണം. എല്ലാം ഉപേക്ഷിച്ച് യേശുവിനായി, വിളഭൂമിയിലേക്ക് ഇറങ്ങി ചെല്ലണം. ശിഷ്യന്റെ കുറവുകളെ നികത്തുന്ന ക്രിസ്തുവിൽ ആശ്രയിച്ചു മുന്നേറണം. ക്രിസ്തുവിനു വേണ്ടി, ദൈവജനത്തിന് വേണ്ടി, ഒരു പ്രവാചകനായി, ഒരു പുരോഹിതനായി, ഒരു ഇടയനായി, ഒന്നും തന്നെ ബാക്കിവയ്ക്കാതെ! അതിനായി വിളവിന്റെ നാഥനോടു നമുക്കു പ്രാർത്ഥിക്കാം, വിളഭൂവിലേക്ക് ധാരാളം വേലക്കാരെ വിളിക്കണമെന്ന്. സന്ന്യാസ ജീവിതത്തിലേക്കും, സന്ന്യാസപൗരോഹിത്യ ജീവിതത്തിലേക്കും നമ്മുടെ കുടുംബങ്ങളിൽ നിന്നും ധാരാളം ദൈവവിളിയുണ്ടാകാൻ നമുക്കു നിരന്തരം പ്രാർത്ഥിക്കാം.

"ദൈവമേ ഞങ്ങൾ നിന്റേതാകുന്നു. നിനക്കായി ഞങ്ങൾ വേർതിരിക്കപ്പെട്ടിരിക്കുന്നു. നിന്റെ ഹിതംപോലെ ഉപയോഗിക്കുവാനായിട്ട് ഞങ്ങൾ നിനക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു" -ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഈ അർത്ഥവത്തായ ദൈനംദിന പ്രാർത്ഥന നമ്മുടെ ജീവിതത്തെയും, ആത്മാവിനെയും ദൈവരാജ്യത്തിന്റെ വളർച്ചയുമായി ബന്ധിപ്പിക്കട്ടെ.

നിങ്ങൾക്കെല്ലാവർക്കും ദൈവത്തിന്റെ കൃപ നിറഞ്ഞ പുതുവത്സരാശംസകൾ നേരുന്നു

കർത്താവ് നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

■

# പൗരോഹിത്യവും ദൈവസമ്പാദനവും



**ഫാ. ഐസക് പാറയ്ക്കൽ ഒ.ഐ.സി.**

“അവൻ മലമുകളിലേക്ക് കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ അടുത്തേക്കു വന്നു'' (മർക്കോസ് 3:13). “അഹറോനെപ്പോലെ ദൈവത്താൽ വിളിക്ക്പെടുന്നവനല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല” (ഹെബ്രായർ 5:4).

പുതിയ നിയമത്തിൽ നിന്നുള്ള ഈ രണ്ട് തിരുവചനങ്ങൾ പരസ്പര പൂരകങ്ങളാണ്. പൗരോഹിത്യം ദൈവത്തിൽ നിന്നുള്ള പ്രത്യേക വിളിയാണ്. തെരഞ്ഞെടുപ്പാണ്. ഈ വിളിയെ സ്വീകരിച്ച് ദൈവിക പദ്ധതിയോട് സഹകരിക്കുമ്പോഴാണ് ഒരുവൻ ദൈവത്തിന്റെ പുരോഹിതനായി അഭിഷേകം ചെയ്യപ്പെടുന്നത്.

ഇന്ന് ഈ പൗരോഹിത്യ വിളിയെ പൂർണ്ണ മായി സ്വീകരിച്ചുകൊണ്ട് ദൈവികപദ്ധതിയോട് ചേർന്നു നിൽക്കുമെന്ന് പ്രതിജ്ഞയെടുത്ത് പ്രിയപ്പെട്ട ഡേവിഡ് ശെമ്മാശൻ ക്രിസ്തുവിന്റെ അൾത്താരയിലേക്ക് കടന്നുവന്നിരിക്കുന്നു. നീണ്ട പരിശീലന വഴികളിലെ പ്രതിബന്ധങ്ങളെയും പ്രയാസങ്ങളെയും സധൈര്യം നേരിട്ട് ദൈവിക കൃപയിലാശ്രയിച്ചുകൊണ്ട് ഡേവിഡ് ശെമ്മാശൻ ഈ മഹത്തായ ദൈവികദാനത്തിനായി തന്നെ തന്നെ ഒരുക്കി ലോകം തരുന്ന മഹത്വത്തെക്കാളും പദവികളെക്കാളും ദൈവിക ശുശ്രൂഷയുടെ കാവൽക്കാരനായിതീരുകയാണ് മഹനീയമെന്ന വലിയ ബോദ്ധ്യത്തോടുകൂടിയാണ് ശെമ്മാശൻ ഇന്ന് വൈദികപട്ടം കൈക്കൊള്ളുന്നത്.

ദൈവമല്ലാതെ മറ്റൊരു സമ്പാദ്യം വൈദികനുണ്ടാവാൻ പാടില്ല. അതുകൊണ്ടാണ് വൈദികരുടെ മദ്ധ്യസ്ഥനായ വി.ജോൺ മരിയ വിയാനി ഇപ്രകാരം പറഞ്ഞത്. ദൈവത്തിനു പ്രീതികരമല്ലാത്തതും സമർപ്പണ യോഗ്യമല്ലാത്തതുമായ യാതൊരു പ്രവൃത്തിയും ഒരു പുരോഹിതനിൽ നിന്നും ഉണ്ടാകാൻ പാടില്ല. അതായത് സ്വയം മുറിക്കലിന്റെയും സ്വയം വിശുദ്ധീകരണത്തിന്റെയും ഉദാത്തമായ ജീവിതമായിരിക്കണം ഒരു പുരോഹിതന്റേത്.


തിരുവോസ്തി കയ്യിലെടുത്ത് മുറിച്ചു കൊണ്ട് ഇത് എന്റെ ശരീരമാകുന്നു എന്ന് പറയു മ്പോൾ പുരോഹിതനും ക്രിസ്തുവിനോടൊപ്പം മുറിക്കപ്പെട്ട് ആട്ടിൻ കൂട്ടത്തിന് നൽകപ്പെടുന്നവനാകണം. അവിടെ സ്വാർത്ഥതയോ തന്നിഷ്ടമോ ഇല്ല. മറിച്ച് ദൈവജനത്തിന്റെ ഇഷ്ടങ്ങൾ ക്കാവണം മുൻഗണന. കാരണം പുരോഹിതൻ ദൈവജനത്തിന്റെ മധ്യസ്ഥനാണ് ശുശ്രൂഷക നാണ്.

അപ്പസ്തോല പ്രവർത്തനങ്ങളിൽ വി.പൗലോസ് ശ്ലീഹാ പുരോഹിത ശ്രേഷ്ഠരെ ഉപദേശിക്കുന്നത് ഇപ്രകാരമാണ്. നിങ്ങളെയും അജഗണം മുഴുവനെയുംപറ്റി നിങ്ങൾ ജാഗരൂക രായിരിക്കുവിൻ. കർത്താവ് തന്റെ സ്വന്തം രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന അജപാലകരാണ് നിങ്ങൾ (അപ്പ പ്രവ

20:28). പുരോഹിതന്റെ മഹത്തായ ഉത്തരവാദിത്വത്തെക്കുറിച്ച് വിവരിക്കാൻ ഇതിലും നല്ല വാക്കുകൾ വേറെയില്ല. ദൈവം തന്റെ രക്തത്താൽ വീണ്ടെടുത്ത പരിശുദ്ധ സഭയുടെ ജാഗ്രതയുള്ള ഭൃത്യനായിരിക്കണം പുരോഹിതൻ. സ്വയം വിശു ദ്ധീകരിക്കുന്നതോടൊപ്പം ദൈവജന ത്തെയും വിശുദ്ധിയിൽ കാത്തുസൂക്ഷിക്കൻ അവൻ കടപ്പെട്ടിരിക്കുന്നു.


ഡേവിഡ് ശെമ്മാശന്റെ പരിശീലന കാലഘട്ടത്തിൽ കൂടെയായിരിക്കാൻ എനിക്കും ഇടയായിട്ടുണ്ട്. ഏത് സാഹചര്യത്തിലും ശാന്തതയോടും സമചിത്തതയോടും കൂടി പെരുമാറാനുള്ള വലിയൊരു നൽവരം ദൈവം അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. ശെമ്മാശന്റെ വൈദിക ജീവിത ത്തിലും ഈ ഗുണം ഒത്തിരിയേറെ സഹായിക്കും എന്നതിന് സംശയമില്ല.

ഡേവിഡ് ശെമ്മാശന് എല്ലാവിധമായ മംഗളങ്ങളും ദൈവാനുഗ്രഹങ്ങളും നേരുന്നു. അതോടൊപ്പം അദ്ദേഹത്തെ ബഥനി സമൂഹ ത്തിന് പൂർണ്ണമനസ്സോടെ നൽകിയ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട മാതാപിതാക്കളെയും സഹോദരങ്ങളെയും നന്ദിയോടെ പ്രാർത്ഥനയിൽ ഓർക്കുന്നു. ദൈവം നമ്മെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ■



# പുരോഹിതൻ: യഹോവയുടെ അഭിഷിക്തൻ

ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.



ബഥനി ആശ്രമം നവജ്യോതി പ്രോവിൻസിന്റെ അംഗമായ ബഹുമാനപ്പെട്ട ഡേവിഡ് ചരുവിളയിൽ ശെമ്മാശൻ 2022 ജനുവരി നാലാം തീയതി പട്ടാഭിഷിക്തനാകുകയാണ്. ഈ ശുഭമുഹൂർത്തത്തിൽ ഡേവിഡ് കൊച്ചച്ചന് ആശംസകളും പ്രാർത്ഥനയും ഹൃദയപൂർവ്വം നേരുന്നു. കഴിഞ്ഞ ഏഴ് വർഷക്കാലത്തെ തന്റെ സന്യാസജീവിതം വൈദിക പട്ടാഭിഷേകത്തിലൂടെ പൂത്തുലയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ കടമ്പനാട് പഞ്ചായത്തിൽ തുവയൂർ പടിഞ്ഞാറ് ഇടവകയിൽ ചരുവിളയിൽ പാപ്പച്ചന്റെയും ആനിയുടെയും മകനായി 1993 ഡിസംബർ ഒമ്പതാം തീയതി ഡേവിഡ് ജനിച്ചു. പ്രാഥമിക സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 2009-ൽ ബഥനി ആശ്രമത്തിൽ ചേർന്ന ഡേവിഡ് 2014-ൽ തന്റെ ആദ്യ സന്ന്യാസ വ്രതം ചെയ്തു. 2019-ൽ നിത്യവ്രതവും 2021 ജൂലൈ 17-ാം തീയതി ശെമ്മാശപട്ടവും സ്വീകരിച്ചു. ശെമ്മാശൻ തന്റെ വൈദിക പരിശീലനം പൂനെ ജ്ഞാനദീപ വിദ്യാപീഠത്തിലും ബഥനി വിജ്ഞാന പീഠത്തിലുമായി നടത്തി. 2022 ജനുവരി നാലാം തീയതി വൈദികപട്ടം സ്വീകരിച്ചു.

സഭാ പുനരൈക്യത്തിന്റെ ആദ്യ കാലഘട്ടത്തിൽ തന്നെ രൂപീകൃതമായ തുവയൂർ മലങ്കര കത്തോലിക്കാ ഇടവകയുടെ ആദ്യകാല കൂട്ടായ്മയിൽ ഉണ്ടായിരുന്ന ഒരു ഭവനമാണ് ചരുവിളയിൽ. അവിടെനിന്ന്  ഒരു ദൈവദാസനെ തന്റെ വേലയ്ക്കായി ദൈവം വിളിച്ച് വേർതിരിച്ചത് പൂർവ്വ മാതൃപിതൃക്കളുടെ പുണ്യം കൊണ്ടുകൂടിയാണ്.

സന്ന്യാസ പൗരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളി ദൈവത്തിന്റെ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെട്ടതാണല്ലോ. ഇസ്രായേൽ ജനതയുടെ വിമോചകനും സംരക്ഷകനും നേതാവുമായി ദൈവം മോശയെ ഉയർത്തിയത് ഒരു വിളിയായിരുന്നു. അഹറോനെയും മക്കളെയും ഇസ്രയേലിന്റെ പുരോഹിതന്മാരായി ദൈവം വാഴിച്ചു. തുടർന്ന് ലേവ്യാ ഗോത്രക്കാരെ ദൈവത്തിന്റെ ബലിയർപ്പകരായി മാറ്റി നിർത്തി. വാഗ്ദത്ത ഭൂമിയിൽ ലേവ്യർക്ക് ഒരുതുണ്ട് ഭൂമിപോലും സ്വന്തമായി നൽകാതെ അവരുടെ സംരക്ഷണം എല്ലാ  ഗോത്രക്കാരുടെയും ചുമതലയാക്കി ദൈവം നിശ്ചയിച്ചു. പുരോഹിതർ ദൈവജനത്തിന്റെ പൊതുമുതലായി. കത്തോലിക്കാസഭയിൽ ഈ പാരമ്പര്യം ഇന്നും തുടരുന്നു. വാഗ്ദാനപേടകവും ദൈവസാന്നിധ്യത്തിന്റെ അപ്പം അടങ്ങിയ പേടകവും പേറിയിരുന്ന പുരോഹിത വർഗ്ഗത്തിന്റെ സ്വത്ത് ദൈവം തന്നെയായിരുന്നു.അഹറോന്റെ ക്രമമനുസരിച്ച് പട്ടാഭിഷേകത്തിന് പ്രത്യേകതരം വസ്ത്രം ധരിക്കണമായിരുന്നു. അവയിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു പുരോഹിതന്റെ തലപ്പാവിലെ 'വിശുദ്ധി' എന്ന് ഉല്ലേഖനം ചെയ്തിരുന്ന ഒരു തകിട്. മോശയും അഹറോനും

വഴി ദൈവം ഒന്നുമാത്രമേ തന്റെ അഭിഷിക്തരിൽനിന്ന് പ്രതീക്ഷിച്ചുള്ളൂ; അതായിരുന്നു വിശുദ്ധി. അന്നെന്ന പോലെ ഇന്നും ദൈവം തന്റെ അഭിഷിക്തരിൽനിന്ന് മറ്റൊന്നും ആഗ്രഹിക്കുന്നതായി തോന്നുന്നില്ല, വിശുദ്ധി അല്ലാതെ. ഒരുപക്ഷേ ഇതിന്റെ അഭാവമായിരിക്കാം ഇന്നിന്റെ മൂല്യച്യുതിയുടെ കാരണവും. ഇത്തരുണത്തിൽ കൊച്ചച്ചനോട് ഒന്നേ പറയുവാനുള്ളൂ. പൗരോഹിത്യ ജീവിതത്തെക്കുറിച്ച് ഒരായിരം സ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ യഹോവയുടെ അഭിഷിക്തൻ വിശുദ്ധിയുടെ തലപ്പാവ് അണിഞ്ഞു കൊണ്ടുനടക്കുന്നത് കൂടെ സ്വപ്നം കാണണം.

ബഹുമാനപ്പെട്ട ഡേവിഡ് ചരുവിളയിൽ അച്ചനെ ബഥനിയുടെ വൈദീക ഗണത്തിലേക്ക് സ്വാഗതം ചെയ്യുന്നു. അന്ത്യംവരെയും വിളിച്ചവനോട് നീതിപുലർത്തി വിളിക്കപ്പെട്ട വിളിക്ക് യോഗ്യമാവുംവിധം ജീവിക്കുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഡേവിഡ് അച്ചനെ ബഥനിയുടെ നടയിൽ കാഴ്ചയർപ്പിച്ച അച്ചന്റെ മാതാപിതാക്കളെയും ബന്ധുമിത്രാദികളെയും അഭിനന്ദിക്കുന്നു, ഒപ്പം അവർക്ക് നന്ദി അർപ്പിക്കുകയും ചെയ്യുന്നു. മോശയുടെ ഉയർന്നുനിന്ന കരങ്ങൾ പോലെ അച്ചന്റെ അഭിഷിക്ത കരങ്ങൾ ദൈവജനത്തെ അനുഗ്രഹിക്കുവാൻ എപ്പോഴും ഉയർന്നുനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

■



# പൗരോഹിത്യം: ശുശ്രൂഷയിൽ അസ്ഥിത്വം കണ്ടെത്തുന്ന ജീവിതാന്തസ്സ്

ഫാ. ജെയ്സൺ സൈമൺ ഒ.ഐ.സി.



നമ്മൾ ഏവരും ഏറെ സന്തോഷിക്കുന്ന സുദിനം ആണല്ലോ ഇന്ന്. നമ്മുടെ ഡേവിഡ് ശെമ്മാശൻ ദൈവകൃപയാൽ പൗരോഹിത്യത്തിലേക്കു വിളിച്ച് അടുപ്പിച്ചിരിക്കുന്നു. നമുക്കുവേണ്ടി നിരന്തരമുള്ള ബലികളിൽ നമ്മെ ഓർക്കുവാനായി ഡേവിഡ് ശെമ്മാശൻ കർത്താവിന്റെ അൾത്താരയിലേക്ക്...

കരുണാസമ്പന്നനും, കൃപാനിധിയുമായ കർത്താവിന്റെ സ്നേഹത്താൽ, വിശ്വാസികൾക്ക് ആത്മീയ ശുശ്രൂഷ ചെയ്യാൻ, തിരുസഭയിൽ വിളിച്ച് അഭിഷേകം ചെയ്തവനാണ് പുരോഹിതൻ. വിശ്വാസത്തോടെ ബലിയർപ്പിച്ച അബ്രാഹത്തെപ്പോലെ, ദൈവ-മനുഷ്യബന്ധത്തിൽ മദ്ധ്യസ്ഥനായ മോശയെപ്പോലെ, പ്രവാചക തീക്ഷ്ണതയാൽ എരിയുന്ന ഏലിയായെപ്പോലെ, നിയുക്തമായ പുരോഹിതൻ ശുശ്രൂഷകനായി കരുണാമയനായ ക്രിസ്തുവിന്റെ ഹൃദയത്തിൽ വസിക്കേണ്ടവൻ ആയിത്തീരണം. നഷ്ടപ്പെട്ട ആടുകളെ തേടിയിറങ്ങാൻ, രോഗികൾക്കു സൗഖ്യവും, പാപികൾക്കു മോചനവും അടിമയ്ക്കു സ്വാതന്ത്ര്യവും, അന്ധകാരത്തിൽ കഴിയുന്നവർക്ക് പ്രകാശവും, മരണനിഴലിൽ കഴിയുന്നവർക്കു പ്രത്യാശയും പ്രദാനം ചെയ്യുന്ന ബലിയാകുവാൻ, ആഗതനാകുവാൻ പുരോഹിതൻ ലോകപാപങ്ങൾക്കു പരിഹാരമായി, കാൽവരിയിൽ ജീവത്യാഗം ചെയ്ത ക്രിസ്തുവിനെപ്പോലെ മനുഷ്യന്റെ പാപപരിഹാരത്തിനും, വിശുദ്ധീകരണത്തിനുമായി ദൈവത്തിന്റെ ബലിപീഠത്തിൽ അഭയം തേടുന്നവൻ. സ്വയം ശൂന്യനായി, താഴ്മയുടെ മാതൃക കാട്ടിയ, അപരന്റെ പാദത്തോളം എന്റെ തലകൾ താഴ്ത്താൻ, അപരന്റെ ശുശ്രൂഷകനാകാൻ വിളിക്കപ്പെട്ടവൻ പുരോഹിതൻ.

പൗരോഹിത്യ ജീവിതാന്തസ്സിലേക്ക് പ്രവേശിക്കുന്ന ഞങ്ങളുടെ പ്രിയ സഹോദരൻ 'ദാവൂദ്' എന്നു സ്നേഹത്തോടെ ഞങ്ങൾ വിളിക്കുന്ന ഡേവിഡ് ശെമ്മാശ്ശൻ സഭയിൽ നല്ലൊരു ശുശ്രൂഷകനാകാൻ കഴിയട്ടേയെന്നു പ്രാർത്ഥിക്കുന്നു. ശെമ്മാശ്ശനോടൊപ്പം സന്ന്യാസപരിശീലന കാലഘട്ടത്തിൽ ജീവിക്കുവാൻ സാധിച്ചതിനെ നന്ദിയോടെ ഓർക്കുന്നു. ശെമ്മാശനൊപ്പം ചിലവഴിച്ച സമയങ്ങളിൽ പരസ്പരം പങ്കുവച്ച നല്ല ഓർമ്മകൾ, സംവാദങ്ങൾ, ചിന്തകൾ എല്ലാം തന്നെ അനുഗ്രഹപ്രദമായിരുന്നു. ഏവരെയും കേൾക്കുവാനും സ്വയം പക്വമാർന്ന തീരുമാനം എടുക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. തന്റെ പരിമിതികളെ സാധ്യതകളാക്കി മാറ്റാൻ അദ്ദേഹത്തിന് സാധിച്ചത് ഞാൻ പലപ്പോഴും ആശ്ചര്യപ്പെട്ടിട്ടുണ്ട്. സഭയിൽ ഒരു പ്രത്യേക ദൗത്യം നിറവേറ്റുന്നതിനുവേണ്ടി ദൈവം നൽകുന്ന ദാനമാണ് ദൈവവിളി. തനിക്കു ലഭിച്ച ഈ ദാനത്തെപ്പറ്റി അദ്ദേഹത്തിന് പൂർണബോദ്ധ്യം ഉണ്ടായിരുന്നു. തന്റെ ജീവിതത്തിലെ സംഭവങ്ങൾ ഓരോന്നായി തനിക്കു വേണ്ടി ദൈവം കരുതിവച്ച ദൈവകൃപയുടെ ഇടങ്ങളായിരുന്നുവെന്ന് അദ്ദേഹം പലപ്പോഴും പങ്കുവച്ചിട്ടുണ്ട്. ഈ ദൈവീകകൃപയിൽ വളർന്ന് ബൗദ്ധികതയിലും,

ആത്മീയതയിലും, മാനുഷിക ബന്ധങ്ങളിലും വളർന്നു തനിക്കു ലഭിച്ച അഭിഷേകത്തെ പ്രോജ്ജ്വലിപ്പിക്കാൻ സാധിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ശെമ്മാശന്റെ ജീവിതത്തിൽ ആത്മീയ പക്വതയുടെ ലക്ഷണം ദർശിച്ചിരുന്നു. ആത്മീയ പക്വതയുടെ ലക്ഷണം അത്ഭുതങ്ങളും, അടയാളങ്ങളുമാകണമെന്നില്ല. അപരന്റെ പുരോഗതിക്കും, രക്ഷയ്ക്കുംവേണ്ടി ആത്മത്യാഗം ചെയ്യാൻ സാധിക്കുന്ന ക്ഷമയും, ശാന്തതയും, ധീരതയും പ്രകടിപ്പിക്കുന്നതാണ് ആത്മീയ പക്വത. അനുദിന ജീവിതത്തിലെ സാധാരണ തീരുമാനങ്ങളിലും, പ്രവർത്തിയിലും നമുക്ക് ഇതു ദർശിക്കാൻ സാധിക്കും. സ്വന്തം മുറി വൃത്തിയായി സൂക്ഷിക്കുന്നതു മുതൽ അർഹതപ്പെട്ടവനു നീതി പ്രവർത്തിക്കുന്ന അനേകം സാധാരണ പ്രവർത്തികളിൽ ഇതു തെളിവാകും. ആ പക്വത ശെമ്മാശന്റെ ജീവിതലാളിത്യത്തിലും, ശൈലിയിലും വ്യക്തമായി നിഴലിച്ചിരുന്നു. താൻ നേടിയെടുത്ത ആഴമായ മാനുഷികതയും, ദൈവോന്മുഖതയും ശെമ്മാശന്റെ തുടർന്നുള്ള പൗരോഹിത്യജീവിതത്തിലും കാവലാകട്ടെയെന്ന പ്രാർത്ഥിക്കുന്നു.

സഭയുടെ പ്രബോധനവും കലർപ്പില്ലാത്ത വിശ്വാസവും, ദൈവജനത്തിനു നൽകുന്നതിനൊപ്പം തന്നെ പൗരോഹിത്യത്തെക്കുറിച്ചുള്ള അതിഭാവുകത്വം കലർത്തപ്പെട്ടിരിക്കുന്ന ചിന്തകളും വിശേഷണങ്ങളും തിരുത്തുവാൻ സാധിക്കണം. പൗരോഹിത്യം മിശിഹായുടേതാണെന്നും അവിടുന്ന് മാത്രമാണ് യഥാർത്ഥ പുരോഹിതനെന്നും മറ്റുള്ളവർ അവിടുത്തെ ശുശ്രൂഷകനാണെന്നുമുള്ള (CCC 1545) പ്രബോധനം ദൈവജനത്തെ പഠിപ്പിക്കുവാനും ശെമ്മാശന്റെ പൗരോഹിത്യ ജീവിതത്തിൽ ഓർക്കണം. ദൈവജനം മുഴുവൻ പ്രകൃത്യാ പുരോഹിത സ്വഭാവമുള്ളതാണ്. ദൈവജനം മുഴുവനും പുരോഹിതനും, പ്രവാചകനും, രാജാവുമായ മിശിഹായുടെ ദൗത്യത്തിൽ തങ്ങളുടെ വിളിക്കനുസരിച്ച് പങ്കുപറ്റിക്കൊണ്ട് തങ്ങളുടെ ജ്ഞാനസ്നാന പൗരോഹിത്യം പ്രാവർത്തികമാക്കുന്നു (CCC 1546). ദൈവജനത്തിന്റെ പൊതുപൗരോഹിത്യവും, അജപാലകരുടെ ശുശ്രൂഷാപൗരോഹിത്യവും മിശിഹായുടെ ഏക പൗരോഹിത്യത്തിലുള്ള പങ്കുചേരലാണ്. മാമോദീസായിലൂടെ ലഭിച്ച കൃപാവരം വർദ്ധിപ്പിക്കുവാൻ പ്രയത്നിക്കുന്ന പൊതുപൗരോഹിത്യത്തിന് അതിലേക്ക് ആവശ്യമായ ശുശ്രൂഷകൾ നൽകുവാൻ ശുശ്രൂഷാ പൗരോഹിത്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ശുശ്രൂഷാപൗരോഹിത്യത്തിലേക്കുള്ള ദൈവവിളി, ദൈവജനത്തിന്റെ ശുശ്രൂഷയിലേക്കുള്ള വിളിയാണ്. ഈ ശുശ്രൂഷയിൽ, ശുശ്രൂഷാ പൗരോഹിത്യത്തിന്റെ ശൈലി ശുശ്രൂഷയുടെ ശൈലി ആയിരിക്കണം. യേശുവിന്റെ ശിഷ്യസമൂഹത്തിന് തങ്ങളാരാണെന്നു പ്രഖ്യാപിക്കാതെ തിരിച്ചറിയപ്പെടാനുള്ള ചിഹ്നം യേശു കാട്ടിയത് നിസ്വാർത്ഥതയും, നിഷ്കളങ്കമായ സ്നേഹവും, കൂട്ടായ്മ മനോഭാവവുമാണ്. പ്രവാചക ധീരതയോടെ മിശിഹായുടെ ശുശ്രൂഷാ മനോഭാവം വീണ്ടെടുക്കുവാനും ജീവിക്കുവാനും ആരംഭിക്കുമ്പോൾ ക്രിസ്തുശിഷ്യത്വം പൂർണമാകും.

പൗരോഹിത്യത്തിന്റെ കാതലായ ദർശങ്ങൾ ഉൾക്കൊണ്ടുകൊണ്ടു ശെമ്മാശൻ നേടിയെടുത്ത ആത്മീയ പക്വതയിൽ ദൈവജനത്തെ അവസാന ശ്വാസത്തോളം ശുശ്രൂഷിക്കാൻ സാധിക്കട്ടെ. മാതാപിതാക്കളെയും സഹോദരങ്ങളെയും ബന്ധുമിത്രാദികളെയും ഇടവക ജനത്തെയും നന്ദിയോടെ ഓർക്കുന്നു... പ്രാർത്ഥനയിൽ അഭയം തേടിയ ഒരു നല്ല ദൈവവിളി സഭയ്ക്കു നൽകിയതിനായ്... ഡേവിഡ് ശെമ്മാശന്റെ പൗരോഹിത്യജീവിതം അനുഗ്രഹപ്രദമാകട്ടെ.

■

# ദൈവത്തിന്റെ സ്വന്തം പുരോഹിതൻ

**വിൻസെൻഷ്യൻ സിസ്റ്റേഴ്സ്**
തുവയൂർ

"എന്റെ പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്ക് വരാൻ സാധിക്കുകയില്ല" (യോഹ.6/44).

ഈശ്വര അന്വേഷണത്തിനുള്ള മനുഷ്യന്റെ ആഗ്രഹത്തിനും പരിശ്രമങ്ങൾക്കും ചരിത്രത്തോളം തന്നെ പഴക്കമുണ്ട് എന്ന് നമുക്കറിയാം. ദൈവത്തെ കണ്ടെത്താനും വെറും സാധാരണമായ മനുഷ്യ ജീവിതത്തെ അതിന്റെ സ്വഭാവിക തലങ്ങളിലേക്ക് ഉയർത്തുവാനും, അലൗകികമായ ആത്മീയ ആനന്ദം അനുഭവിക്കുവാനും, നിത്യ സത്യത്തിൽ വിലയം കൊള്ളാനുമുള്ള ശ്രമങ്ങൾ എല്ലാ കാലത്തും ഉണ്ടായിരുന്നു. ആദിമ ക്രൈസ്തവ സന്യാസികളെ മരുഭൂമിയിലേക്കും ഗുഹകളിലേക്കും, ഭാരതത്തിലെ ഋഷിവര്യൻമാരെ വനാന്തരങ്ങളിലേക്കും പർണശാല കളിലേക്കും ഒക്കെ നയിച്ചത് ഈ ദാഹം തന്നെ. അതിനായി ഏത് കഠിന ത്യാഗവും ഏറ്റെടുക്കാനും മാനുഷികമായ എല്ലാ പരിമിതികളെയും അതിലംഘിച്ച്, വ്യക്തമായ ബോധ്യങ്ങളോടെ മുന്നേറുവാനും അവർ തയ്യാറായിരുന്നു.

വൈദിക, സന്യാസദൈവവിളിയും ഒരർത്ഥത്തിൽ ഈ വലിയ ശൃംഖലയിലെ, പാരമ്പര്യത്തിലെ, ചെറിയ കണ്ണികളായി കാണുമ്പോൾ അതിന് വലിയ അർത്ഥവും വ്യാപ്തിയും കൈവരുന്നു. ദൈവാരാധനയ്ക്കായി, ഈശ്വര ശുശ്രൂഷയ്ക്കായി, സ്വയം മാറ്റിനിർത്തിക്കൊണ്ട് സഹജീവികൾക്ക് ചെയ്യുന്ന നിസ്വാർത്ഥസേവനത്തിൽ ജീവിതസാഫല്യം കണ്ടെത്തുകയും സ്വർഗ്ഗോൻമുഖമായി ചരിക്കുകയും ചെയ്യുന്ന ഒരു ജീവിത ശൈലി.

അനേകവർഷങ്ങളിലെ പഠനത്തിന്റെയും ധ്യാനത്തിന്റെയും പരിസമാപ്തിയിൽ പൗരോഹിത്യ ശുശ്രൂഷയ്ക്കായി തിരുവൾത്താരയെ സമീപിക്കുന്ന നമ്മുടെ പ്രിയപ്പെട്ട ഡീക്കൻ ഡേവിഡ് ചരുവിളയിൽ ഈ പ്രദേശത്തിന്റെയും നമ്മുടെ ഇടവകയുടെയും അഭിമാനമാണ്. ഇൻഫന്റ് ജീസസ് സെൻട്രൽ സ്കൂളിലെ പൂർവ്വവിദ്യാർത്ഥി കർത്താവിന്റെ അഭിഷിക്തൻ ആകുമ്പോൾ ഗുരുവൃന്ദവും സതീർത്ഥ്യരും ബഹുമാനപ്പെട്ട ഡീക്കനോട് ചേർന്ന് ദൈവത്തിന് ഒരായിരം നന്ദി പറയുന്നു.

വിശുദ്ധ ജോൺ മരിയ വിയാനിയുടെ വാക്കുകളിൽ "ഒരു പുരോഹിതൻ താനാരാണെന്ന് സത്യത്തിൽ മനസ്സിലാക്കിയാൽ അവൻ മരിച്ചു പോകും ഭയം കൊണ്ടല്ല സ്നേഹംകൊണ്ട്." സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ വ്യക്തിത്വത്തിലാണ് പുരോഹിതൻ പ്രവർത്തിക്കേണ്ടത്. അങ്ങനെ ക്രിസ്തുവിനോടും സഭയോടും ബന്ധപ്പെട്ട കൂദാശയുടെ ധർമ്മമാണ് പൗരോഹിത്യം. "പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം ജനം പ്രബോധനം തേടി അവനെ സമീപിക്കണം. അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്" (മലാക്കി 2/7).

***

വിശുദ്ധ ചാവറ പിതാവ് സന്ന്യാസത്തിന് കൊടുത്ത പേര് ദർശന വീട് എന്നാണ്. അതായത് ഉന്നതമായ കാഴ്ചപ്പാടുകൾ ഉള്ള ഭവനം. ഉന്നതങ്ങളിലേക്ക് കാഴ്ച തുറക്കുന്ന ഒരു ഭവനമാണ് സന്ന്യാസവും പൗരോഹിത്യവും. സ്വന്തം വിളിയെ കുറിച്ചുള്ള അവബോധം വൈദിക ജീവിതത്തിൽ നിർണായകമാണ്. എങ്കിലേ വൈദികവൃത്തിയെക്കുറിച്ച് കൃതജ്ഞത ബോധവും അതിനോട് സ്നേഹവും അഭിമാനവും ഉണ്ടാകൂ എന്നാണ് വിശുദ്ധ ചാവറയച്ചൻ പറയുന്നത്.

പ്രഥമവും പ്രധാനവുമായി വൈദികന്റെ ഗുണം അഥവാ സത്ത എന്നത് വിശുദ്ധിയാണ്. മറ്റുള്ളവരെ വിശുദ്ദീകരിക്കേണ്ടവർ ആദ്യം സ്വയം വിശുദ്ധീകരിക്കേണ്ടതുണ്ട്. പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നതാണല്ലോ വൈദികരുടെ മൂന്ന് ദൗത്യങ്ങൾ. അജപാലന ശുശ്രൂഷ വളരെ മനോഹരമായ ഒരു ജീവിതദൗത്യം ആണ്. മാമോദിസ മുതൽ മരണംവരെ ഒരു മനുഷ്യന്റെ ജീവിതത്തെ സ്പർശിക്കാൻ കഴിയുന്ന അവസരങ്ങൾ ഉള്ളവരാണ് വൈദികർ.

ബഹുമാനപ്പെട്ട ഡീക്കൻ ഡേവിഡ് പൗരോഹിത്യ ശുശ്രൂഷയിലേക്ക് ഉയർത്തപ്പെടുന്ന അവിസ്മരണീയമായ ഈ സന്ദർഭത്തിൽ വിശുദ്ധ ഗ്രന്ഥത്തിലെ നിയമാവർത്തന പുസ്തകത്തിൽ മോശയുടെ മരണത്തിനുശേഷം ദൈവമായ കർത്താവ് ജോഷ്വായോട് അരുളിച്ചെയ്ത വചനങ്ങൾ ബഹുമാനപ്പെട്ട ഡീക്കനും ശക്തി നൽകുന്നതാകട്ടെ. "നിന്റെ ആയുഷ്കാലത്തിൽ ഒരിക്കലും ആർക്കും നിന്നെ തോൽപ്പിക്കാൻ സാധിക്കുകയില്ല. ഞാൻ മോശയുടെ കൂടെ എന്നപോലെ നിന്നോട് കൂടെയും ഉണ്ടായിരിക്കും. ഒരിക്കലും നിന്നെ കൈവിടുകയില്ല. ശക്തനും ധീരനുമായിരിക്കുക." ■

ദൈവമേ ഞങ്ങൾ നിന്റേതാകുന്നു,
നിനക്കായി ഞങ്ങൾ വേർതിരിക്കപ്പെട്ടിരിക്കുന്നു.
നിന്റെ ഹിതംപോലെ ഉപയോഗിക്കുവാനായിട്ടു
ഞങ്ങൾ നിനക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.
സ്നേഹമേറിയ പിതാവേ! പൂർണ്ണഹൃദയത്തോടും
പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും നിന്നെ
സ്നേഹിപ്പാൻ ഞങ്ങളെ അഭ്യസിപ്പിക്കണമേ.
സ്വാർത്ഥപരമായ ചിന്തകൾ അശേഷം വെടിഞ്ഞ്
ഞങ്ങൾ ഞങ്ങളെത്തന്നെ നിനക്കു തരുവാൻ
അഭ്യസിപ്പിക്കണമേ.

ദൈവദാസൻ മാർ ഈവാനിയോസ്

# സ്വപ്നസാഫല്യത്തിന്റെ നിറവിൽ...



**ബ്രദർ അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി.**

ശ്ലൈഹീക പാരമ്പര്യം പേറുന്ന സഭയുടെ ഏറ്റവും വലിയ സമ്പത്താണ് പൗരോഹിത്യം. പൗരോഹിത്യം ദൈവത്തിന്റെ വലിയ ദാനമാണ്. പൗരോഹിത്യം നിലച്ചാൽ സഭ നിർജ്ജീവമാവുകയാണ്. നിത്യപുരോഹിതനായ യേശുവിന്റെ പൗരോഹിത്യശുശ്രൂഷയിലേക്ക് ഡേവിഡ് ശെമ്മാശ്ശൻ ഉയർത്തപ്പെടുന്ന ഈ വേളയിൽ എല്ലാവിധ പ്രാർത്ഥനാശംസകളും, അനുമോദനങ്ങളും ആത്മാർത്ഥമായി നേരുന്നു.

മാവേലിക്കര രൂപതയിൽ, തുവയൂർ ഇടവകയിൽ, ചരുവിളയിൽ വീട്ടിൽ, സി. പാപ്പച്ചന്റെയും, ആനി പാപ്പച്ചന്റെയും ഇളയമകനായി 1993 ഡിസംബർ മാസം 9-ാം തീയ്യതി ഡേവിഡ് ജനിച്ചു. ഇൻഫന്റ് ജീസ്സസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ തുവയൂർ, സെന്റ് തോമസ് ഹൈസ്കൂൾ കല്ലുകുഴി എന്നിവിടങ്ങളിലായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ഡേവിഡ് തന്നിലെ ദൈവവിളി തിരിച്ചറിഞ്ഞ് 2009 ജൂൺ 10-ാം തീയ്യതി തിരുവല്ല ബഥനി ആശ്രമത്തിൽ സന്യാസാർത്ഥിയായി പ്രവേശിച്ചു. നൂജിബാൽത്തില ബഥനി പി. യു കോളേജിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനു ശേഷം 2013-14 കാലഘട്ടത്തിൽ ആലുവാ ബഥനി തപോവനം ആശ്രമത്തിൽ ധർമ്മശിഷ്യപദം പൂർത്തിയാക്കി, 2014 ജനുവരി 21-ാം തീയ്യതി ആദ്യ വ്രതവാഗ്ദാനം നടത്തി. തുടർപരിശീലനത്തിനായി പൂനാ ബഥനി ആശ്രമത്തിൽ എത്തിച്ചേർന്ന ബ്രദർ ഡേവിഡ് IGNOU universityയിൽ നിന്നും, JDV യിൽ നിന്നും തത്വശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി. തുടർന്ന് ബഥനി നവജ്യോതി പ്രൊവിൻഷ്യൽ ആശ്രമത്തിലും, തിരുവല്ല ദയറായിലും തന്റെ റീജൻസി കാലം പൂർത്തിയാക്കി. തുടർന്ന് Jnana Deepa Pontifical Institute of Philosophy and Theology, Pune-യിൽ നിന്നും തന്റെ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി. 2019 ഡിസംബർ മാസം 9-ാം തീയ്യതി നിത്യവ്രത വാഗ്ദാനത്തിലൂടെ തന്നെത്തന്നെ പൂർണമായി ദൈവതിരുമുമ്പാകെ പ്രതിഷ്ഠിച്ചു. സന്യാസ വൈദീകനാകണമെന്നുള്ള ഡേവിഡ് ശെമ്മാശന്റെ ചിരകാല സ്വപ്നത്തിന് ശ്രേഷ്ഠമായ കൈവയ്പ്പിലൂടെ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയിൽ നിന്നും മ്സമ്റോനോ - കോറൂയോ പട്ടം സ്വീകരിക്കുകയും, അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയിൽ നിന്നു ഹെവ്പ്പദിയാക്നോ പട്ടവും മ്ശംശോനോ പട്ടവും സ്വീകരിക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട ഡേവിഡ് ശെമ്മാശ്ശന്റെ പരിശീലന കാലയളവിലേക്ക് നോക്കുമ്പോൾ അദ്ദേഹം സൗമ്യമായ ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു. ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ കൃത്യമായി മനസ്സിലാക്കി, ചിട്ടയോടെ, സ്വതസിദ്ധമായ ശൈലിയിൽ നിറവേറ്റുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. കാണുമ്പോൾ ഒരു ഗൗരവ്വഭാവം തോന്നുമെങ്കിലും അടുക്കുമ്പോൾ ഒരു നല്ല സുഹൃത്തും, വഴികാട്ടിയുമായിരുന്നു. എല്ലാ ദിവസവും ലിലിയോ നമസ്കാരത്തിനുശേഷം ഉറങ്ങാൻ പോകുന്നതിനു മുമ്പ് കുറച്ചു നിമിഷങ്ങൾ പരിശുദ്ധ മദ്ബഹായിൽ ത്രോണോസിനു

മുമ്പിൽ ചിലവഴിക്കുന്ന ശെമ്മാശ്ശൻ ഞങ്ങൾക്കെന്നും പ്രചോദനമായിരുന്നു. വ്യക്തിപരമായ അഭിപ്രായങ്ങൾ ആരെയും പിണക്കാതെ തുറന്നു പറയുന്നതിന് അദ്ദേഹത്തിനു സാധിച്ചിരുന്നു. ഞങ്ങൾ, സമപ്രായക്കാർ, അദ്ദേഹത്തെ സ്നേഹപൂർവ്വം 'വർക്ക്' എന്നായിരുന്നു വിളിച്ചിരുന്നത്. കാരണം മറ്റൊന്നുമല്ല താനേറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ എത്ര കഷ്ടപ്പെട്ടിട്ടാണെങ്കിലും നിറവേറ്റുന്നതിനും കൂടെയുള്ളവരെക്കൊണ്ട് ചെയ്യിപ്പിക്കുന്നതിനും അദ്ദേഹത്തിന് പ്രത്യേക പാടവമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പലപ്പോഴും അദ്ദേഹത്തിന്റെ കൂടെ ജോലി കിട്ടാതിരിക്കുന്നതിന് ഞങ്ങൾ ഒഴിവുകഴിവുകൾ കണ്ടെത്തുമായിരുന്നു. കൂടെയുള്ളവരെ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. പ്രത്യേകിച്ച്, ശാരീരിക അസ്വസ്ഥതകളും രോഗങ്ങളും മൂലം വിഷമിക്കുന്ന സഹോദരങ്ങൾക്ക് താങ്ങും തണലുമായി എപ്പോഴും കൂടെയുണ്ടായിരുന്നു. അങ്ങനെ സന്യാസത്തിലെ സാമീപ്യവും സാന്നിദ്ധ്യവും എല്ലാവരും അനുഭവിച്ചറിഞ്ഞിരുന്നു.

നമ്മുടെ ആരാധനാക്രമത്തിലെ ഒരു ഗീതത്തിൽ പുരോഹിതരുടെ ഏഴു ഗുണങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അതിവിടെ അനുസ്മരിക്കുന്നത് ഏറ്റവും ഉചിതമെന്നു ഞാൻ കരുതുന്നു.

"ആചാര്യത്വത്തിനുചിതം താഴ്മ വെടിപ്പും
ശുദ്ധത ജ്ഞാനവുമിവയേറ്റം അനുയോജ്യവുമത്രേ
ഉണർവ്വുള്ളോനാം ആചാര്യൻ നടപടികളിലും
പരിപൂർണ്ണൻ ഭവനേ സഭയിലുമൊരുപോൽ യോഗ്യനുമാം
ഉത്തമനാം ഭരണാധിപനാക..."

താഴ്മ, വെടിപ്പ്, ശുദ്ധത, ജ്ഞാനം, ഉണർവ്വ്, നടപടിയിൽ പൂർണത, സഭയുടെയും ഭവനത്തിന്റെയും ഭരണവൈഭവം എന്നീ ഗുണങ്ങളാൽ ശെമ്മാശ്ശന്റെ പൗരോഹിത്യജീവിതം സമ്പന്നമാകട്ടെ. പൗരോഹിത്യ സ്വീകരണം നടത്തുന്ന വേളയിൽ ഞങ്ങൾ കുഞ്ഞനുജന്മാരുടെ പ്രാർത്ഥന ഇത്രമാത്രമാണ്. മുകളിൽ പറഞ്ഞ, ശുശ്രൂഷാ പൗരോഹിത്യത്തിന് അത്യാവശ്യവും, രാജകീയ പൗരോഹിത്യത്തിന് അനുയോജ്യവുമായ ഗുണഗണങ്ങൾ ആർജ്ജിക്കുന്നതിന് പരിശുദ്ധ റൂഹാ ശെമ്മാശ്ശനെ ശക്തിപ്പെടുത്തട്ടെ. അതോടൊപ്പം ഈ വഴി സഞ്ചരിച്ച പൂർവ്വ പിതാക്കന്മാരുടെ പ്രാർത്ഥനയും അനുഗ്രഹങ്ങളും ശെമ്മാശ്ശന്റെ ജീവിതത്തിന് എന്നും കോട്ടയായിരിക്കട്ടെ.



# സത്യത്തിനു സാക്ഷ്യം വഹിക്കേണ്ടവർ...



ബ്രദർ എബ്രഹാം ഷിൻസ് ഒ.ഐ.സി.

***യേശു പറഞ്ഞു: "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ:14:6).***

പൗരോഹിത്യജീവിതത്തിന്റെ പരമോന്നതമായ ലക്ഷ്യം ക്രിസ്തുവിനെ അടുത്തനുകരിക്കുകയെന്നതാണ്. ഓരോ പുരോഹിതനും ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നത് മറ്റൊരു ക്രിസ്തുവാകുവാനാണ്. ഈ അനുധാവനത്തിൽ ക്രിസ്തുവിന് ഉണ്ടായിരുന്ന അതേ മനോഭാവം പുരോഹിതർ സ്വായത്തമാക്കേണ്ടതായിട്ടുണ്ട്. താൻ ആരായിരുന്നു എന്ന ബോധ്യം ക്രിസ്തുവിനെ പിതാവായ ദൈവത്തോടും, തന്റെ കരവിരുതായ സൃഷ്ടികളോടുമുള്ള ബന്ധം ദൃഢമാക്കാൻ സഹായിച്ചു. ഞാനാണ് വഴിയും, സത്യവും, ജീവനും എന്ന യേശുക്രിസ്തുവിന്റെ വെളിപ്പെടുത്തൽ പൗരോഹിത്യജീവിതവുമായി ചേർത്തുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ വർത്തമാനകാലഘട്ടത്തിൽ, ഓരോ പുരോഹിതനും, വഴി തെറ്റി സഞ്ചരിക്കുന്ന ആടുകൾക്ക് നല്ല ഇടയനായി പരിണമിക്കേണ്ടത് അത്യാവശ്യമത്രെ. വഴികൾ നമ്മെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ സഹായിക്കുന്നു. പൗരോഹിത്യജീവിതം പിതാവായ ദൈവത്തിലേക്ക് തന്റെ ജനങ്ങളെ അടുപ്പിക്കുന്ന വഴികളുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. വിശുദ്ധരുടെയും സമർപ്പിതരുടെയും ജീവിതം ഇവയ്ക്കു സാക്ഷ്യം വഹിക്കുന്നു. അവർ തങ്ങളുടെ ജീവിതത്തിലൂടെ നൂതന മാർഗ്ഗങ്ങൾക്കു രൂപം നൽകി ദൈവത്തിങ്കലേക്ക് അടുത്തു. പുരോഹിതരുടെ ദൗത്യമാണു വിശ്വാസികളെ ദൈവബന്ധത്തിലേക്ക് അടുപ്പിക്കുകയെന്നത്. പുരോഹിതർ സത്യത്തിനു സാക്ഷ്യം വഹിക്കേണ്ടവരാകുന്നു. ക്രിസ്തു, സത്യത്തിനുവേണ്ടി നിലകൊണ്ടു. അതിനാൽ അവൻ സ്വയം യാഗമായിത്തീർന്നു. വേദനകളും, സഹനങ്ങളും, ത്യാഗങ്ങളും സത്യത്തിലുള്ള നിലയുറപ്പിന് ബലം നൽകുന്നു. സമീപകാലത്ത് രക്തസാക്ഷിത്വം സ്വീകരിച്ച സ്റ്റാൻ സ്വാമി അച്ചന്റെ ജീവിതം ഇതിനുദാഹരണമാണ്. സമൂഹത്തിലെ അനീതിക്കെതിരെ നീതിയോടു കൂടെ പ്രവർത്തിക്കേണ്ടവരാണ് പുരോഹിതർ. യേശുക്രിസ്തുവിന്റെ പ്രതിപുരുഷന്മാരാണ് പുരോഹിതർ - സത്യത്തിനുവേണ്ടി നിലനിൽക്കേണ്ടവർ. എന്തെന്നാൽ സത്യം ഏവരെയും സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നു. "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രമാക്കുകയും ചെയ്യും" (യോഹ. 8:32).

നമ്മുടെ ആത്മീയവും ഭൗതീകവുമായ ജീവിതത്തിന്റെ അന്തഃസത്ത യേശുക്രിസ്തുവാണ്. ഭൗതീകജീവിതത്തിന്റെ നൈമിഷിക സുഖത്തിനപ്പുറം നിത്യജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശ്വാസികളിൽ ബോധ്യം ജനിപ്പിക്കേണ്ടവരാണ് പുരോഹിതർ. "എന്ത് ഭക്ഷിക്കുമെന്നു ജീവനെപ്പറ്റിയോ എന്ത് ധരിക്കുമെന്നു ശരീരത്തെപ്പറ്റിയോ നിങ്ങൾ ആകുലരാകേണ്ട" (ലൂക്ക. 12:22). "പിന്നെയോ നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ. ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിക്കും" (ലൂക്ക. 12:31). പ്രത്യാശയുടെയും പ്രതീക്ഷയുടെയും മനോഭാവം പകുത്തുനൽകുന്നവരാണ് പുരോഹിതഗണം. യേശുക്രിസ്തുവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിലേക്കു പ്രവേശിക്കുന്ന ബഹുമാനപ്പെട്ട ഡീക്കൻ ഡേവിഡ് ചരുവിളയിൽ ഒ.ഐ.സിക്ക്, യേശുവിനുണ്ടായിരുന്ന ഈ മനോഭാവം ജീവിതത്തിൽ ഉടനീളം ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു. പൗരോഹിത്യത്തിലൂടെ ലോകത്തിന് വഴിയും, സത്യവും, ജീവനും പ്രദാനം ചെയ്യുവാൻ കഴിവുള്ള മറ്റൊരു ക്രിസ്തുവായി തീരട്ടെയെന്നു പ്രാർത്ഥിക്കുന്നു.

***

# സമർപ്പണവഴിയിലേയ്ക്ക്...സ്വാഗതം



**ഫാ.തോമസ് പ്രശാന്ത് ഒ.ഐ.സി.**

**ഒരു സെൻ കഥ ഇപ്രകാരമാണ്**

മലമുകളിലെ ക്ഷേത്രത്തിൽ തീർത്ഥാടനത്തിന് പോകുന്ന പ്രായമായ ഒരു അമ്മ. വളരെ പ്രതികൂലമായ കാലാവസ്ഥയിൽ, മഴക്കാത്താണ് അവർ യാത്ര ആരംഭിച്ചത്. യാത്രയ്ക്കിടയിൽ ഒരു രാത്രി തങ്ങുവാൻ സത്രത്തിൽ സ്ഥലം ചോദിച്ച അമ്മയോട് സത്രം ഉടമ പറഞ്ഞു, ശക്തമായ ഈ മഴക്കാലത്ത്, തെന്നുന്ന പാതയിലൂടെ അമ്മയ്ക്ക് മല മുകളിലെത്താൻ കഴിയുകയില്ല, അതിനാൽ തിരികെ പോവുക. അമ്മ പറഞ്ഞു, "എനിക്കിത് കഴിയും. കാരണം, എന്റെ മനസ്സും ഹൃദയവും കാലങ്ങൾക്ക് മുമ്പേ ഈ മലമുകളിലെത്തിയതാണ്. ഇനി ഈ ശരീരം കൂടെ മുന്നോട്ട് നീങ്ങിയാൽ മതി, അത് വളരെ എളുപ്പമാണ്."

ഓരോ പുരോഹിതനും തന്റെ ദൈവവിളി വിവേചിച്ചറിയുന്ന ആദ്യകാലങ്ങളിൽത്തന്നെ മനസ്സുകൊണ്ടും ഹൃദയം കൊണ്ടും പൗരോഹിത്യ ജീവിതത്തിന്റെ തീഷ്ണതയിലേയ്ക്ക് എത്തിച്ചേരുന്നവരാണ്. അതിനാൽത്തന്നെ പരിശീലന പടവുകൾ താണ്ടാൻ, പ്രതിസന്ധികളെ തരണം ചെയ്യാൻ മനസ്സിനെ ഒരുക്കിയിട്ടുള്ളവരുമാണ്. ഓരോ പൗരോഹിത്യ വിചാരത്തിന്റെയും അവസാനം ഓരോ പുരോഹിതനും തന്റെ തന്നെ ജീവിതത്തിലേക്ക് നോക്കി ഈ യാഥാർത്ഥ്യം തിരിച്ചറിയുന്നവരുമാണ്.

പൗരോഹിത്യ ജീവിതത്തിലേക്ക് ഒരാൾ ആകർഷിക്കപ്പെടുന്നതിന്റെ പിന്നിൽ യേശുവിന്റെ വാക്കുകളും പ്രവൃത്തികളും, അപ്പോസ്തോലന്മാരുടെ ജീവിത ശൈലിയും സഭയുടെ പ്രവർത്തന രീതികളും ഉണ്ട്. സമൂഹത്തിൽ വലിയ ചലനം സൃഷ്ടിച്ച വ്യക്തിത്വം എന്ന നിലയിൽ യേശുവിന്

വലിയ ശിഷ്യസമ്പത്ത് ഉണ്ടായിരുന്നു. യേശുവിന്റെ വാക്കുകൾ കേൾക്കുവാനും അത്ഭുത പ്രവൃത്തികൾക്ക് സാക്ഷ്യം നൽകാനുമായി അനേകർ അവനെ അനുധാവനം ചെയ്തിരുന്നു. ഈ ശിഷ്യരിൽ നിന്ന് പന്ത്രണ്ടുപേരെ തന്റെ അപ്പസ്തോലന്മാരായി പ്രത്യേകം തെരഞ്ഞെടുത്തു. ബാഹ്യരൂപങ്ങൾക്കും, മാനുഷീകമായ മാനദണ്ഡങ്ങൾക്കും അപ്പുറം, പ്രാർത്ഥനയുടെ നിറവിലാണ് യേശു ഈ തെരഞ്ഞെടുപ്പ് നടത്തിയത്. തെരഞ്ഞെടുക്കപ്പെട്ടവർക്ക് അനുദിനം പ്രാവർത്തികമാക്കേണ്ട ദൗത്യവും നൽകി. "തന്നോട് കൂടെയായിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും, പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു (മർക്കോസ് 3:14,15). ഈ ഉത്തരവാദിത്വം സർവ്വാത്മനാ സ്വീകരിക്കുകയും പ്രാവർത്തികമാക്കാൻ തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്തതിലൂടെയാണ് തെരഞ്ഞെടുക്കപ്പെട്ടവർ ക്രിസ്തുശിഷ്യനിൽ നിന്നും അപ്പോസ്തലനിലേയ്ക്ക് വളർന്നത്.

ഏൽപ്പിക്കപ്പെട്ടിരുന്ന ദൗത്യം നിർവ്വഹിക്കുന്നതിന്, ക്രിസ്താനുകരണം സാധ്യമാകുന്നതിന് ത്യാഗമനോഭാവം ആവശ്യമായിരുന്നു. അതിനാൽ സ്വയം പരിത്യജിച്ച്, അനുദിനം തന്റെ കുരിശുമെടുത്ത് യേശുവിനെ അനുഗമിക്കുവാൻ (ലൂക്കാ 9:23) ശ്ലീഹൻമാർ തയ്യാറായിരുന്നു. കാരണം, "സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും, എന്നെ പ്രതി സ്വജീവൻ നഷ്ടപെടുത്തുന്നവൻ അതിനെ രക്ഷിക്കും" (ലൂക്ക 9:24) എന്ന തിരുവചനത്തിന്റെ പൊരുൾ അവർക്ക് ഗ്രഹിക്കാൻ കഴിഞ്ഞിരുന്നു. അതിനാലാണ് സ്വന്തം ക്ലേശങ്ങളാകുന്ന കുരിശുമെടുത്ത് യേശുവിനെ അനുഗമിച്ച്, യേശുവിന്റെ സാക്ഷികളായി മാറിയത്. ഇപ്രകാരമുള്ള ജീവിതം, നിത്യജീവന് അവരെ അവകാശികളാക്കി മാറ്റി. അതോടൊപ്പം "എന്റെ നാമത്തെ പ്രതി ഭവനത്തെയോ, സഹോദര ന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും" (മത്താ 19:29) എന്ന വാഗ്ദാനത്തിന് അവർ അർഹരായിത്തീരുകയും ചെയ്തു.

തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശു ശ്ലീഹന്മാരെ ചേർത്ത് നിർത്തി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവാനും ത്രിയേക ദൈവത്തിന്റെ നാമത്തിൽ ജ്ഞാനസ്നാനം നൽകുവാനും (മത്താ 28: 19–20) അവരെ ചുമതലപ്പെടുത്തി. ശ്ലീഹന്മാർ ഏറ്റെടുത്ത ഈ ദൗത്യം ഓരോ ക്രിസ്തു ശിഷ്യനുമുള്ള പ്രേക്ഷിത ദൗത്യമായി തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്.

"യുഗാന്തം വരെ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന വാഗ്ദാനം കർത്താവ് നിറവേറ്റും എന്ന ഉറപ്പാണ് ഈ ദൗത്യനിർവ്വഹണത്തിന്റെ പ്രേരണാ ശക്തി. കുടുംബജീവിതത്തിലൂടെയും, പൗരോഹിത്യ സന്ന്യാസ ജീവിതത്തിലൂടെയും ഈ പ്രേക്ഷിത ദൗത്യവും ക്രിസ്താനുകരണവും അനേകർ ഏറ്റെടുക്കുന്നുണ്ട്. എന്നാൽ സന്ന്യാസ പൗരോഹിത്യ ജീവിതത്തിലൂടെ, ക്രിസ്തുവിനെ അടുത്ത് അനുഗമിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നവർ കൂടുതൽ ഉത്തരവാദിത്വത്തോടെ ഈ ദൗത്യം നിർവ്വഹിക്കാൻ കടപ്പെട്ടിരിക്കുന്നു.

ബഥനി ആശ്രമം അഥവ മിശിഹാനുകരണ സന്ന്യാസി സമൂഹം ലക്ഷ്യം വയ്ക്കുന്നതും ശ്രമിക്കുന്നതും ക്രിസ്തുവിനെ പിൻപറ്റിയുള്ള ഒരു ജീവിതക്രമം രൂപപ്പെടുത്തുവാനാണ്. പ്രാർത്ഥനയും പ്രവർത്തനവും സമഞ്ജസമായി സമ്മേളിപ്പിക്കുന്ന ബൈബിളിലെ ബഥനിയുടെ ആദ്ധ്യാത്മികത, ജീവിതത്തിൽ പകർത്താനുള്ള വിളിയാണ് ബഥനി ആശ്രമത്തിലെ ഓരോ സന്ന്യാസിയ്ക്കും ഉള്ളത്. നടന്നു കയറേണ്ട പടവുകൾ ഹൃദയം കൊണ്ടും, മനസ്സുകൊണ്ടും നടന്നെത്തിയാൽ, ഇടറിയാലും വീണടിയാതെ ദൈവത്തിന്റെ കരംപിടിച്ച് മുന്നേറാൻ കഴിയും. ഓരോ തിരുപ്പട്ട സ്വീകരണവും ഈ മുന്നേറ്റത്തിന്റെ ഓർമ്മപ്പെടുത്തലുകൾ നമുക്ക് നൽകുന്ന ശുശ്രൂഷകളാണ്.

ദൈവത്തിന്റെ കരംപിടിച്ച്, സന്ന്യാസ പൗരോഹിത്യ വഴികളിലൂടെ ചരിക്കുവാൻ ബഥനി ആശ്രമത്തിലേയ്ക്ക് കുഞ്ഞനുജന്മാരെ സ്വാഗതം ചെയ്യുന്നു.

■

# സന്തോഷകരമായ മണവറയിൽ ഇനി കാണുമാറാകട്ടെ



**ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.**
പ്രൊവിൻഷ്യൽ സുപ്പീര്യർ, ബഥനി നവജീവൻ പ്രോവിൻസ്

72 വർഷങ്ങൾ നീണ്ട തന്റെ ഇഹലോക ജീവിതം പൂർത്തിയാക്കിയ ബഹുമാനപ്പെട്ട ഡാനിയേൽ കടകമ്പള്ളിലച്ചൻ ഇനി നമ്മുടെ ഓർമ്മയിൽ ജീവിക്കും. കൂദാശകളെല്ലാം, ആവശ്യമായ സമയങ്ങളിൽ, സുബോധത്തോടെയും സ്വസമ്മതത്തോടെയും സ്വീകരിച്ച്, മാനുഷികമായ തലത്തിൽ നാമോരോരുത്തരും നൽകിയ ശുശ്രൂഷകൾ യഥാസമയം സന്തോഷത്തോടെ സ്വീകരിച്ച്, കുടുംബത്തിലുള്ള എല്ലാവരെയും തന്റെ സുഹൃത്തുക്കളെയും കണ്ട്, ചുരുങ്ങിയ വാക്കുകളിലെങ്കിലും സംസാരിച്ച്, രണ്ടു മാസത്തോളം നീണ്ട 'അടുത്ത നല്ല ഒരുക്കത്തോടെ' ഡിസംബർ മാസം 15-ാം തീയതി 5.45 ന്, പ്രഭാതത്തിൽ സമാധാനമായി തന്റെ സ്വർഗീയ ഭവനത്തിലേക്ക് തിരികെ മടങ്ങി. ബഥനിയിലെ ഞങ്ങളുടെ ജ്യേഷ്ഠ സഹോദരാ, ദൈവത്തിന്റെ സന്ന്യാസ പുരോഹിതാ, സമാധാനത്താലെ പോവുക!

**കടകംപള്ളിൽ കുടുംബത്തിൽ നിന്നും സന്ന്യാസ ജീവിതത്തിലേക്ക്**

1950ൽ, കൊല്ലം ജില്ലയിൽ പുത്തൂർ ദേശത്തെ പ്രശസ്തമായ കടകംപള്ളിൽ കുടുംബത്തിൽ ഉമ്മൻ ചാണ്ടപ്പിള്ളയുടെയും മറിയാമ്മ ഉമ്മന്റെയും മകനായി 1950ൽ ജനിച്ച ഡാനിയേൽ, 1966 ജൂൺ മാസം 10-ാം തീയതി സന്ന്യാസ വൈദികനാകുവാനുള്ള ആഗ്രഹത്തോടെ ബഥനി ആശ്രമത്തിൽ ചേർന്നു. കെ.ഒ തോമസ്, കെ.ഒ ജോർജ്, ഫാദർ മാത്യു കടകംപള്ളിൽ, ഗ്രേസി തോമസ്സ്, കെ.ഒ ജേക്കബ്. കെ.ഒ വർഗീസ് എന്നിവർ സഹോദരങ്ങളാണ്. പൗരോഹിത്യ സന്ന്യാസ ദൈവവിളികളാൽ സമ്പന്നമായ കുടുംബത്തിൽ ജനിക്കാൻ സാധിച്ചത് ജീവിതത്തിൽ ലഭിച്ച വലിയ ദൈവാനുഗ്രഹമായി അദ്ദേഹം കണ്ടിരുന്നു.

**സന്ന്യാസ രൂപീകരണത്തിന്റെ വഴികൾ**

1966-ൽ ബഥനി ആശ്രമത്തിൽ ചേർന്ന ഡാനിയേലച്ചൻ തിരുവല്ല ദയറായിൽ താമസിച്ചു കൊണ്ട് ശിഷ്യത്വ രൂപീകരണത്തിന്റെ ആദ്യഘട്ടമായ യോഗാർത്ഥിപദം പൂർത്തിയാക്കി. തുടർന്ന്, നാലാഞ്ചിറ ദയറ ആശ്രമത്തിൽ താമസിച്ചു കൊണ്ട് നവശിഷ്യപദം അനുഗ്രഹപ്രദമായി പൂർത്തിയാക്കി (1967-1968). 1968 മെയ് മാസം 9-ാം തീയതി പ്രഥമ വ്രതവാഗ്ദാനം നടത്തി.

പൂനാ പൊന്തിഫിക്കൽ അത്തനേയത്തിൽ നിന്നും തത്വശാസ്ത്ര പഠനവും മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കിയ ഡാനിയേൽ ശെമ്മാശൻ, കറ്റാനം ബഥനി ആശ്രമത്തിൽ വച്ച് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും 1975 ഡിസംബർ മാസം 26-ാം തീയതി വൈദീക പട്ടം സ്വീകരിച്ചു. തൊട്ടടുത്ത ദിവസം, ഡിസംബർ 27-ാം തീയതി, തന്റെ മാതൃദേവാലയമായ പുത്തൂർ സെൻറ് മേരീസ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ വച്ച് ആദ്യബലി അർപ്പിച്ചു.

**ദൗത്യനിർവ്വഹണവഴികളിൽ**

1976-ൽ ആലുവ ആശ്രമത്തിൽ തുടങ്ങി, ആരോഗ്യ പരമായ കാരണങ്ങളാൽ പൊതുവായ ഉത്തരവാദിത്വങ്ങളിൽ നിന്നും മാറി 2019-ൽ നാലാഞ്ചിറ ദയറാ ആശ്രമത്തിൽ പ്രവേശിക്കും വരെയുള്ള കാലഘട്ടത്തിൽ, സഭാനേതൃത്വത്തോടും സാമൂഹ്യ നേതൃത്വത്തോടും ചേർന്നുനിന്നു കൊണ്ട്, ബഥനി ആശ്രമത്തിന്റെ വിവിധങ്ങളായ അപ്പസ്തോലിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ ബഹുമാനപ്പെട്ട ഡാനിയേലച്ചന് സാധിച്ചിട്ടുണ്ട്. ഇന്നത്തെ പുത്തൂർ, ബത്തേരി, മൂവാറ്റുപുഴ, തിരുവല്ല, മാവേലിക്കര, പത്തനംതിട്ട, തിരുവനന്തപുരം, മാർത്താണ്ഡം, പൂന-കട്ക്കി രൂപതാതിർത്തികൾക്കുള്ളിൽ, വിവിധ ദേവാലയങ്ങളിലെ വികാരിയായും മിഷൻ മേഖലകളിലെ പ്രവർത്തനങ്ങളിലും വിവിധ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണത്തിലും അദ്ദേഹം ഉത്തരവാദിത്വപൂർവം സേവനം ചെയ്തിട്ടുണ്ട്. സമൂഹത്തിന്റെ പൊതുഭരണസമിതിയിലേക്ക് പ്രൊക്യൂറേറ്റർ ജനറലായി അദ്ദേഹത്തെ തെരഞ്ഞെടുത്തു. തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വ ങ്ങളെല്ലാം ഒരു സന്ന്യാസ വൈദികനു ചേർന്ന വിശ്വസ്തതയോടും അരൂപിയോടും നിർവ്വഹി ക്കാൻ അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്.

**രോഗാവസ്ഥയിലുംതളരാത്ത വിശ്വാസവുംആത്മധൈര്യവും**

2018 വർഷത്തിന്റെ അവസാന മാസങ്ങൾ മുതൽ തുടർച്ചയായി തോന്നിയ ക്ഷീണവും ദഹനപ്രശ്നങ്ങളും ബഹുമാനപ്പെട്ട ഡാനിയേലച്ചന്റെ ആരോഗ്യനിലയെ സാരമായി ബാധിച്ചി ട്ടുണ്ട്. ഈ കാലഘട്ടത്തിൽ ശരീരത്തിൽ ക്യാൻസറിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിരുന്നു. അനേകരുടെ മുടക്കമില്ലാത്ത പ്രാർത്ഥനയുടെ ശക്തിയാലും കഴിഞ്ഞ മൂന്നു വർഷങ്ങളിലധികമായി തുടരുന്ന, ഏറ്റവും അനുയോജ്യമായ ചികിത്സാവിധികളാലും, പ്രത്യേകിച്ച് തിരുവനന്തപുരം GG ആശുപതിയിലെ ഡോ. അരുണിന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധരായ ഡോക്ടർമാരുടെയും നഴ്സ്മാരുടെയും ശ്രദ്ധയോടുകൂടിയുള്ള പരിചരണത്താലും ആശുപത്രി അഡ്മിനിസ്ട്രേറ്റർ Gigi മാഡത്തിന്റെ അവസരോചിതമായ ഇടപെടലുകളാലും ദാനിയേലച്ചന്റെ ആരോഗ്യത്തിൽ അത്ഭുതകരമായ വ്യത്യാസങ്ങൾ പ്രകടമായി.

കരളിന്റെ രോഗാവസ്ഥയെക്കുറിച്ചും അടുത്ത കാലങ്ങളിലായി ബാധിച്ച ക്യാൻസറിന്റെ രോഗലക്ഷണങ്ങളെക്കുറിച്ചും ഡോക്ടർമാർ അച്ചനോട് വ്യക്തമായി സൂചിപ്പിച്ചിരുന്നു. പാലിയേറ്റീവ് കെയർ വിഭാഗത്തിൽ പ്രവേശിക്കപ്പെടുന്നതിനു മുൻപ്, കഴിഞ്ഞ 3 വർഷങ്ങളിലായി 16 പ്രാവശ്യം ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. ഇനിയുള്ള ദിവസങ്ങൾ, പരമാവധി അടുത്തു വരുന്ന ഒരു വർഷം, ദൈവാനുഗ്രഹത്താൽ ദീർഘിപ്പിച്ചു കിട്ടിയ സമയമാണെന്ന് അറിഞ്ഞിട്ടും, ജന്മ-കർമ്മഫലങ്ങളാൽ സ്വന്തമാക്കിയ തന്റെ മനോബലത്താലും പ്രാർത്ഥനാനുഭവത്താലും വൈദ്യശാസ്ത്രത്തിന്റെ കണക്കുകൂട്ടലുകളും കടന്ന്, 2021 ഡിസംബർ മാസം 15-ാം തീയതി വരെ ഈ ലോകത്തിൽ നമ്മോടൊപ്പം, ദൈവത്തിന് നന്ദിയർപ്പിച്ച് സന്തോഷമായി ജീവിച്ചു.

**അന്ത്യദിനങ്ങളിലൂടെ**

അച്ചന്റെ ആരോഗ്യ വിഷയത്തിൽ വൈദ്യശാസ്ത്രത്തിന് കൂടുതലായി ഒന്നുംതന്നെ ചെയ്യാൻ സാധിക്കില്ല എന്ന അവസരം വന്നപ്പോൾ, രോഗാവസ്ഥയുടെ തീവ്രതയും കഠിനവേദ

നയും മനസ്സിലാക്കിയ വിദഗ്ദ്ധരായ ഡോക്ടർമാരുടെ നിർദ്ദേശാനുസരണം, പാലിയേറ്റീവ് കെയർ വിഭാഗത്തിലേക്ക് മാറ്റുവാൻ തീരുമാനിക്കുകയായിരുന്നു. അതനുസരിച്ച്, 2021 ഒക്ടോബർ 11 മുതൽ ഏകദേശം 65 ദിവസങ്ങളായി, ബഹുമാനപ്പെട്ട ഡാനിയേലച്ചൻ തിരുവനന്തപുരത്ത് പിരപ്പൻകോടുള്ള സെൻറ് ജോൺസ് ആശുപത്രിയിൽ പാലിയേറ്റീവ് കെയർ വിഭാഗത്തിൽ ഡോക്ടറേഴ്സ്ന്റെയും നഴ്സുമാരുടെയും പ്രത്യേക പരിചരണത്തി ലായിരുന്നു. ഈ കാലയള വിൽ സഹോദരതുല്യമായ സ്നേഹവും ശുശ്രൂഷകളും നൽകിയ പിരപ്പൻകോട് സെൻറ് ജോൺസ് ആശുപത്രി ഡയറക്ടർ ജോസ് കിഴക്കേടത്തച്ചൻ, ഡോക്ടേഴ്സ്, നേഴ്സിംഗ് സൂപ്രണ്ട് റീന, സിസ്റ്റർ അഞ്ചിത, നഴ്സസ്, മറ്റ് സഹ പ്രവർത്തകർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

ദാനിയേലച്ചനെ സംബന്ധിച്ചിടത്തോളം ഡിസംബർ മാസത്തിന്റെ ആദ്യദിനങ്ങൾ വളരെ ബുദ്ധിമുട്ടുകൾ നിറഞ്ഞതായിരുന്നു; ജലപാനം പൂർണ്ണമായും അസാധ്യമായിവന്നു; എപ്പോഴും മയക്കത്തിലേക്ക് മാറിക്കൊണ്ടിരുന്നു; കണ്ണുതുറക്കാൻ തന്നെ ബുദ്ധിമുട്ടായി. എങ്കിലും ചില ദിവസങ്ങളിൽ ചെറിയ തോതിലെങ്കിലും പ്രതീക്ഷ നൽകുന്ന വ്യത്യാസങ്ങളും പ്രകടമായിരുന്നു. സാവധാനം അദ്ദേഹം തന്റെ അന്ത്യദിനങ്ങളോട് അടുത്തു കൊണ്ടിരുന്നു. 2021 ഡിസംബർ മാസം 15-ാം തീയതി പ്രഭാതത്തിൽ 5.45 ന് അദ്ദേഹംതന്റെ പൂർവ്വപിതാക്കൻമാരോടൊപ്പം ചേർന്നു; ദൈവം തനിക്കായി ഒരുക്കിയ സ്വർഗ്ഗീയ ഭവനത്തിലേക്ക് പ്രവേശിച്ചു.

**കബറടക്കശുശ്രൂഷ**

ബഹുമാനപ്പെട്ട ദാനിയേലച്ചൻ മരിച്ച ദിവസമായ ഡിസംബർ 15-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക്, നാലാഞ്ചിറ ദയറാ ആശ്രമ ചാപ്പലിൽ, പുരോഹിതന്മാരുടെ കബറടക്ക ശുശ്രൂഷയിലെ 1-ാം ശുശ്രൂഷയും തുടർന്ന് 12 മണിക്ക് 2-ാം ശുശ്രൂഷയും മദ്ധ്യാഹ്ന പ്രാർത്ഥനയും വൈകിട്ട് 7 മണിക്ക് പൂനാ-കട്ക്കി സെയിന്റ് എഫ്രേം രൂപതാദ്ധ്യക്ഷൻ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടേയും മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടേയും കാർമ്മികത്വത്തിൽ 3-ാം ശുശ്രൂഷയും സന്ധ്യാപ്രാർത്ഥനയും നടത്തി.

സമൂഹാദ്ധ്യക്ഷൻ പെരിയ ബഹു. മത്തായി കടവിലച്ചന്റെയും പ്രൊവിൻഷ്യൽ സുപ്പീരിയർ മാത്യു ജേക്കബ് തിരുവാലിലച്ചന്റെയും ദയറാ സുപ്പീരിയർ ഗോഡ്വിൻ ക്രിസ്റ്റോ അച്ചന്റെയും നേതൃത്വത്തിൽ ഡിസംബർ 16-ാം തീയതി വ്യാഴാഴ്ച 7 മണിക്കും 9 മണിക്കും 12 മണിക്കുമായി 4 മുതൽ 6 വരെയുള്ള ശുശ്രൂഷകൾ പൂർത്തിയാക്കി. 11 മണിക്ക് ദാനിയേലച്ചന്റെ കുടുംബാംഗങ്ങളോടൊപ്പം ആശ്രമാംഗങ്ങൾ ഒന്നു ചേർന്ന്, സമൂഹാദ്ധ്യക്ഷന്റെ മുഖ്യകാർമ്മികത്വത്തിൽ ദയറാ ആശ്രമ ചാപ്പലിൽ വിശുദ്ധ ബലിയർപ്പിച്ചു. വൈകിട്ട് 4.30ന് സഭാതലവൻ അത്യഭിവന്ദ്യ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവായുടെ മുഖ്യകാർമ്മികത്വത്തിലും തിരുവല്ലാ അതിരൂപതാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടേയും മാവേലിക്കര രൂപതാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായുടേയും ബത്തേരി രൂപതാദ്ധ്യക്ഷൻ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായുടേയും പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടേയും പൂനാ-കട്ക്കി സെയിന്റ് എഫ്രേം രൂപതാദ്ധ്യക്ഷൻ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടേയും മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ

യുടേയും പാറശ്ശാല രൂപതാദ്ധ്യക്ഷൻ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്തായുടേയും പുത്തൂർ രൂപതാദ്ധ്യക്ഷൻ ഗീവർക്ഷീസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടേയും യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടേയും ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തായുടേയും സഹകാർമ്മികത്വത്തിലും 8-ാം ശുശ്രൂഷയും തുടർന്ന് നാലാഞ്ചിറ ദയറാ ആശ്രമ സെമിത്തേരിയിൽ കബറടക്ക ശുശ്രൂഷയും നിർവഹിച്ചു.

**ഉപസംഹാരം**

സഭാ തലവൻ അത്യഭിവന്ദ്യ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവാ പിതാവുൾപ്പെടെ എല്ലാ പിതാക്കന്മാരും പല പ്രാവശ്യം ആശുപത്രിയിൽ ദാനിയേലച്ചനെ സന്ദർശിച്ച് പ്രാർത്ഥിച്ചിരുന്നു. മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായാണ് ബഹു. ദാനിയേലച്ചന് രോഗം മൂർച്ചിച്ച വേളയിൽ GG ആശുപത്രിയിൽ വച്ച് 2021 ഒക്ടോബർ മാസം മൂന്നാം തീയതി കന്തീലാ ശുശ്രൂഷ നൽകിയത്. മലങ്കര കത്തോലിക്കാ സഭയിലെ എല്ലാ പിതാക്കന്മാരും ദാനിയേലച്ചൻറെ മരണവിവരം അറിഞ്ഞ നിമിഷം മുതൽ ഫോണിലൂടെ ബന്ധപ്പെടുകയും ആശ്രമത്തിലേക്ക് കടന്നു വന്ന് കബറടക്ക ശുശ്രൂഷകൾക്ക് നേതൃത്വം നൽകി ആശ്വാസ വാക്കുകളാൽ നമ്മെ അനുഗ്രഹിക്കുകയും ചെയ്തു. അത്യഭിവന്ദ്യ ബാവാ പിതാവുൾപ്പെടെ എല്ലാ പിതാക്കന്മാരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. സെയിന്റ് ജോൺ ക്രിസോസ്റ്റം ഗുർഗാവ് ഡൽഹി രൂപതയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്ററായ ബഹു. വിനയാനന്ദ് അച്ചനും വിവിധ രൂപതകളിലെ കോർ എപ്പിസ്കോപ്പാ അച്ചന്മാരും വികാരി ജനറാൾ അച്ചന്മാരും ചാൻസിലർ അച്ചന്മാരും വിവിധ സന്ന്യാസി-സന്ന്യാസിനി സമൂഹങ്ങളിൽ നിന്നുവന്ന മദർ ജനറൽമാരും പ്രൊവിൻഷ്യൽ സുപ്പീരിയർമാരും ബഹു. ദാനിയേലച്ചൻ സേവനം ചെയ്തിരുന്ന വിവിധ രൂപതകളിൽ നിന്നുള്ള വൈദീകരും ഇടവാകാംഗങ്ങളും മലങ്കര മേജർ സെമിനാരി റെക്ടറച്ചന്റെ നേതൃത്വത്തിൽ കടന്നുവന്ന ബഹു. വൈദികരും ശെമ്മാശന്മാരും ബഥനി ആശ്രമത്തിന്റെ സുപ്പീരിയർ ജനറൽ പെരിയ ബഹു. മത്തായി കടവിൽ അച്ചനും നവജ്യോതി പ്രോവിൻസിന്റെ അദ്ധ്യക്ഷൻ ബഹു. ജോർജ് അയ്യനേത്ത് അച്ചനും ജനറൽ-പ്രൊവിൻഷ്യൽ കൌൺസിൽ അംഗങ്ങളും രണ്ട് പ്രൊവിൻസിലെയും വിവിധ ആശ്രമങ്ങളിൽ നിന്നുള്ള സമൂഹാംഗങ്ങളും രൂപീകരണത്തിൽ ആയിരിക്കുന്ന ബ്രദേഴ്സും ബഥനിയുടെ വിവിധ സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്നവരും ദാനിയേലച്ചന്റെ കുടുംബാഗങ്ങളും സുഹൃത്തുക്കളും ഉൾപ്പെടെ, അച്ചനെയും ബഥനിയേയും സ്നേഹിക്കുന്ന അനേകരുടെ സാന്നിധ്യവും പ്രാർത്ഥനയും ആശ്വാസ വാക്കുകളും നന്ദിയോടെ ഓർക്കുന്നു. ബഹുമാനപ്പെട്ട ദാനിയേലച്ചന്റെ ആത്മശാന്തിക്കായി തുടർന്നും നമുക്കു പ്രാർത്ഥിക്കാം;

**"ഞങ്ങളുടെ പിതാവേ, സന്തോഷകരമായ മണവറയിൽ ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ."**

■

# ദൈവസന്നിധിയിലേക്ക് യാത്രയായ ബഹുമാനപ്പെട്ട ഡാനിയേൽ കടകംപള്ളിൽ അച്ചന്റെ ലഘുജീവചരിത്രം



**ഫാ. ഗോഡ്‌വിൻ ക്രിസ്റ്റോ ഒ.ഐ.സി.**

മാവേലിക്കര രൂപതയിൽ പുത്തൂർ സെന്റ് മേരീസ് മലങ്കര കാത്തലിക് ദൈവാലയത്തിൽ കടകംപള്ളിൽ കുടുംബത്തിൽ പ്രിയപ്പെട്ട പിതാവ് ഉമ്മൻ ചാണ്ടപിള്ളിയുടെയും വത്സല മാതാവ് മറിയാമ്മ ഉമ്മന്റെയും മകനായി 1950 ജനുവരി മാസം 19-ാം തീയതി ബഹു.ഡാനിയേൽ അച്ചൻ ജനിച്ചു. അച്ചന്റെ സഹോദരങ്ങൾ കെ.ഒ.തോമസ്, കെ.ഒ.ജോർജ്ജ്, ഫാ.മാത്യു കടകംപള്ളിൽ, ഗ്രേസി തോമസ്, കെ.ഒ.ജേക്കബ്, കെ.ഒ.വർഗീസ് എന്നിവരാണ്. ഡാനിയേൽ എന്ന മാമ്മോദീസാ നാമം സ്വീകരിച്ച അച്ചൻ 1950 മാർച്ച് മാസം 12-ാം തീയതി വിശുദ്ധ മാമ്മോദീസായും സ്ഥൈര്യലേപനവും സ്വീകരിച്ചു.

എൽ.എം.എസ് പുത്തൂർ, എൽ.എഫ്.യു.പി.എസ്. പുത്തൂർ, ബോയ്സ് എച്ച്.എസ്.പുത്തൂർ, പോപ്പ് പയസ് എച്ച്.അസ്. കറ്റാനം എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നടത്തി.

ബഥനി ആശ്രമ സന്ന്യാസജീവിതത്തിൽ ആകൃഷ്ടനായി 1966 ജൂൺ മാസം 10-ാം തീയതി തിരുവല്ല ബഥനി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ച് സന്ന്യാസപരിശീലനം തുടങ്ങി.

1967-68 കാലയളവിൽ നവസന്ന്യാസപരിശീലനം നാലാഞ്ചിറ ബഥനി ആശ്രമത്തിൽ പൂർത്തിയാക്കിയശേഷം 1968 മെയ് മാസം 9-ാം തീയതി ആദ്യവ്രതവാഗ്ദാനവും 1974 മെയ് മാസം 3-ാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തുകയുണ്ടായി.

തുടർന്ന് പൂന പേപ്പൽ അത്തനേയത്തിൽ തത്വശാസ്ത്രവും ആലുവ-മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രവും പൂർത്തിയാക്കിയ ഡാനിയേൽ ശെമ്മാശൻ 1975 ഡിസംബർ 26-ാം തീയതി ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. വൈദികജീവിതത്തിലെ ആദ്യനിയമനം ആലുവ ആശ്രമത്തിൽ സുപ്പീരിയർ ഇൻചാർജ്ജ് ആയും, ആലുവ പള്ളിയുടെ വികാരിയായും അദ്ദേഹം ശുശ്രൂഷ നിർവ്വഹിച്ചു.

1978-79 കാലയളവിൽ അഭിവന്ദ്യ പീലക്സിനോസ് തിരുമേനിയുടെ സെക്രട്ടറിയായി അദ്ദേഹം സേവനം അനുഷ്ഠിച്ചു.

കൂടാതെ കളത്തിപ്പടി, കീച്ചാൽ, അഞ്ഞൂർ, കല്ലുപുറം, തിരുവഞ്ചൂർ, പെരുമ്പാവൂർ, കീഴില്ലം, കുറത്തികാട്, മങ്ങാട്ട്, ചിറമുക്ക്, ചിങ്ങേരി, വെമ്പായം, വേറ്റിനാട്, വെള്ളൂർകോണം, മൂഴി, കരിപ്പൂർ, കൊറളിയോട്, വിതുര, കോഴിയോട്, പരുത്തുക്കുഴി, മുണ്ടേല എന്നീ ഇടവകകളുടെ വികാരിയായി. ബോംബെ-അന്തേരി ആശ്രമം, നാലാഞ്ചിറ നെടുമങ്ങാട്, ബഥനി നഗർ ദയറാ, വേങ്കോട് മൗണ്ട് താബോർ തൈക്കാവ് എന്നീ ആശ്രമങ്ങളിൽ സുപ്പീരിയറായും അച്ചൻ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

***

എല്ലാ ഇടവകമക്കളെയും ഒരുപോലെ സ്നേഹിച്ച് ശുശ്രൂഷിച്ച ആടിന്റെ ഗന്ധമുള്ള നല്ല ഇടയൻ. ശാന്തശീലനും ലളിതജീവിതത്തിന് ഉടമയുമായിരുന്ന ബഹു.അച്ചൻ ഏവരുടെയും പ്രിയങ്കരനായ വന്ദ്യവൈദികനായിരുന്നു. കേരളത്തിന് അകത്തും പുറത്തും സമൂഹത്തിന്റെ ഉത്തരവാദപ്പെട്ട പല ശുശ്രൂഷകളിലും ബഹു.ഡാനിയേൽ കടകംപള്ളിൽ അച്ചൻ വ്യാപൃതനായി.

1990–96 കാലയവിൽ സമൂഹത്തിന്റെ ഭരണസമിതിയിൽ തെരഞ്ഞെടുക്കപ്പെടുകയും പ്രൊക്യുറേറ്റർ ജനറലായി തന്റെ ദൗത്യം വിശ്വസ്തതയോടെ നിർവഹിക്കുകയും ചെയ്തു.

1998–2009 വരെയുള്ള വർഷങ്ങളിൽ നെടുമങ്ങാട് ഐ.റ്റി.സി.യുടെ ഡയറക്ടർ ആയും 2012–2016 വരെ നാലാഞ്ചിറ ബഥനി കോളേജിന്റെ പ്രിൻസിപ്പൽ ആയും പിന്നീട് വേങ്കോട് നവജീവൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കറസ്പോണ്ടന്റ് ആയും ബി.എഡ് കോളേജിന്റെ ഡയറക്ടർ ആയും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

2019–ൽ പത്തനംതിട്ട, തൈക്കാവ്, മൗണ്ട് താബോർ ആശ്രമത്തിൽ സുപ്പീരിയർ ആയി സേവനം അനുഷ്ഠിക്കുന്ന സമയത്ത് ആരോഗ്യപരമായ ക്ലേശങ്ങൾ നിമിത്തം സജീവമായ അജപാലനശുശ്രൂഷയിൽ നിന്ന് മാറി നാലാഞ്ചിറ ബഥനി ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന ബഹു.ഡാനിയേൽ കടകംപള്ളിൽ അച്ചൻ. 2021 ഡിസംബർ മാസം 15–ാം തീയതി രാവിലെ പിരപ്പൻകോട് സെന്റ് ജോൺസ് ആശുപത്രിയിൽ വച്ച് തന്റെ നിത്യസമ്മാനത്തിനായി അദ്ദേഹം യാത്രയായി.

ബഹു.അച്ചന്റെ ജീവിതത്തിലുടനീളം പാവങ്ങളോട് കരുണ കാണിച്ചുകൊണ്ട് തന്റെ അജഗണത്തിന്റെ സമഗ്രമായ വളർച്ചയ്ക്കായി അദ്ധ്വാനിച്ച തീക്ഷ്ണതയേറിയ ബഥനിയിലെ മിഷനറി. തന്റെ വീടുതന്നെ ആയിരുന്ന ആശ്രമങ്ങളിലൊക്കെ സ്നേഹത്തിന്റെയും കരുണയുടെയും പ്രാർത്ഥനയുടെയും ചൈതന്യം പ്രസരിച്ചുകൊണ്ട് ജീവിച്ച ഒരു ഉത്തമ സന്ന്യാസിയായിരുന്നു ബഹുമാനപ്പെട്ട ഡാനിയേലച്ചൻ. മരണമാകുന്ന കവാടത്തിലൂടെ ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്ന ബഹു.ഡാനിയേലച്ചന്റെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിൽക്കുന്നു. ■



# ഉശിരിന്റെ ആധാരൂപം
# ബഹു.ഡാനിയേൽ കടകംപള്ളിലച്ചൻ



**ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**
ബഥനി ആശ്രമം, തിരുവനന്തപുരം

**ആത്മവിശ്വാസം വലിയ കൈമുതൽ:** ബ.ഡാനിയേൽ കടകംപള്ളിലച്ചൻ ബഥനി സമൂഹത്തിന്റെ വിവിധ ആശ്രമങ്ങളിലും മലങ്കര സഭയുടെ വിവിധ ഇടവകകളിലും സേവനം ചെയ്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സമൂഹത്തിന്റെ പ്രൊക്യുറേറ്റർ ജനറലായി ബ.സേവ്യറച്ചന്റെ നിര്യാണത്തെ തുടർന്ന് 1990 നവംബർ മുതലും തുടർന്ന് തെരഞ്ഞെടുപ്പിലൂടെ 1992-98 കാലത്തും പ്രവർത്തിക്കുകയുണ്ടായി. വിവിധയിടങ്ങളിൽ ശുശ്രൂഷ ചെയ്തപ്പോഴൊക്കെയും ആത്മവിശ്വാസവും ഉശിരും അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. വ്യക്തിപരമായി ഒരു ജ്യേഷ്ഠസഹോദരന്റെ അടുപ്പം എപ്പോഴും എനിക്ക് ലഭിക്കുകയും ആ വാത്സല്യവും സ്നേഹവും അവസാന നാളുകളിൽ (ജൂലൈ 2021, ഡിസംബർ 2021) കൂടെയും സ്വന്തമാക്കാൻ കഴിയുകയുണ്ടായി. ബഹു.അച്ചനെയോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. ബഹു.അച്ചനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**വൈവിധ്യമാർന്ന സേവനങ്ങൾ:** 1978-ൽ വൈദികനായ എനിക്ക് കോട്ടയം ആശ്രമത്തിൽ ആയിരുന്നുകൊണ്ട് കളത്തിപ്പടി ഇടവകയുടെ ചുമതല ഭരമേല്പിക്കപ്പെട്ടു. ബ.ഡാനിയേലച്ചനായിരുന്നു ബഹു.പോൾ ചിലമ്പത്തച്ചനോടൊപ്പം എനിക്കുമുമ്പ് ഇടവകയുടെ സഹവികാരി. തുടർന്നദ്ദേഹം അഭിവന്ദ്യ പീലക്സിനോസ് പിതാവിന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ട് കുന്നംകുളത്തേക്കു പോയി. അവിടെയായിരുന്നപ്പോൾ ഗൗരവമായ ഒരു വാഹനാപകടം അദ്ദേഹത്തിനുണ്ടായി. അന്ന് ബ.പക്കോമിയോസച്ചനോടൊപ്പം ഡാനിയേലച്ചനെ ആശുപത്രിയിൽ പോയി കാണുകയുണ്ടായി. ഫാ.ബോസ്കോ പുത്തൂരും (ഇന്ന് മെൽബൺ ബിഷപ്പ് ആസ്ട്രേലിയ) അന്ന് ബഹു.അച്ചനെ കാണാനെത്തിയതോർക്കുന്നു. അവസരത്തിനൊത്തുയരാനും ഏത് പ്രതിസന്ധിയെയും നേരിടാനുമുള്ള ഉൾക്കരുത്ത് ബഹു.അച്ചനുണ്ടായിരുന്നു. ആലുവാ ആശ്രമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ബഹു.അച്ചൻ ബഹു.പക്കോമിയോസച്ചനൊടൊപ്പം പങ്കു വഹിച്ചിട്ടുണ്ട്.

**ബാഹ്യകേരളത്തിലും:** രണ്ടോ മൂന്നോ ബാച്ച് ഒന്നാം വർഷക്കാരായ പ്രി-നോവിസസ്സിന്റെ (ബഹു.മത്തായി കടവിലും അവരിലൊരാളാണ്) ചുമതല വഹിച്ചശേഷം 1981-ൽ പൂനായിലെ റെക്ടറുടെ അസിസ്റ്റന്റും പ്രൊക്യുറേറ്ററും ബോംബെയിലും വികാരിയുമായി ഞാൻ നിയമിതനായി. അക്കാലത്താണ് ബോംബെയിൽ ബഥനി വകയായി ഒരു ഫ്ളാറ്റ് വാങ്ങുന്നത്. ജംബോദർശൻ എന്ന ഫ്ളാറ്റിൽ പൂനായിൽ നിന്ന് ശനിയാഴ്ച എത്തി താമസിച്ച് വഡാലയിലും ബൊറിവ്ലിയും വി.കുർബാന അർപ്പിച്ചിട്ടുണ്ട്. പൂനായിൽ വന്ന് അവിടുത്തെ ജോലി


ചെയ്കയായിരുന്നു എന്റെ രീതി. എനിക്കുശേഷം ബഹു.ഇഗ്നേഷ്യസ് കടിയംകുന്നിലച്ചൻ ഇവിടെ നിയമിതനായി. അതേ തുടർന്ന് നിയമിതനായ ബഹു.ഡാനിയേൽ കടകംപള്ളിലച്ചൻ ബോംബെ കൂട്ടായ്മയെ വളർത്തുന്നതിന് ഏറെ സംഭാവന ചെയ്തു.

**തുടക്കങ്ങളുടെ സഹകാരി:** തിരുവനന്തപുരത്ത് ബഹു.ബർണാർഡച്ചന്റെയും ബഹു.സന്തോഷച്ചന്റെയും നേതൃത്വത്തിൽ ബഥനി കോളേജും ബഥനി ഹോസ്റ്റലും തുടങ്ങുമ്പോൾ ബഹു.ലൂയിസച്ചൻ സുപ്പീര്യർ ജനറലും (1986-91) ബഹു.ഡാനിയേൽ കടകംപള്ളിലച്ചൻ നാലാഞ്ചിറ സുപ്പീര്യറുമായിരുന്നു. അച്ചന്റെ ശക്തമായ പിന്തുണയിലാണ് ഈ സ്ഥാപനങ്ങൾ ഉയർന്നു വന്നത്.

**വിദ്യാഭ്യാസരംഗത്ത്:** നെടുമങ്ങാട് ബഥനി ഐ.റ്റി.സി.യുടെ ചുമതലയായി (2003-2006) ബഹു.അച്ചൻ സേവനം ചെയ്തു. നാലാഞ്ചിറ ബഥനി കോളേജിന്റെ ചുമതലക്കാരനായും വേങ്കോട് സ്ഥാപനങ്ങളുടെ ചുമതലക്കാരനായും ബഹു.അച്ചൻ സേവനം ചെയ്തിട്ടുണ്ട്.

**തനിമയും തന്റേടവും:** എല്ലായ്പ്പോഴും ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാൻ ബഹു.അച്ചന് സാധിച്ചു. സംസാരത്തിലും ഇടപെടലിലും തന്റേടത്തോടെ പ്രവർത്തിക്കുന്ന വ്യക്തിത്വമായിരുന്നു ബഹു.ഡാനിയേലച്ചന്റേത്. ബഥനി നഗർ ദയറാ ആശ്രമത്തിന്റെ അദ്ധ്യക്ഷനായിട്ടും ബഹു.അച്ചൻ നേതൃത്വം കൊടുത്തിട്ടുണ്ട്. തിരുവനന്തപുരം, തിരുവല്ലാ, പത്തനംതിട്ട, മാവേലിക്കര, മൂവാറ്റുപുഴ തുടങ്ങിയ എല്ലാ രൂപതകളിലും ബഹു.അച്ചൻ സേനം ചെയ്തിട്ടുണ്ട്.

**ആദരാഞ്ജലി:** ബഹു.അച്ചന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും ഗുരുജനങ്ങളെയും നമ്മുടെ പ്രാർത്ഥനയിൽ നമുക്ക് സമർപ്പിക്കാം. ബഹു.അച്ചൻവഴി ലഭിച്ച എല്ലാ നന്മകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. നല്ലവനായ ദൈവം ബഹു.അച്ചന്റെ ജീവിതത്തിൽ ചൊരിഞ്ഞ എല്ലാ കൃപകൾക്കായും അവിടുത്തെ സ്തോത്രം ചെയ്യുന്നു. ബഹു.അച്ചനുവേണ്ടി പ്രാർത്ഥിക്കാം. ദൈവം ബഹു.അച്ചനെ ഇമ്പങ്ങളുടെ പറുദീസായിൽ എന്നേക്കും വസിപ്പിക്കുമാറാകട്ടെ. ■



# ഓർമ്മയിലെ ഡാനിയേലച്ചൻ



**ഫാ. ഡാനിയേൽ ജീവൻ ഒ.ഐ.സി.**

ഡാനിയേൽ കടകംപള്ളിൽ അച്ചനെക്കുറിച്ച് കുറച്ചു ഓർമ്മകൾ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

എന്റെ മാതൃ ഇടവകയായ പുത്തൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നിന്നുള്ള ആദ്യത്തെ ബഥനി വൈദികൻ ആയിരുന്നു സ്നേഹ ബഹുമാനപ്പെട്ട ഡാനിയേൽ കടകംപള്ളിൽ അച്ചൻ. ദൈവവിളികളാൽ സമ്പന്നമായ പുത്തൂർ ഇടവകയിൽ നിന്നും ആദ്യമായി ബഥനിയിലേക്ക് ദൈവവിളി സ്വീകരിച്ചു കടന്നുവന്നത് സ്നേഹ ബഹുമാനപ്പെട്ട ഡാനിയേൽ കടകംപള്ളിൽ അച്ചനായിരുന്നു. വ്യക്തിപരമായി പറയുമ്പോൾ, ഞാൻ അദ്ദേഹത്തെ ആദ്യമായി പരിചയപ്പെടുന്നത് എന്റെ ആദ്യകുർബ്ബാന സ്വീകരണത്തിന്റെ ദിവസമാണ്. അന്ന് ദേവാലയത്തിന്റെ തിരുനാൾ ദിവസം കൂടി ആയിരുന്നതുകൊണ്ട് അദ്ദേഹം അന്നത്തെ ചടങ്ങുകളിൽ പങ്കെടുക്കാനായി കോട്ടയത്തുനിന്നും വന്നത് എന്റെ ഓർമ്മയിലുണ്ട്. ആദ്യമായി കടകംപള്ളിൽ അച്ചനോട് സംസാരിക്കുന്നതും അന്നായിരുന്നു. ആദ്യകുർബാന സ്വീകരണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഉള്ളിലേക്ക് ഈശോ കടന്നുവരുമ്പോൾ നമ്മുടെ ഹൃദയം നിർമ്മലമായിത്തീരണം എന്നൊക്കെ അന്ന് അച്ചൻ ഏറെ കാര്യങ്ങൾ പറഞ്ഞുതന്നത് ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്.

വർഷങ്ങൾക്കുശേഷം ആശ്രമത്തിൽ ചേരുന്ന സമയത്താണ് പിന്നീട് ഡാനിയേൽ അച്ചനെ കാണുന്നത്. പിതൃതുല്യമായ വാത്സല്യത്തോടുകൂടി ബഥാനിയൻ സാഹോദര്യത്തിന്റെ കൂട്ടായ്മ ഉറപ്പാക്കിക്കൊണ്ട് വൈദികപഠനത്തിന്റെ പല ഘട്ടങ്ങളിലും സ്നേഹ ബഹുമാനപ്പെട്ട ഡാനിയേൽ അച്ചന്റെ ഇടപെടലുകൾ എനിക്ക് ബലമായിട്ടുണ്ട്. അദ്ദേഹം അജപാലന ശുശ്രൂഷ നടത്തിയിരുന്ന കൊരളിയോട് ദേവാലയത്തിൽ ഒരു ക്രിസ്മസ് ആഘോഷവുമായി ബന്ധപ്പെട്ടു ക്രിസ്മസിന്റെ ശുശ്രൂഷകൾക്ക് അദ്ദേഹത്തെ അനുയാത്ര ചെയ്യുവാനും അന്ന് അദ്ദേഹത്തോടൊപ്പം വിശുദ്ധ ബലിയിൽ പങ്കെടുക്കുവാനും ഉള്ള ഭാഗ്യം ലഭിച്ചത് എന്റെ ഓർമ്മയിലുണ്ട്. അദ്ദേഹം നാലാഞ്ചിറ ബഥനി ആശ്രമത്തിലായിരിക്കുന്ന സമയത്ത് അവധിക്ക് പൂനയിൽനിന്നും നാട്ടിലേക്ക് കടന്നുവരുന്ന ഞങ്ങൾ വൈദിക വിദ്യാർത്ഥികളെ ഏറെ കരുതലോടും സ്നേഹത്തോടും അദ്ദേഹം അഭിസംബോധന ചെയ്തത് ഇപ്പോഴും ഓർമയിലുണ്ട്.

ഓരോ കണ്ടുമുട്ടലുകളിലും ഒത്തിരി ക്രിയാത്മകമായ കാര്യങ്ങളും ബഥനിയുടെ ഭാവിയെക്കുറിച്ചുള്ള ചർച്ചകളും ജീവിതത്തിന്റെ അനുഭവങ്ങളിലും നിന്നും ഊറിവരുന്ന നല്ല ഗുണപാഠങ്ങളും ഒക്കെ അദ്ദേഹം പറഞ്ഞു തന്നത് ഇപ്പോഴും ഓർമയിലുണ്ട്. ജീവിതം ഒന്നേയുള്ളു എന്നും അത് സന്തോഷത്തിലും സമാധാനത്തിലും പരസ്പരം ഉള്ള

സ്നേഹത്തിലും ഐക്യത്തിലും സാഹോദര്യത്തിലും ജീവിച്ചു തീർക്കേണ്ടതാണെന്നും എന്നൊക്കെ അദ്ദേഹം പലപ്പോഴും പറയുമായിരുന്നു. വേദന നിറഞ്ഞ ജീവിതയാഥാർത്ഥ്യത്തിലൂടെ കടന്നു പോകുമ്പോഴും അതിലൊന്നും തളരാതെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് മുന്നേറാനായി ഓരോ വൈദിക വിദ്യാർത്ഥിയും പരിശീലിക്കണം എന്നൊക്കെയുള്ള ചിതറിയ ചിന്തകൾ അദ്ദേഹം ഞങ്ങളോട് പങ്കുവയ്ക്കുമായിരുന്നു.

ദൈവവിളി പ്രോത്സാഹനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹത്തോട് പങ്കുവയ്ക്കുമ്പോൾ ദൈവവിളി യഥാർത്ഥത്തിൽ പ്രോത്സാഹിക്കപ്പെടുന്നത് ആത്യന്തികമായി കുടുംബങ്ങളിലാണ് എന്ന് അദ്ദേഹം എപ്പോഴും ഉറച്ചു വിശ്വസിച്ചിരുന്നു. പ്രാർത്ഥനയും ത്യാഗമനോഭാവവും സഭയോടുള്ള സ്നേഹവും ദൈവാശ്രയ ബോധവും ഉള്ള കുടുംബങ്ങളിൽ നിന്നും മാത്രമേ ഉറപ്പുള്ള ദൈവവിളികൾ ഉണ്ടാവുള്ളു എന്ന് അദ്ദേഹം പലപ്പോഴും പറയുമായിരുന്നു. സ്ഥിരതയുള്ള പ്രാർത്ഥനാജീവിതും ചിട്ടയായ ജീവിതക്രമവും അദ്ദേഹത്തിന്റെ മുഖമുദ്രകളായി ഞാൻ കണ്ടറിഞ്ഞിട്ടുണ്ട്. അടുക്കോടും ചിട്ടയോടും വൃത്തിയോടും കൂടെ ഓരോ കാര്യങ്ങളും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ ഒരു ജീവിതവ്രതമായിരുന്നു എന്നുതന്നെ പറയുവാൻ കഴിയും. ബഥനി ആശ്രമവും തിരുസഭയും തമ്മിലുണ്ടായിരിക്കേണ്ട ഗാഢമായ ബന്ധത്തെക്കുറച്ച് അദ്ദേഹം പലപ്പോഴും വാചാലനായിരുന്നത് എന്റെ ഓർമ്മയിൽ തെളിയുന്നു.

ജീവിതത്തിന്റെ അന്ത്യ നിമിഷങ്ങളിൽ രോഗാവസ്ഥയിലായിരുന്ന സമയത്ത് ഏറെ സഹനത്തിന്റെ അനുഭവങ്ങളിലൂടെ അദ്ദേഹം കടന്നുപോയിട്ടുണ്ട് എന്നത് നിസ്തർക്കമാണല്ലോ. രോഗങ്ങളെയും സഹനങ്ങളെയുമൊക്കെ ഭീതിയോടുകൂടി കാണാതെ പ്രാർത്ഥനയോടും സഹന മനോഭാവത്തോടും കൂടി കാണുവാൻ കഴിയണമെന്ന് തന്റെ അവസാന നാളുകളിൽ അദ്ദേഹം പലപ്പോഴും പങ്കുവയ്ക്കുമായിരുന്നു. തീരെ അവശനായ നിലയിൽ പിരപ്പൻകോട് ആശുപത്രിയിൽ പോയി സന്ദർശിച്ച സമയങ്ങളിലൊക്കെ ഏറെ പ്രാർത്ഥനയിലും സഹനത്തിലും ഭൂമിയിലെ തന്റെ ജീവിതം ദൈവകരങ്ങളിലേക്ക് സമർപ്പിക്കാനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഒരു സന്ന്യാസ വൈദികനെയാണ് അദ്ദേഹത്തിൽ എനിക്ക് കാണുവാൻ കഴിഞ്ഞത്.

ബഹു.ഡാനിയേൽ കടകംപള്ളിൽ അച്ചൻ നമ്മളിൽ നിന്നും വാങ്ങിപ്പോകുമ്പോൾ ബാക്കിയാവുന്നത് കുറേ ഓർമ്മകളാണ്. എന്നെ സംബന്ധിച്ചിടത്തോളം എന്റെ മാതൃ ഇടവകയിൽ നിന്നും ഉള്ള മുതിർന്ന തലമുറയിലെ ഒരു വൈദികൻ കൂടി യാത്രയാവുകയാണ്. പുത്തൂർ ഇടവകയിൽ ബഥനി ആശ്രമത്തിലേക്കുള്ള ദൈവവിളികളുടെ നിരയ്ക്കു ആരംഭമിട്ട ഒരു വന്ദ്യ വൈദികൻകൂടി യാത്രയാവുന്നു. ഇടവക മക്കളുടെയും പ്രിയപ്പെട്ടവരുടെയും ഒക്കെ ഓർമകളിൽ ഡാനിയേൽ അച്ചന്റെ ചിരിക്കുന്ന, ഓജസ്സാർന്ന, പുഞ്ചിരിയോട് കൂടിയുള്ള മുഖം എന്നും നിലനിൽക്കുന്നുണ്ട്. ബഥനിയുടെ ഓർമ്മ പുസ്തകത്തിന്റെ താളുകളിലേക്ക് ഒരു മുതിർന്ന വൈദികന്റെ പേരുകൂടി ആലേഖനം ചെയ്യപ്പെടുന്നു. ആ ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ അദ്ദേഹത്തിന് ദൈവം നിത്യഭാഗ്യം വാഗ്ദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, അദ്ദേഹത്തിൽ നിന്നും സ്വാംശീകരിച്ച ജീവിത മൂല്യങ്ങളിൽ ബഥനിയിലെ പുതുതലമുറക്ക് എന്നും ഒരു മുതക്കൂട്ടാകട്ടെ, ഒരു മാതൃകയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

■

# ഡാനിയേൽ ഒ.ഐ.സി അച്ചൻ എന്റെ ഉപ്പാപ്പൻ മാത്രമായിരുന്നില്ല!!!



**സി.പ്രതിഭ എസ്.ഐ.സി.**

അബ്രഹാമിന്റെ വിശ്വാസവും മോശയുടെ ധൈര്യവും ദാനിയേലിന്റെ ജ്ഞാനവും ഏലിയായുടെ തീക്ഷ്ണതയും പൂർവ യൗസേപ്പിന്റെ ദൈവാശ്രയത്വവും, മദർ തെരേസായുടെ അഗതികളോടും ആലംബഹീനരോടുമുള്ള കരുതലും സ്നേഹവും നിറഞ്ഞു നിന്ന വ്യക്തിത്വമായിരുന്നു ആദരണീയനായ കടകംപള്ളിൽ ഡാനിയേൽ ഒ.ഐ.സി. അച്ചൻ.

മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു (ജെറ 1:5). 1950 ജനുവരി 19-ന് കടകംപള്ളിൽ കുടുംബത്തിൽ ഒരു ശിശു പിറക്കുന്നതിനുമുമ്പ് തന്നെ കുഞ്ഞ് ഡാനിയേലിനെ പറ്റിയുള്ള ദൈവത്തിന്റെ പദ്ധതി നമുക്ക് അജ്ഞാതമായിരുന്നുവെങ്കിലും ദൈവത്തിന് അപ്രകാരമല്ലല്ലോ. ഏശയ്യാ 43:1-ലൂടെ പേര് ചൊല്ലി വിളിച്ച ശിശുവിന്റെ ജീവിതത്തിലൂടെ ഏഴ് പതിറ്റാണ്ടിലൂടെ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാം.

ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്ക് വേണ്ടി പോവുക?.... ഇതാ ഞാൻ എന്നെ അയച്ചാലും. ഏശയ്യ 6:8 എന്ന വിളി ശ്രവിച്ചുകൊണ്ട് തന്റെ എളിയ ജീവിതം ബഥനി സന്ന്യാസസമൂഹത്തിലൂടെ കർത്താവിന് സമർപ്പിച്ചു.

ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്ന തിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും... ഏശയ്യാ 61:1-2 വചനത്തിലൂടെ തനിക്ക് ലഭിച്ച വിളിയുടെ ദൗത്യം അച്ചന്റെ പൗരോഹിത്യസന്യാസ ജീവിതത്തിലൂടെ ഫലദായകമായി തീരുകയായിരുന്നു.

സന്ന്യാസി എങ്കിലും സന്ന്യാസം തരുന്ന സുരക്ഷിതത്വത്തിൽ ഇടം തേടാത്തവൻ സന്ന്യാസത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങാതെ അതിലുപരി സന്ന്യാസത്തിന്റെ ആന്തരിക ആത്മീയതയുടെ അന്തസത്ത കൈമുതലാക്കി എപ്പോഴും പ്രസാദാത്മകമായ ജീവിതം നയിച്ചവൻ... ഗുരുശ്രേഷ്ഠനായ ഡാനിയേലച്ചൻ സമർപ്പിച്ച പൗരോഹിത്യജീവിതം ആസ്വദിച്ച് അനുഭവിച്ച് ജീവിച്ച വ്യക്തിയായിരുന്നു.

എന്ത് എവിടെ ആർക്ക് ഒരാവശ്യം ഉണ്ടെന്നറിഞ്ഞാൽ അവിടെ ഓടിയെത്തി - കാനായിലെ കല്ല്യാണവിരുന്നിലെ കുറവിനെ പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യം നിറവാക്കിയതുപോലെ - കുറവുകൾ പരിഹരിക്കാൻ ഓടി നടന്നവൻ.

രക്തബന്ധത്തെക്കാളും വ്യക്തിബന്ധത്തെക്കാളും ഉപരി- അധികമാർക്കും തിരിച്ചറിയാൻ കഴിയാത്ത ഒരു ആത്മീയബന്ധം സ്ഥാപിച്ചെടുത്ത് ഏവർക്കും താങ്ങും തണലുമായി നിന്നവൻ.

പണ്ഡിത പാമരഭേദമെന്യേ വലിപ്പച്ചെറുപ്പമെന്യേ, ജാതി മത വർഗ വർണ വ്യത്യാസമെന്യേ മനുഷ്യത്വം ജീവിച്ചവൻ എല്ലാവർക്കും എപ്പോഴും സംലഭ്യമായ വ്യക്തിത്വത്തിനുടമ.

ഞാൻ സകല മർത്യരുടെയും ദൈവമായ കർത്താവാണ്. എനിക്ക് അസാധ്യമായി എന്തെങ്കിലുമുണ്ടോ? ജെറ 32:27 വചനത്തിന്റെ ആഴം തിരിച്ചറിഞ്ഞ് വേദനിക്കുന്നവരുടെ ഹൃദയത്തുടിപ്പുകൾ സ്വന്തം ഹൃദയത്തുടിപ്പായി സ്വീകരിച്ച് കൂടെയായിരുന്നു ആശ്വസിപ്പിക്കുന്നവൻ. മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജീവിതശൈലി എന്ന പോലെ ജീവിക്കാൻ ആവശ്യമായ മീനിനെ അനുദിനം നല്കിക്കൊണ്ടിരിക്കുന്നതിലുപരി മീൻ പിടിക്കാനുള്ള ചൂണ്ട നൽകി സ്വയം തൊഴിൽ ചെയത് സ്വയം പര്യാപ്തതയിൽ ജീവിക്കാൻ താൻ സമീപിച്ചവരെയും തന്നെ സമീപിച്ചവരെയും പര്യാപ്തനാക്കിയവൻ അതിനൊരു ഉദാഹരണമായിരുന്നു.

**നെടുമങ്ങാട് ഐ.റ്റി.സി.**

നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ളതെന്ന് (ജെറ 29:11) തിരിച്ചറിഞ്ഞ് പ്രതികൂലങ്ങളുടെ നടുവിൽ ഒളിച്ചോടാതെ അതിനെ സധൈര്യം വചനശക്തിയാൽ നേരിട്ട് അവയെ ചവിട്ടു പടികളായി ചവിട്ടിക്കയറി വിജയം വരിച്ച് ദൈവജനത്തിന് സേവനം ചെയ്തവൻ തന്റെ ശുശ്രൂഷാമേഖലകളിലെ സ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, കോളേജുകൾ, നെടുമങ്ങാട് ഐ.റ്റി.സി, തൃപ്പാദം, ഹോസ്റ്റൽ തുടങ്ങിയ സേവനരംഗങ്ങളിൽ സഹപ്രവർത്തകരെയും, രക്ഷാകർത്താക്കളെയും വിദ്യാർത്ഥികളെയും ദേശവാസികളെയും, രാഷ്ട്രീയത്തെയും ഒക്കെ ചേർത്തു പിടിച്ച് ആ സ്ഥാപനങ്ങളിലൂടെ ദൈവം എന്താഗ്രഹിക്കുന്നുവോ അത് നടപ്പിലാക്കി ദേശത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കായി ശാരീരിക, മാനസിക, ബൗദ്ധിക ആത്മീയ മേഖലകളെ പരിപോഷിപ്പിച്ച ഒരു നലം തികഞ്ഞ സാമൂഹിക പരിഷ്കർത്താവ് കൂടിയായിരുന്നു അച്ചൻ. സ്വന്തബന്ധങ്ങളിൽക്കതീതമായി സ്വന്തം സ്ഥാനമാനങ്ങളെ വലിയ കാര്യമായി പരിഗണിക്കാതെ ഏവരുടെയും തോളിൽ തട്ടി, തോളിൽ കൈയ്യിട്ട് ചിരിച്ച് ചിന്തിപ്പിക്കുന്ന നർമ്മങ്ങൾ തൊടുത്തുവിട്ട് ആരെയും അന്യനാക്കാതെ ആരുടെയും അന്യനാകാതെ എല്ലാവരുടെയും സ്വന്തമാകുന്ന എല്ലാവരെയും സ്വന്തമാക്കുന്ന ജീവിതശൈലി കൈമുതലാക്കിയവൻ.

സമൂഹത്തിലെ വിവിധ തസ്തികകളായ ജനറൽ പ്രൊക്യുറേറ്റർ, നിരവധി ആശ്രമങ്ങളിലെ സുപ്പീര്യർ മാനേജർ, ഡയറക്ടർ, പ്രിൻസിപ്പാൾ, ഹോസ്റ്റൽ വാർഡൻ തുടങ്ങിയ തലങ്ങളിൽ ബഥനി സമൂഹത്തിലൂടെ തനതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വത്തിനുടമ.

ഇടവകകളിലെയും മിഷനുകളിലെയും അജഗണങ്ങളെ പേര് ചൊല്ലി വിളിക്കുന്ന ആടിന്റെ ചൂടും ചൂരും മണവും അടുത്തറിഞ്ഞ നല്ല ഇടയൻ. ഇടവകകളിലെ പെരുന്നാളുകളിൽ കലാ സാംസ്കാരിക വളർച്ചയ്ക്ക് 'Seena Arts' പോലുള്ള കലാവേദികളൊരുക്കി ശാരീരിക മാനസിക ആത്മീയ ഉത്തേജനം പകർന്ന കർമ്മയോഗി.

അച്ചന്റെ കൂടെ മിഷന് പോകുന്ന സിസ്റ്റേഴ്സിന് വളരെ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാനുള്ള സാഹചര്യവും കരുതലും പ്രോത്സാഹനവും പരിഗണനയും നല്കി കൂടെ

വരുന്നവരുടെ കഴിവുകൾ ഇടവകയിൽ പ്രയോജനപ്പെടുത്താനും അവരെ വളർത്താനും അച്ചൻ വളരെ ഉത്സുകനായിരുന്നു.

ബഥനി സന്ന്യാസ സമൂഹത്തിലൂടെ മലങ്കര സഭയിലെ മിക്കവാറും എല്ലാ രൂപതകളിലും ശുശ്രൂഷ ചെയ്യാനും എല്ലാ രൂപതയോടും രൂപതാദ്ധ്യക്ഷന്മാരോടും ചേർന്ന് തന്റെ ശുശ്രൂഷാരംഗം ഫലപ്രദമാക്കാൻ അസുലഭഭാഗ്യം ലഭിച്ച വ്യക്തികൂടിയായിരുന്നു അച്ചൻ.

തന്റെ സ്വതസിദ്ധമായ ആശയങ്ങളും അഭിപ്രായങ്ങളും പറയേണ്ട സമയത്ത് പറയേണ്ടതു പോലെ ആരുടെയും മുഖം നോക്കാതെ പ്രകടമാക്കാനുള്ള ഒരു പ്രവാചക ശബ്ദത്തിൽ ജെറ.1:5 ഉടമ കൂടിയായിരുന്നു. ചിലപ്പോൾ ചില അഭിപ്രായങ്ങൾ കൂടെയുള്ളവർക്ക് സ്വീകാര്യമായിരുന്നില്ലെങ്കിലും പിൽക്കാലത്ത് അത് അംഗീകരിക്കപ്പെടുക തന്നെ ചെയ്തിട്ടുണ്ട് എന്ന് കാലം തെളിയിച്ചിട്ടുണ്ട്.

സഹോദരന്മാർ ഏക മനസ്സായി ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷ പ്രദവുമാണ് (സങ്കീ 133:1). നിത്യതയിലേക്ക് ഊളിയിട്ട് ഇറങ്ങിയ സഹോദരങ്ങളായ മാത്യു അച്ചനും ഡാനിയേലച്ചനും ഈ വചനം അവരുടെ ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിരുന്നു എന്ന് അവരെ അല്പമെങ്കിലും അടുത്തറിയുന്ന ഏവർക്കും സുപരിചിതമാണ്. വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. അപ്പ.4:32 ഈ സഹോദര വൈദികരെ സംബന്ധിച്ചിടത്തോളം ഈ വചനം അക്ഷരം പ്രതി അന്വർത്ഥമായിരുന്നു.

പ്രായംകൊണ്ട് ഇളയതെങ്കിലും സ്ഥാനം കൊണ്ട് അപ്പന്റെ സ്ഥാനമുള്ള ഡാനിയേലച്ചനോട് ‘എടാ ഉപ്പാപ്പാ’ സുഖമാണോ എന്ന ജോസച്ചന്റെ ഫലിതാത്മകമായ വിളിക്ക് ‘എന്താടാ മോനേ’ സുഖമാണല്ലോ എന്ന ഡാനിയേലച്ചന്റെ മറുപടി ഞങ്ങളുടെ കൂട്ടായ്മകളെ ഊർജ്ജവത്താക്കുന്ന അനുഭവങ്ങളിൽ ഒന്നു മാത്രമാണ്.

നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ലാ ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. നിങ്ങളെന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും ഞാൻ നല്കും എന്ന വചനം ജീവിതത്തിൽ ജീവിച്ച് അനുഭവിച്ച വ്യക്തിയായിരുന്നു ഡാനിയേലച്ചൻ. എത്ര ബുദ്ധിമുട്ടേറിയ ജോലിയായാലും വളരെ ആയാസരഹിതമായി ലാഭകരമായ അവസ്ഥയിലേക്ക് നയിക്കാൻ അച്ചനുണ്ടായിരുന്ന ദൈവകൃപ എടുത്തു പറയത്തക്കതാണ്. അനുസരിക്കാൻ സന്നദ്ധമെങ്കിൽ നിങ്ങൾ ഐശ്വര്യം ആസ്വദിക്കും (ഏശ 1:19). ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. തുടങ്ങിയ വചനങ്ങൾ അച്ചന്റെ ജീവിതത്തിൽ സാർത്ഥകമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പുത്തൂര് നിന്നും അകലെ മലബാറിൽ താമസമാക്കിയ ഞങ്ങളോട് അച്ചനുണ്ടായിരുന്ന പ്രത്യേക സ്നേഹവും വാത്സല്യവും താല്പര്യവും വളരെയേറെ അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. അച്ചനിലൂടെ ലഭിച്ച പ്രചോദനങ്ങൾ ഉൾക്കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്താൻ ഇടയാകട്ടെ. ജീവിതമാതൃക കൊണ്ട് ഞങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഗുരുശ്രേഷ്ഠന് സ്വർഗീയ മാദ്ധ്യസ്ഥം നൽകി പുഷ്പമാരി ചൊരിയുന്ന ഉപ്പാപ്പനച്ചന് സ്നേഹപ്രണാമം.

■

# വിപുലമല്ലോ സൗഹൃദവലയം



**സി. ദീപാ ജോസ് ഡി.എം.**

'ദൈവവിളികളുടെ ഈറ്റില്ലം' എന്നു വിശേഷിപ്പിക്കാവുന്ന കടകംപള്ളിൽ കുടുംബത്തിലെ ഒരു മകളുടെ മകൾ എന്ന നിലയിൽ ചേട്ടൻ അച്ഛനും അനിയൻ അച്ഛനും നൽകിയിട്ടുള്ള കരുതലും സ്നേഹവും വർണ്ണനാതീതവും ഇനിയും തിരിച്ചു കിട്ടാത്തതുമാണ്. ബഹുമാനപ്പെട്ട ഒ. ഐ. സി. ഡാനിയൽ അച്ചൻ എനിക്ക് ഒരു പിതാവും സഹോദരനും അങ്കിളും എന്നു മാത്രമല്ല, എന്റെ സന്ന്യാസ ജീവിതത്തിന് കൂടുതൽ തിളക്കവും ഊർജ്ജസ്വലതയും ഊഷ്മളതയും മൂല്യവും ഉള്ളതാക്കാൻ ഏറെ സഹായിച്ച ഒരു മഹത് വ്യക്തിയാണ്.

സന്ന്യാസത്തിന്റെ മുഖമുദ്ര ആണല്ലോ സന്തോഷ പ്രകൃതം. വിപുലമായ ഒരു സുഹൃത് വലയം ദാനിയേൽ അച്ചനുണ്ട്. അത് അദ്ദേഹത്തിന്റെ വിശാലവും നിസ്വാർത്ഥവുമായ പ്രകൃതത്തിനു ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരമാണ്. ഒരിക്കൽ കണ്ടിട്ടുള്ളവരെ പോലും ഓർമ്മിക്കാനും സൗഹൃദത്തോടെ ഇടപെടാനും കഴിയുന്നത് ആദരവോടെ ഞാൻ അനുസ്മരിക്കട്ടെ. അനേകം കുടുംബങ്ങൾക്കും വ്യക്തികൾക്കും സഹായഹസ്തം നീട്ടിയ ഒരു വന്ദ്യ പുരോഹിതൻ.

ഏതു നിലയിൽ ഉള്ളവരോടും സ്നേഹപൂർവ്വം പെരുമാറുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ക്രിസ്തുവിന്റെ സ്നേഹ നിർദ്ദേശങ്ങൾ ശിരസാവഹിച്ച് കരുണാമൃതം പകർന്ന് സാധുജന സേവനം നിർവഹിച്ച ഒരു ഒരു കർമ്മനിരതൻ. സച്ചിദാനന്ദനായ ക്രിസ്തുനാഥന്റെ സ്നേഹ ശാസനകളും ജീവിതചര്യകളും ആദ്യന്തം സൂക്ഷ്മമായി പഠിച്ച് അത് അന്വർത്ഥമാക്കുന്ന സത്യാന്വേഷിയായ ഒരു ഉത്തമ സന്യാസി. മിഷനുകളിലെ 'സങ്കീഞ്ഞ്' സ്വയം അലക്കിത്തേച്ച് വൃത്തിയായി ഉപയോഗിക്കുന്നതിൽ വളരെ നിഷ്ഠ കാണിച്ചിരുന്നു. പ്രക്ഷുബ്ധമായ ഏതു സാഹചര്യത്തിലും ഒരു പുഞ്ചിരിയോടെ, നർമ്മബോധത്തോടെ അതിനെ നേരിടാൻ ധൈര്യം കാണിച്ച ഒരു നല്ല മിഷനറി, നിസ്വാർത്ഥമായി സഭയേയും തന്റെ സന്യാസ സമൂഹത്തേയും ഏറെ സ്നേഹിച്ച് ആസ്വദിച്ച് കടന്നുപോയി.

ആരെയും പിണക്കാതെ, ആരോടും പിണങ്ങാതെ എല്ലാവരിലും നന്മ കണ്ട് നല്ലതുകളെ പ്രോത്സാഹിപ്പിച്ച് മറ്റുള്ളവരുടെ കുറവുകളെ മറച്ചുപിടിച്ച് അവരെ സ്നേഹിക്കുന്ന ഒരു ശ്രേഷ്ഠ പുരോഹിതൻ. ലോകം വളരെ വലുതാണെന്നും മനുഷ്യൻ അതിൽ ജീവിക്കുന്ന ഒരു ചെറിയ ജീവി മാത്രമാണെന്നും ഉള്ള ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഈ മനോഭാവം ആകാം സമഭാവനയോടെ ഏവരോടും പെരുമാറാൻ അച്ഛന് കഴിവ് നൽകിയത്. ഏതെങ്കിലും ഒര വസരത്തിൽ ആ വിശാല ഹൃദയന്റെ സഹായം ആവശ്യമായി വന്നവരിൽ, മനുഷ്യത്വമുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം ഒരിക്കലും മങ്ങാത്ത ഓർമ്മയായി ശേഷിക്കട്ടെ. നിത്യപുരോഹിതനായ ക്രിസ്തുവിന്റെ വലതുഭാഗത്തിരുന്ന് സ്വർഗ്ഗീയ ശോഭയുള്ള നക്ഷത്രമായി പ്രകാശിക്കട്ടെ ഞങ്ങളുടെ ഡാനിയേലച്ചൻ. ■

***

# കൂട്ടായ്മയുടെ ആഴം നുകരുന്ന കുടുംബജീവിതം



**ഫാ. വർഗ്ഗീസ് പുത്തൻവീട്ടിൽ മാത്യു (മനു) ഒ. ഐ. സി**
ബഥനി ആശ്രമം, ചുനക്കര

"അടിയന്റെ കുടുംബം അങ്ങയുടെ മുൻപിൽ നിന്ന് ഒരിക്കലും മാറിപ്പോകാതിരിക്കേണ്ടതിന് അതിനെ അനുഗ്രഹിക്കാൻ തിരുവുള്ളമാകണമേ! ദൈവമായ കർത്താവേ, അങ്ങു വാഗ്ദാനം ചെയ്തിരിക്കുന്നു; അവിടുത്തെ അനുഗ്രഹത്താൽ അടിയന്റെ കുടുംബം എന്നേക്കും അനുഗൃഹീതമാകും" 2 സാമുവൽ 7 : 29).

**ആമുഖം**

കൂട്ടായ്മയുടെ അഴകും, ദൈവപരിപാലനയുടെ നിറവും, ജീവിതത്തിന്റെ ആസ്വാദനവുമാണ് കുടുംബത്തിന്റെ അർഥം. വീട്ടിലാകുമ്പോഴും, വീട്ടിൽ നിന്നകലുമ്പോഴും ഉള്ളു നിറയ്ക്കുന്ന സുഖമായും, ഉറവ വറ്റാത്ത സന്തോഷമായും നമ്മുടെ കൂടെയുണ്ടാകേണ്ട യാഥാർത്ഥ്യമാണിത്. "കൂടുമ്പോൾ ഇമ്പമുണ്ടാകുന്നത്" എന്ന സങ്കൽപത്തിനപ്പുറം മാത്രമല്ല, 'കൂടുതൽ ഇമ്പമുണ്ടാകുന്നത് കൂടിയാവണം' കുടുംബം. വീടിനുള്ളിൽ കിട്ടാത്തതായി ഒന്നും ഉണ്ടാവരുത്. ഓർമയിൽ വസന്തം കുന്നുകൂടുന്നതും, താഴ്വരയുടെ സംഗീതത്തിലലിഞ്ഞ തളിരിട്ട കിനാക്കൾ പോലെ നിറച്ചാർത്തുകൾ നിറഞ്ഞ് ശോഭിക്കുന്ന അനുഭവമാകണം കുടുംബാന്തരീക്ഷം. വീട്ടിന്റെ പുറത്തുനിന്ന് കിട്ടാനാഗ്രഹിക്കുന്ന സുഖവും ശൈത്യവും വീട്ടിനുള്ളിൽ നിന്ന് കിട്ടണം. ഓർമകളിൽ പോലും കൂടെപ്പോരുന്ന പുളകമാകണം വീടും കുടുംബവും. പണം കൊടുക്കാതെ ഭക്ഷണം കഴിച്ച്, മഴ കൊള്ളാതെ കിടന്നുറങ്ങാനുള്ള കെട്ടിടമായിക്കാണുന്ന 'ഹോസ്റ്റൽ സംസ്കാരത്തിന്റെ' പ്രതിഫലനമല്ല വീട്ടിലുള്ളത്. അനുദിനം ഊഷ്മളമാകുന്ന ബന്ധങ്ങളുടെ ഉറവ വറ്റാത്ത ഉൾപ്പുളകമായി അനുഭവിക്കേണ്ട രസമാണത്. ബന്ധങ്ങളുടെ തീവ്രതയും ആഴവും ആണ് വീടിന്റെ ഉള്ളടക്കം. നമ്മുടെ കുടുംബം നമുക്ക് പ്രിയങ്കരമായിത്തീരുന്നത്, നമുക്ക് പ്രിയമുള്ളവർ അവിടെയായതിനാലാണ്. പരി. സഭ കുടുംബവർഷമായി ആചരിക്കുമ്പോൾ വചനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബജീവിതം കൂടുതൽ ശോഭനമാകുന്നതിന് ഒരു പുനർവായനയിലേക്ക് സഭ നമ്മെ ക്ഷണിക്കുന്നു.

**ഭാരതീയ സംസ്കൃതിയിലെ കുടുബദർശനം**

'വസുധൈവ കുടുംബകം ' പ്രപഞ്ചം തന്നെയാണ് കുടുംബം; നമ്മുടെ കുടുംബങ്ങളിലും ഈ ബന്ധം തന്നെയാണുള്ളത് എന്ന് ഭാരത സംസ്കാരം പഠിപ്പിക്കുന്നു. ഒരു വ്യക്തി പൂർണമായും കുടുംബ ബന്ധങ്ങളിൽ ഏർപ്പെടുന്ന പ്രക്രിയയാണ് ഗൃഹസ്ഥാശ്രമം അഥവാ ഗാർഹസ്ഥ്യം. ഹിന്ദുധർമ്മമനുസരിച്ച് മനുഷ്യൻ അനുഷ്ഠിക്കേണ്ട രണ്ടാമത്തെ ജീവിതഘട്ടമാണ് ഇത്. ഇതിൽ കുടുംബം ദൈവീകമായ ഒരു ആശ്രമം തന്നെയാണ്. ഈ ആശ്രമജീവിതം നയിക്കുന്ന വ്യക്തിയെ ഗൃഹസ്ഥൻ എന്ന് പറയുന്നു. വിദ്യാർത്ഥി അഥവാ ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്യാസി എന്നിവർ ഗൃഹസ്ഥനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ആശ്രമധർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഗൃഹസ്ഥാശ്രമം. വിവാഹത്തോടെ ഗാർഹസ്ഥ്യം തുടങ്ങുന്നു.

സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നിലനിൽപ്പ് ഗൃഹസ്ഥാശ്രമികളിലാണ്. ഗൃഹസ്ഥാശ്രമത്തി ലൂടെ ഉണ്ടാ കുന്ന പുതിയ തലമുറ രാഷ്ട്രത്തിന്റെ അഭിവൃദ്ധിക്ക് അത്യാവശ്യമാണ്. വിവാഹനിയമങ്ങൾ, ഭാര്യാഭർത്താക്കന്മാരുടെ ചുമതലകൾ, പുത്രധർമം, പിൻതുടർച്ചാവകാശം, പിതൃകർമാനുഷ്ഠാനങ്ങൾ എന്നിവയെപ്പറ്റി ധർമസൂത്രങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഗൃഹസ്ഥൻ പഞ്ജമഹായജ്ഞം അനുഷ്ഠിക്കണമെന്നും ധർമശാസ്ത്ര ഗ്രന്ഥങ്ങൾ അനുശാസി ക്കുന്നു. രാജ്യഭരണം, ഗൃഹഭരണം എന്നിവ പുത്രനെ ഏല്പിച്ചിട്ട് തനിച്ചോ ഭാര്യാസമേത നായിട്ടോ വാനപ്രസ്ഥം സ്വീകരിക്കുന്നു. വിദ്യാഭ്യാസത്തിലൂടെയും ഇന്ദ്രിയനിഗ്രഹത്തി ലൂടെയും പരിശുദ്ധനായ വ്യക്തി സമുദായത്തേയും പൊതുജനങ്ങളേയും ധർമ്മബുദ്ധ്യാ സേവ ചെയ്യാൻ ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്നുവന്ന് രമണമഹർഷി അഭിപ്രായപ്പെടുന്നു[1].

ഭാര്യാഭർതൃസങ്കല്പം വ്യത്യസ്ത തത്വങ്ങളല്ല. രണ്ടും ഒരു തത്വം തന്നെയാണ്. തത്വാർത്ഥ മനുസരിച്ച് ഭർത്താവിനെക്കൂടാതെ ഭാര്യ നിലനിൽക്കുന്നില്ല. തിരമാലകളും സ്വച്ഛമായ സമുദ്രവും പോലെ രണ്ടും ഒന്നുതന്നെ. സമുദ്രജലത്തിന്റെ തന്നെ ചലനമാണ് തിരയായിത്തോന്നുന്നത്. ഓളവും തിരയും കൊണ്ട് ജലത്തെ അറിയുന്നതുപോലെ കർമ്മചലനം (നാനാ കർമ്മങ്ങൾ) കൊണ്ട് നിശ്ചലമായ ആത്മതത്ത്വം അറിയണം. ഈ തത്ത്വം തന്നെയാണ് ഭാര്യാഭർതൃ ബന്ധത്തിലും ഉള്ളത്. വെള്ളം കൂടാതെ തിരയില്ലാത്തതുപോലെ, ഭർത്താവിനെ കൂടാതെ ഭാര്യയില്ല. പ്രകൃതി മുഴുവൻ ഈ പരസ്പര ബന്ധമാണ്. ആത്മാവ് (ജീവൻ) ഭർത്താവും അത് വസ്തുക്കളോട് ബന്ധപ്പെടുമ്പോൾ ഭാര്യയും ആയി മാറുന്നു. ഭർതൃ സങ്കൽപ്പത്തിന് പുരുഷ നെന്നും ഭാര്യാസങ്കൽപ്പത്തിന് പ്രകൃതിയെന്നും പറയാം. പ്രകൃതിയിലുള്ള നാനാതത്വങ്ങളിൽ വ്യാപരിക്കുന്ന ജീവൻ (ആത്മതത്വം) ഏകമാണ്. പ്രകൃതിയിലെ നാനാതത്വങ്ങളെ (ബ്രഹ്മം, ജ്ഞാനം) ആത്മതത്വം കൂട്ടിയിണക്കുന്നതുകൊണ്ട് പ്രകൃതിയിൽ കാണുന്ന സർവ്വവും ബ്രഹ്മമെന്ന പൈതൃകത്തിൽ പെട്ടിരിക്കുന്നു. അതിനാൽ പ്രപഞ്ചം മുഴുവൻ ഒരു കുടുംബം എന്ന സങ്കൽപ്പത്തിന് വിധേയമാണ്. അതാണ് 'വസുധൈവ കുടുംബകം 'എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഭാര്യാ ഭർതൃ ബന്ധത്തിനടിസ്ഥാനം ഈ തത്വമാണ്. ഭാരതത്തിലെ കുടുംബ സങ്കൽപ്പത്തിന്റെ മഹത്ത്വം ഇതുകൊണ്ട് ചിന്തിക്കപ്പെടണം. അതിലൂടെ ഉണ്ടാകുന്ന കുട്ടികൾ കുടുംബത്തിനും, രാഷ്ട്രത്തിനും ഐശ്വര്യമാണ്. ഭാര്യാഭർതൃ ബന്ധം അറിയുവാനും അനുഭവി ക്കാനുമുള്ള തത്വത്തിൽ അധിഷ്ഠിതമാണ്. അറിയിക്കുക എന്നുള്ളത് അതിന്റെ ധർമ്മമാണ്. സ്ത്രീ പുരുഷബന്ധവും കുടുംബതത്വവും അടിമത്തവും അധീശത്വവും തമ്മിലുള്ള മത്സരമല്ല. മറിച്ച് ഒരേ തത്വ ത്തിന്റെ ഭാവങ്ങൾ മാത്രം. തത്വം അറിഞ്ഞുള്ള കുടുംബജീവിതം. 'ലോകം ഒരു കുടുംബം' എന്ന വിശ്വവിശാലമായ സങ്കൽപ്പം വരെ വളർന്നെത്തണമെന്നാണ് ഭാരതീയ ദർശനം.

**ക്രിസ്ത്യൻ കുടുംബദർശനം**

കത്തോലിക്കാ സഭയുടെ പഠനങ്ങൾ കുടുംബത്തെ സമൂഹത്തിന്റെ സാമൂഹികവും ധാർമ്മികവുമായ കേന്ദ്രമായി തിരിച്ചറിയുന്നു.[2] 'കുടുംബം' എന്ന് നാം വിളിക്കുന്ന ചെറിയ സമൂഹം വളരെ പ്രായോഗികവും ആത്മീയവുമായ "വിവാഹതത്വങ്ങൾ" അടിസ്ഥാനമാക്കി യുള്ളതാണ്: "ജീവിതപങ്കാളികൾ തമ്മിലുള്ള ആജീവനാന്തവും പവിത്രവുമായ ബന്ധം, കുട്ടികളുണ്ടായിരിക്കുക, വിദ്യാഭ്യാസം നൽകുക, വിശ്വസ്തതയും പ്രത്യേകതയും, സദ്ഗുണം പിന്തുടരുന്നതിൽ പങ്കാളികളുടെ പരസ്പര സഹായം വിശുദ്ധിയും അതുപോലെതന്നെ ഒരു

1. ശങ്കരൻ, വി. കെ.രമണ മഹർഷി. തി രുവണ്ണാമല: ശ്രീരാമണശ്രമം, 1938. പേജ് 23.

2 CCC 2208

കുടുംബത്തിലും, കുട്ടികളുടെ രക്ഷാകർതൃത്വത്തിലും, ഒടുവിൽ, സ്നാനമേറ്റ രണ്ട് ക്രിസ്ത്യാനികൾക്ക്, സഭയുമായുള്ള ക്രിസ്തുവിന്റെ ഐക്യത്തിന്റെ അടയാളമായി അവരുടെ വിവാഹത്തിന്റെ ആത്മീയ (പ്രായോഗികവും) ആചാരപരമായ നന്മയും' ലക്ഷ്യമാക്കുന്നവയാണ്.[3] സമൂഹത്തിന്റെ ക്ഷേമം എന്നതിനർത്ഥം ദാമ്പത്യ-കുടുംബ സമൂഹത്തിന്റെ പൊതുവായ വസ്തുക്കൾ തിരിച്ചറിയു കയും പരിരക്ഷിക്കുകയും ചെയ്യുക എന്നതാണ്.

വിവാഹം, കുടുംബം എന്ന ചെറിയ സമൂഹങ്ങളെ വിവരിക്കാൻ "കൂട്ടായ്മ" എന്ന പദവും കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഉപയോഗിക്കുന്നുണ്ട്.[4] മനുഷ്യസ്നേഹം വിവാഹബന്ധത്തിലൂടെ സ്ഥാപിതമായ സ്ഥിരമായ ബന്ധത്തിലേക്ക് രണ്ടു വ്യക്തികളെ സംയോജിപ്പിക്കുന്നു. അവർക്കിടയിൽ ഈ ബന്ധം സ്ഥാപിക്കുന്നതിലൂടെ, ഒരു പുരുഷനും സ്ത്രീയും 'വൈവാഹികം' എന്ന ക്രമീകരണത്തിനു സാക്ഷികളായി മാറുന്നു. കുടുംബജീവിതം ധ്യാനമാകുമ്പോഴാണ് നന്മ നിറയുന്നത്. അവിടെയാണ് നല്ല കുട്ടികൾ ജനിക്കുന്നത്. കുട്ടികളില്ലാത്ത ഒരു സമൂഹം അപ്രത്യക്ഷമാകുന്നു. ഒരു സമൂഹം വിദ്യാസമ്പന്നരിൽ നിന്ന് പ്രയോജനം നേടുന്നു, അതിനാൽ നല്ല നിലവാരത്തിലുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിന് മാതാപിതാക്കൾ ഉത്സുകരായിരിക്കണം.

അതുപോലെ, ഉത്തരവാദിത്തം ഏറ്റെടുക്കാൻ കഴിയുന്ന പക്വതയുള്ള മുതിർന്നവരിൽ നിന്ന് മാത്രമേ ഒരു സമൂഹത്തിന് പ്രയോജനം ലഭിക്കുകയുള്ളൂ. സദ്ഗുണത്തിലും വിശുദ്ധിയിലും അവരുടെ പൊതുവായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് പങ്കാളികൾക്ക് ഗൗരവമായ കടമയുണ്ട്.[5] തിരുവചനത്തിൽ നാം കണ്ടുമുട്ടുന്ന മാതൃകാ കുടുംബങ്ങളോട് നമ്മുടെ കുടുംബാം ഗങ്ങൾ താദാത്മ്യപ്പെടേണ്ടതായിട്ടുണ്ട്. നസ്രേത്തിലെ കുടുംബം നമുക്ക് വെല്ലുവിളിയായി അവശേഷിക്കുന്നു.

**ഒരു കുടുംബ പശ്ചാത്തല ധ്യാനം**

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ആധുനിക ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ പരസ്പര സ്നേഹത്തിന്റെയും, ഉത്തരവാദിത്തത്തിന്റെയും ചോദ്യം ചെയ്യപ്പെടാത്ത മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രശ്നം കത്തോലിക്കാ സഭ നേരിട്ടിട്ടുണ്ട്. 'ജനന നിയന്ത്രണത്തിൽ' ലോകം അവലംബിച്ച സമീപനരീതി കത്തോലിക്കാ സഭയുടെ ലൈംഗിക - ധാർമിക ദൈവശാസ്ത്രത്തിന് തികച്ചും എതിരാണ്. സഭയുടെ സമീപനം കുടുംബത്തിന്റെ ആദർശത്തെ ഉയർത്തിപ്പിടിക്കുന്നു. രണ്ടാം വത്തിക്കാൻ സുനഹദോസ് നിയോഗിച്ച കമ്മീഷന്റെ ശുപാർശകൾക്കെതിരെയും, നിരവധി ദൈവശാസ്ത്രജ്ഞരുടെയും, അല്മയരുടെയും എതിർപ്പിനെ അവഗണിച്ചും, പരമ്പരാഗതമായി കൈക്കൊണ്ട കൃത്രിമ ജനനനിയന്ത്രണത്തിന്റെ നിരോധനം പോൾ ആറാമൻ മാർപ്പാപ്പ ആവർത്തിച്ചു,[6] "ഓരോ ദാമ്പത്യ പ്രവർത്തനവും അനിവാര്യമായും പ്രത്യുൽപാദനവുമായുള്ള മനുഷ്യ ജീവിതത്തിന്റെ ആന്തരിക ബന്ധം നിലനിർത്തണം'.[7] തുടർന്നു വന്നിട്ടുള്ള മാർപ്പാപ്പാമാരെല്ലാം സമാന ചിന്താഗതിക്കാരാ

[3] CCEO 776, Cf CCC 1643-1654

[4] CCC 2205

[5] CCC 2206

[6] See Humane Vitae by Paul VI (ജീവന്റെ സുവിശേഷം)

[7] Humane Vitae, 12.

യിരുന്നു. ഭൂമിയും സമൂഹവും സഭയും കുടുംബങ്ങളും അതിന്റെ ചെറുപ്പം നിലനിർത്തുന്നത് ഓരോ കുഞ്ഞും ഭൂമിയിൽ ജനിക്കുമ്പോഴാണ്. ഓരോ കുഞ്ഞും അനന്തമായ സാധ്യതകളുടെ ഓരോ വാതിലുകളാണ്. എന്നാൽ ഈ അനന്തമായ സാധ്യതകളുടെ, ദൈവീക ദാനത്തെ സ്വീകരിക്കാൻ മനുഷ്യരിൽ അലസത കൂടിവരുന്ന ഒരു പ്രവണത ദൃശ്യമായി വരുന്നുണ്ട്. കുടുംബാസൂത്രണത്തിന്റെ പ്രത്യാഘാതങ്ങൾക്കപ്പുറം, പലവിധമായ പ്രതിസന്ധികളും, പ്രയാസങ്ങളും ദമ്പതികൾ നേരിടേണ്ടതായി വരുന്നുണ്ട്. ജനന നിയന്ത്രണങ്ങൾ വഴി കുടുംബാംഗങ്ങളുടെ എണ്ണം കുറച്ചതുമൂലം സാമ്പത്തികമായി കുടുംബങ്ങളിൽ ഉയർച്ച വന്നു എന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ബുദ്ധിജീവികൾ കുടുംബങ്ങൾ അണുകുടുംബങ്ങൾ ആയതുമൂലം ഉണ്ടായ വ്യതിയാനങ്ങളെപ്പറ്റി മിണ്ടാൻ കൂട്ടാക്കുന്നുമില്ല. മറ്റു കുടുംബാംങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സാമ്പത്തികമായി നാം വളരെ പിന്നോട്ട് പോയി എന്നതാണ് സത്യം. എന്തെങ്കിലും വ്യത്യസ്തമായ മുന്നേറ്റം സാമ്പത്തീക മേഖലയിൽ ഉണ്ടാക്കിയോ എന്നത് സംശയമാണ്. ബന്ധുബലത്തിലും, വിദ്യാഭ്യാസത്തിലും, രാഷ്ട്രീയമായും, സഭാപരമായും, ഭൂമിപരമായും കേരളത്തിലെ ഏറ്റവും ശക്തമായ ഒരു സമൂഹമായവർ തികച്ചും വ്യത്യസ്തമായ ദിശയിലേക്ക് മാറുന്ന കാഴ്ചയ്ക്ക് നാം സാക്ഷ്യം വഹിക്കേണ്ടി വന്നു. അബദ്ധവിശ്വാസങ്ങളും, ചിന്താഗതികളും അടിച്ചേൽപ്പിക്കുന്ന അരാജകത്വത്തിന്റെ കറുത്ത മൂടുപടമണിയാൻ ഇറങ്ങിത്തിരിച്ചു വഞ്ചിക്കപ്പെട്ടവർ ഒരുവഴിക്ക്. ദുഷ്ട ശക്തികളെ മാറ്റി നിർത്തി കുടും ബത്തിന്റെ അടിസ്ഥാനം ബലപ്പെടുത്താൻ നാം അതീവ ശ്രദ്ധചെലുത്തേണ്ടി വരുന്നു. പരി. സഭ കുടുംബ വർഷമാചരിക്കുമ്പോൾ വചനാധിഷ്ഠിതമായി നമ്മുടെ കുടുംബങ്ങളെ നവീകരിക്കാം.

**ബന്ധങ്ങൾ: കുടുംബ ജീവിതത്തിനാധാരം**

ബന്ധങ്ങളുടെ ദൃഢതയാണ് കുടുംബജീവിതത്തിനാധാരം. വളർച്ചയുണ്ടാകണമെങ്കിൽ വിള്ളലും വിങ്ങലുമില്ലാതെ ബന്ധങ്ങൾ നിലനില്ക്കണം, ജീവിത വഴിയിൽ തിരുക്കുടുംബാംഗ ങ്ങളാകണം. അകൽച്ചയുടെ മേഘങ്ങൾ കറുത്തു മൂടുമ്പോഴാണ് ബന്ധങ്ങൾ തകർന്നു തീരുന്നത്. നുകർന്നും പകർന്നും ഒന്നായിത്തീരുന്ന ആത്മബന്ധമായി ഓരോ ബന്ധുവും സ്വന്തമായി ത്തീരണം. ബന്ധങ്ങളെ ഒന്നിപ്പിക്കുന്ന വെള്ളിനൂലാണ് സ്നേഹം. സ്നേഹത്തിന്റെ സാരവും സുഖവുമാണ് ബന്ധങ്ങളിൽ നിന്ന് ലഭിക്കേണ്ടതും. വേണ്ടുവോളം ആസ്വദിച്ചും അതിലേറെ ആസ്വദിപ്പിച്ചും സ്നേഹം തന്നെയാണ് മികച്ചു നില്ക്കേണ്ടത്. ഉപാധികളില്ലാതെ നമ്മെ സ്നേഹിക്കുന്ന കുറച്ചു പേരാണ് വീട്ടിലുള്ളത്. രക്തവും രക്തവും തമ്മിലുള്ള ബന്ധമാണത്. വേണ്ട എന്നു വെച്ചാൽ തീർന്നു പോകാത്ത ബന്ധുത്വമാണത്. വഴിയിൽ വന്നു ചേരുന്നതാണ് കുടുംബബന്ധങ്ങൾ. ഇത്ര കാലവും പരിചിതരല്ലാത്ത ചിലർ, ഇത്രയധികം ഹൃദയത്തിൽ പറ്റിച്ചേരുന്നതിലെ ആശ്ചര്യം വലുതാണ്. അതിനെ വലിയ രഹസ്യമായാണ് പൗലോസ് അപ്പസ്തോലൻ ഓർമിപ്പിക്കുന്നത് (എഫേ. 5/32).

സന്തോഷത്തിലും, സന്താപത്തിലും, ഉയർച്ചയിലും, താഴ്ചയിലും, വേനലിലും, മഴയിലു മൊക്കെ ഒരുമിച്ചാ യിരിക്കണം എന്നാണെങ്കിലും കുറ്റങ്ങളും, കുറവുകളും പരിമിതികളും നമ്മുടെ കുടുംബങ്ങളിൽ നിന്നു അന്യമല്ല. കുറവുകൾക്കു നടുവിലും ദൈവസാന്നിധ്യത്തിലേക്ക് നമ്മെത്തന്നെ ഉയർത്തുന്നിടത്താണ് സമാധാനവും, സന്തോഷവും നമുക്ക് കണ്ടെത്താൻ സാധിക്കുക. ചെറിയ ഒരു കുറവുള്ള ഒരു വീട്ടിലേക്ക് സുവിശേഷകൻ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു (യോഹ. 2/1 ff). രക്തബന്ധമുള്ള രണ്ടുമൂന്നുപേർ ക്ഷണം സ്വീകരിച്ച്, വേണ്ടപ്പെട്ട ഒരാളുടെ വീട്ടിലെത്തി അവിടെ കുറവുകൾ നിറവുകളാക്കിയതായിരുന്നു സുവിശേഷം. കുറവുകൾ നമ്മെ വേദനിപ്പിക്കുന്നു, ആകുലപ്പെടുത്തുന്നു. അതിനെ നിറവക്കാൻ നാം പരിശ്രമി

ക്കുകയും ചെയ്യുന്നു. അങ്ങനെ പല സ്ഥലത്തും ഈ വീട്ടുകാർ പോയിട്ടുണ്ടാകും, പലരെയും സമീപിച്ചിണ്ടുണ്ടാകും. അവിടെയൊന്നും കുറവ് നികത്താൻ പറ്റുന്നില്ല. എന്നാൽത്തന്നെയും ഒരാളുടെ സമീപത്ത് അതിനുത്തരം ഉണ്ടായിരുന്നു. ഒരമ്മയുടെ യഥാസമയത്തുള്ള പ്രവർത്തനം അവിടെ നിറവുകളായി മാറുന്നു. കുറവുകൾക്കിടയിൽ നാം ആരുടെ അടുത്തേക്കാണ് പോകേണ്ടത്? പരി. മറിയം സമീപിച്ചത് കർത്താവിനെയാണ്. അവിടെ നിറവുകൾ സമൃദ്ധമായി എന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. പരിഹരിക്കപ്പെടുവാൻ തക്കവണ്ണം പ്രതിസന്ധികൾ ജീവിതത്തിൽ ഉണ്ടാകുമ്പോൾ സമീപിക്കേണ്ട ഏക ഇടം ക്രിസ്തുസന്നിധിയാണ്. നമുക്ക് എത്ര ശക്തികേന്ദ്രങ്ങളുണ്ടെങ്കിലും ബലപ്പെടുത്തുന്നവൻ ക്രിസ്തുവാണ്. അവിടെ മാതാവിന്റെ സമീപനത്തിന് സൗഹൃദപൂർണമായ ഒരുത്തരമല്ല കർത്താവ് നൽകുന്നത്. സമയം ആയിട്ടില്ല പോലും. ചിലപ്പോൾ അങ്ങനെയാണ്. നാം കരുതുന്നവർ നമ്മെ കരുതണമെന്നില്ല; നാം സ്നേഹിക്കുന്നവർ നമ്മെ സ്നേഹിക്കണമെന്നില്ല. ചില മറുപടികൾ നമ്മെ നിരാശപ്പെടുത്തുന്നുണ്ടാകാം. ഇവിടെ അങ്ങനെ ഒരു മറുപടി കേട്ട് പരി. അമ്മയ്ക്ക് മടങ്ങിപ്പോകാമായിരുന്നു. എന്നാലും അവന്റെ മനസ്സ് വായിക്കാൻ അവൾക്കു സാധിക്കുന്നുണ്ട്; തന്റെ വേദനകളെ, ഇല്ലായ്മകളെ തിരിച്ചറിഞ്ഞു തന്നെ സഹായിക്കും എന്ന് അവൾക്കറിയാം. പറയാതെ പറഞ്ഞുപോകുന്ന, അറിയാതെ മനസ്സിലാക്കിപ്പോകുന്ന ചില ജീവിത യാഥാർഥ്യങ്ങൾ.

**പറയാതെ പറഞ്ഞുപോകുന്നവ**

ചിലതൊക്കെ ജീവിതത്തിൽ അനിവാര്യമാണ്. പറയാതെ പറയുന്ന വാക്കുകൾ അതിനൊരുദാഹരണമാണ്. ഇങ്ങനെ ഉള്ളവ കേൾക്കാതെ പോകുന്നതും, മനസ്സിലാക്കാതെ പോകുന്നതും ആധുനികതയുടെ ദുരന്തം ആണ്. പരസ്പരം ഇഷ്ടങ്ങൾ മനസ്സിലാക്കി സന്തോഷത്തോടെ ജീവിച്ച പഴയ തലമുറ ഇന്ന് പഴങ്കഥയായി. അങ്ങനെയുള്ളപ്പോൾ അസ്വാരസ്യങ്ങൾ ഉടലെടുത്തു. ചില കണ്ണിറുക്കലുകളും, ചില പുഞ്ചിരികളും, ചില നോട്ടങ്ങളും, ചില തൊടലുകളും ഒക്കെ ആഗ്രഹിക്കാത്തവരായി ആരാണുള്ളത്. അവയിലൂടെ അനേകം കാര്യങ്ങൾ വിനിമയം നടത്തപ്പെട്ടു. വലിയ പ്രതിസന്ധികൾ വരുമ്പോൾ' പോട്ടെ,' 'സാരമില്ല' എന്നൊക്കെ പറഞ്ഞ് ആശ്വസിപ്പിക്കാൻ ആളുള്ളത് എത്ര നല്ലതാണ്. ഇവ പറയാതെ പറഞ്ഞുപോകുന്നവയല്ലേ. സ്വന്തം മകന്റെ കണ്ണിലേക്കു നോക്കി പരി. മറിയത്തിന് കാര്യങ്ങൾ മനസിലാക്കാൻ കഴിഞ്ഞതിന്റെ പൊരുൾ ആണ് അവൻ പറയുന്നതുപോലെ ചെയ്യുക എന്ന് പറയുവാൻ ആ അമ്മയെ പ്രേരിപ്പിച്ചത്. നമ്മുടെ കുഞ്ഞുങ്ങളുടെ കണ്ണിലേക്ക് നോക്കി മനസ്സിലാക്കാൻ നാം ഇനി എന്നാണ് പഠിക്കുക? പരസ്പരം പറയാതെ പറയുന്നവ നമുക്ക് മനസ്സിലാക്കാൻ എന്നാണ് നമുക്ക് കഴിയുക? നമ്മുടെ ചുറ്റുമുള്ളവരുടെ കണ്ണിലേക്ക് നോക്കി അവർ എന്താണ് നമ്മിൽനിന്ന് ആഗ്രഹിക്കുന്നതെന്ന് നോക്കി മനസ്സിലാക്കുവാൻ നമുക്ക് സാധിക്കണം നല്ല ബന്ധങ്ങളുടെയും നല്ല ശീലങ്ങളുടെയും പാർപ്പിടമാകണം വീട്. സുകൃതങ്ങൾ പഠിക്കുകയും അനുഷ്ഠിക്കുകയും ചെയ്യേണ്ട വിദ്യാലയമാണത്. സ്നേഹം കാണുകയും കൈമാറുകയും ചെയ്യേണ്ട പാഠശാലയാണത്. നന്മയുടെ വിളവെടുപ്പിനുള്ള ശിക്ഷണകേന്ദ്രമാകണം വീട്. അന്യോന്യം പുലർത്തേണ്ട ആദരവും അംഗീകാരവുമാണ് കുടുംബത്തിൽ നിന്നു പഠിക്കാൻ കിട്ടേണ്ടത്. ഉന്നതമായ സാംസ്കാരിക ശിക്ഷണത്തിലേക്ക് ചുവടു വെയ്ക്കേണ്ടത് ഈ അടിക്കല്ലിൽ നിന്നാണ്. ആദരവും അംഗീകാരവും നല്കാനും നേടിയെടുക്കാനും സാധിക്കണമെങ്കിൽ ആ വിധമൊരു വ്യക്തിത്വം സ്വന്തത്തിൽ പ്രകാശിക്കണം. അത് രൂപപ്പെടുത്തേണ്ട കളരി മുറ്റമായിത്തീരണം വീട്. ആയിരം ചക്കര വാക്കുകളിലൂടെ പറഞ്ഞുതീർക്കാനുള്ളതല്ല ജീവിതം മറിച്ച്, ചില പുഞ്ചിരികളും, ചില നോട്ടങ്ങളും, ചില തൊടലുകളും ഒക്കെ അതിന്റെ അനിവാര്യ തയാണ്. പറയാതെ പറഞ്ഞു പോകുന്ന ഇക്കാര്യങ്ങൾ കുടുംബത്തെ ജീവനുള്ള ജീവിതങ്ങൾ ആക്കിത്തീർക്കുന്നു.

***

**ചില ചോദ്യങ്ങളെ! ...**

വക്കോളം വെള്ളം നിറയ്ക്കാൻ അവൻ പറഞ്ഞപ്പോൾ പരിചാരകർ ഒന്നും ചോദിച്ചതേയില്ല. അവനിൽ ശരണപ്പെട്ടു, അത്രമാത്രം. ചോദ്യങ്ങൾ; ചോദ്യങ്ങളൊക്കെ പ്രസക്തമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യം. എന്തിനും, ഏതിനും ചില ചോദ്യങ്ങൾ. പരസ്പരമുള്ള ചോദ്യം ചെയ്യപ്പെടലുകളൊക്കെയാണ് സമാധാനം തകർക്കുന്നത് എന്ന് തോന്നിപ്പോകുന്നു. അനുസരണയോടുകൂടി, വിധേയപ്പെട്ട്, പരസ്പര സഹകരണത്തോടുകൂടി ചോദ്യം ചെയ്യാതെയും /ചെയ്യപ്പെടാതെയും ജീവിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? ചോദ്യങ്ങൾ ആവശ്യമില്ല എന്നല്ല അതിന്റെ അർഥം. മറിച്ച് ഈ ചോദ്യങ്ങൾക്കപ്പുറത്തേക്ക് കാര്യങ്ങൾ ക്രമീകരിക്കുവാൻ സാധിക്കണം. ഒരു ചോദ്യങ്ങളുമില്ലാതെ അനുസരിച്ചവർ വക്കോളം വെള്ളം നിറച്ചപ്പോൾ അവർ സന്തോഷത്തിലും, സംതൃപ്തിയിലും നിറഞ്ഞു എന്ന് വചനം ഓർമിപ്പിക്കുന്നു. അതിനുശേഷം അവൻ പറഞ്ഞു, നിങ്ങൾ ഇത് കലവറക്കാരനെ ഏൽപ്പിക്കുവിൻ. ചെയ്യേണ്ടതായി ചിലത് നമുക്കുണ്ട്, അത് ചെയ്യേണ്ട രീതിയിലാണ് ചെയ്യേണ്ടത്. അവിടെ ചോദ്യങ്ങൾക്കല്ല പ്രസക്തി, മറിച്ച് കൂട്ടായ്മയുടെ അനുഭവത്തിനാണ്.

**ചില പ്രോട്ടോക്കോളുകൾ**

പ്രോട്ടോക്കോളുകളുടെ കാലത്താണ് നാം ജീവിക്കുന്നത്. സ്വാതന്ത്ര്യബോധമുള്ള ഒരു സമൂഹമാ ണെങ്കിലും, അതിന്റെ ശരിയായ വളർച്ചയ്ക്ക് പ്രോട്ടോക്കോളുകൾ ആവശ്യമാണ്. വെള്ളത്തെ വീഞ്ഞാക്കി മാറ്റിയിട്ട് തന്റെ അധികാരത്തോടെ വിളമ്പാൻ നല്കുന്നതിനുപകരം കർത്താവ് പരിചാരകനെ ഏല്പിച്ചെങ്കിൽ അതിൽ നിന്ന് നാം എന്ത് മനസ്സിലാക്കണം? കുടുംബ ബന്ധങ്ങളിൽ പാലിക്കപ്പെടേണ്ട പ്രോട്ടോകോളുകൾ പാലിക്കാതെ വരുമ്പോൾ കുടുംബാംഗങ്ങൾ തകർച്ചയിലേക്ക് പോകുന്നു. കുടുംബ ബന്ധങ്ങളിൽ അപ്പനെ അപ്പനായും, അമ്മയെ അമ്മ യായും, മക്കളെ മക്കളായും കാണേണ്ടതിന്റെ നന്മയാണ്, തിരിച്ചറിവാണ് ആ പ്രോട്ടോക്കോളുകൾ. ഇവ ലംഘിക്കപ്പെടുമ്പോൾ ഉണങ്ങിയ കെട്ടിടം മാത്രമായി വീട് മാറുന്നു. ആദരവിന്റെയും സ്നേഹത്തിന്റെയും അഭാവം ഈ പ്രോട്ടോകോളുകൾ പാലിക്കുന്നതുമൂലം മായ്ക്കുന്നതിന് നമുക്ക് സാധി ക്കും. നമുക്കൊപ്പം ജീവിക്കുന്നവരെയും നമ്മുടെ ബന്ധങ്ങളെയും സ്നേഹിക്കാനും ആദരിക്കാനും സാധിക്കുന്നില്ലെങ്കിൽ, കേവലമൊരു കെട്ടിടം മാത്രമായിത്തീരും നിങ്ങളുടെ വീട്. ആദരവിന്റെയും സ്നേഹത്തിന്റെയും നിറവും നിലാവുമുണ്ടെങ്കിൽ നമുക്കതൊരു ആനന്ദ കേന്ദ്രമായിത്തീരും. വിട്ടുപോരാനാകാത്ത വിസ്മയ സുഖമായി വീടും കുടുംബവും അനുഭവ പ്പെടും.

**തഴയപ്പെടുന്ന ജീവിതങ്ങൾ**

മലയാളികൾക്ക് മാതാപിതാക്കളെ വേണ്ടാതാകുന്ന ശീലം വർദ്ധിക്കുന്നു. ഉള്ളു തുറന്ന് സംസാരിക്കുകയോ, സ്നേഹത്തോടെയൊന്ന് ഇടപെടുകയോ ചെയ്യാൻ താല്പര്യമില്ലാത്ത വരായി, സമയക്കുറവിന്റെയും, ജോലിഭാരത്തിന്റെ ഉച്ചകോടിയിൽ നിൽക്കുന്ന ആധുനിക മക്കളുടെ അവസാന ആശ്രയമായി വൃദ്ധമന്ദിരങ്ങൾ മാറുന്നു. അമ്മയുടെ അരികിലിരുന്ന്, പറയാനുള്ളതെല്ലാം കേട്ട്, സ്നേഹത്തോടെ ചുംബനങ്ങൾ നല്കി അല്പ നേരമൊന്ന് ചെല വഴിച്ചു നോക്കാൻ നമുക്ക് കഴിയാതെ വരുന്നു. നമ്മിൽ നിന്ന് കിട്ടുന്ന എത്ര വലിയ സഹകരണ ത്തേക്കാളും വിലപ്പെട്ടതായിരിക്കുമത്. കാര്യങ്ങളെല്ലാം അപ്പനോടും, അമ്മയോടും കൂടിയാലോചിച്ചു നോക്കൂ; അവർക്കത് വേറെ എന്തിനേക്കാളും സന്തോഷമായിരിക്കും. വാർധക്യ ത്തിൽ പരിഗണനയാണ് പ്രധാനം.

***

എത്ര അവശരായിരുന്നാലും, എന്തെല്ലാം ദൗർബല്യങ്ങൾ പിടിപെട്ടാലും ആ രണ്ടു പേർ നമുക്ക് ഏറ്റവും പ്രധാനമാവണം. നോക്കൂ, അമ്മയുടെ ശരീരം ചുളിഞ്ഞുപോയിരിക്കുന്നു. നീരെല്ലാം വറ്റി ദുർബലമായിരിക്കുന്നു! അമ്മയുടെ ശരീരത്തിലെ ശക്തിയും നീരുമെല്ലാം ഇപ്പോൾ എവിടെയാണ്? അതിപ്പോൾ മക്കളുടെ ശരീരത്തിലാണ്!

നമുക്കുവേണ്ടിയാണ് അമ്മ കഷ്ടപ്പെട്ടത്, കാത്തിരുന്നത്, കണ്ണീരൊഴുക്കിയത്... ബന്ധങ്ങൾക്കിടയിൽ സ്നേഹത്തിന്റെ നീരു വറ്റു മ്പോൾ, വീട് ഉണങ്ങിയ കെട്ടിടം മാത്രമായിത്തീരും; കുടുംബമെന്നത് നിയമപരമായിത്തുടരേണ്ട ബാധ്യത മാത്രമായിത്തീരും. തഴയപ്പെടുന്ന ജീവിതങ്ങളുടെ എണ്ണം കൂടുമ്പോൾ നാളെ ഞാനും തഴയപ്പെടേണ്ട ജീവിതമാണെന്ന് ഓർക്കുമ്പോൾ വല്ലാതെ നീറുന്നുണ്ട്. പരിചരിക്കു ന്നതിനു ഫീസ് നൽകിയിട്ടുണ്ടെന്നും പരിചയക്കാർ നടത്തുന്ന സ്ഥാപനമാണെന്നും വിശ്വസിപ്പിച്ച് മാതാപിതാക്കളെ വിട്ടിട്ടുപോയ അനുഭവങ്ങൾ. മാതാപിതാക്കളുടെ സാന്നിധ്യം തന്ത്രപൂർവം, വേണ്ടെന്നു വയ്ക്കുന്ന ഏറെ കുടുംബങ്ങൾ ഇന്ന് സൃഷ്ടിക്കപ്പെടുന്നു. വയസ്സായ കാരണവർക്കു വീട്ടിൽ സ്ഥാനമുള്ള ഒരു കാലമുണ്ടായിരുന്നു നമ്മുടെ നാട്ടിൽ.

മക്കൾ അപ്പന്റെ ജോലി തന്നെ തുടർന്നു വന്ന തലമുറകളിൽ, വാർദ്ധക്യമേറുന്തോറും അവരുടെ സ്വത്തും ജ്ഞാനവും കൂടുതൽ വിലയുള്ളതായി തീർന്നിരുന്നു, അതുകൊണ്ട് തന്നെ തറവാട്ടിൽ അവരുടെ സ്ഥാനവും. അക്കാലമെല്ലാം പോയ്പ്പോയി. കാരവണവരുടെ 'വിലയേറിയ' ജ്ഞാനവും അനുഭവസമ്പത്തും കൊച്ചുമക്കൾക്കു പോലും ബോറൻ കഥകളാണ്. ആൻഡ്രോയിഡിന്റെ പുതിയ ആപ്പിനേപ്പറ്റി കേട്ടിട്ട് വീട്ടിൽ വരുന്ന കൊച്ചുമക്കളുടെ ബല്യവർത്താനത്തിൽ പങ്കുചേരാൻ 'ഗ്രാൻഡ്പായ്ക്കു' കഴിയില്ല. മുത്തശ്ശിക്കഥകൾ ഒരു പക്ഷേ ഇന്നും കുഞ്ഞുങ്ങൾ കേട്ടിരുന്നേക്കാം പക്ഷേ, നല്ല കഥ കേട്ടു വളർന്നിട്ടില്ലാത്തതുകൊണ്ടാവാം അക്കഥകൾ പറഞ്ഞു കൊടുക്കാൻ അറിയാവുന്നവരും ഇല്ലതന്നെ.

**വരാനിരിക്കുന്നതെന്താണ്?**

നമ്മുടെ കുടുംബങ്ങൾ അനുഭവിച്ചുപോകുന്ന വിപത്തുകൾ പെരുകുമ്പോൾ ഭാവിയെപ്പറ്റിയുള്ള ആശങ്കകൾ നിറയുന്നു. പുതിയ തലമുറ വിവാഹജീവിതത്തിലേക്ക് കടക്കുന്നവരും വർഷങ്ങൾ കൊടിയ പീഡകളുടേത് ആയി മാറുമോ? ഇങ്ങനെ പോയാൽ കേരളത്തിൽ ക്രിസ്ത്യാനികളുടെ ശതമാനം വളരെ താഴും. രാഷ്ട്രീയമായി അപ്രസക്തമായ ഒരു വിഭാഗമായി നാം തരം താണുപോകും. ഭൂസ്വത്തുക്കൾ പലതും നോക്കാൻ ആളില്ലാതെ കൈമോശം വരും. രാഷ്ട്രീയമായി അപ്രസക്തമാകുമ്പോൾ, സഭയുടെ സമ്പാദ്യമായ സ്ഥാപനങ്ങൾ സർക്കാർ പിടിച്ചെടുക്കും. സഭ തളരും. ക്രിസ്തീയ സഭകളുടെ മുഖമുദ്ര ആയ പീഡനത്തിന്റെ ദിനങ്ങളിലേക്ക് സഭ വീണ്ടും കടന്നു പോയേക്കും. കുടുംബബന്ധങ്ങൾ ഇല്ലാത്തത് മൂലം, യുവജനങ്ങൾ സഭയിൽ നിന്ന് അകലും. യുവതികൾ മറ്റു സമുദായ ങ്ങളിലേക്ക് ആകർഷിക്കപ്പെടും. യുവാക്കൾ വിവാഹം ചെയ്യാൻ ആവാതെ വിഷമിക്കും. അത് കടുത്ത മാനസിക സംഘർഷത്തിലേക്ക് തള്ളി വിടും. അങ്ങനെ കുടുംബമോ സഹോദരങ്ങളോ ഇല്ലാത്ത ഈ തലമുറ കുറച്ചു പതിറ്റാണ്ടുകൾക്കുള്ളിൽ ചുറ്റുമുള്ള ജനങ്ങളിൽ അലിഞ്ഞു ഇല്ലാതായി തീരും. ഇത് ഭാവന ആണെങ്കിൽ കൂടെയും ചിലപ്പോൾ, നമ്മുടെ ഈ തലമുറയിൽ വലിയ ഒരു മാറ്റം ഉണ്ടായി കൂടെന്നില്ല. ധാരാളം ദമ്പതികൾ ദൈവം തരുന്ന കുഞ്ഞുങ്ങളെ ഇരു കയ്യും നീട്ടി സ്വീകരിക്കുന്നുണ്ട്. ധാരാളം മാതാപിതാക്കൾ, മക്കളെ നല്ല പ്രായത്തിൽ വിവാഹം കഴിക്കാൻ സഹായിക്കാറുണ്ട്. എന്നാലും ഇന്നും ഭൂരിപക്ഷവും അങ്ങനെ അല്ല എന്നുള്ളത്, സഭയും നമ്മളോരോരുത്തരും ചിന്തിക്കേണ്ടതാണ്. സഭാമക്കൾക്ക് വേണ്ടി സമർപ്പണ ബുദ്ധിയോടെ

ചിന്തിക്കുന്ന വൈദികർ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സഭയെ രക്ഷിക്കേണ്ടതുണ്ട്. മാറ്റം ഉണ്ടായില്ലെങ്കിൽ, അത്ര നല്ല കാലം ആയിരിക്കുകയല്ല ഉണ്ടാവുക എന്ന് വ്യക്തമാണ്. അത് എത്ര തലമുറകൾക്കുള്ളിൽ ഉണ്ടാവും എന്ന് മാത്രം കണക്കു കൂട്ടിയാൽ മതി. അതിനു തലമുറകളെ വാർത്തെടുക്കുന്നതിന് കുടുംബ ബന്ധങ്ങളെ ശക്തിപ്പെടുത്തിയേ മതിയാവൂ.

**ഇത് ആവശ്യമോ?**

ധാർമ്മീക മൂല്യങ്ങളെ കാറ്റിൽ പറത്തുന്ന നിയമപരിഷ്കാരങ്ങ ളാണിപ്പോൾ കാണുന്നത്. സ്വവർഗ്ഗ വിവാഹാനുമതി കുടുംബ ജീവിതത്തിന്റെ ശവക്കല്ലറ നിർമ്മിതിയാണ്. ഇന്നു മുതൽ മരണം വരെ ഒന്നിച്ച് ജീവിക്കേണ്ട വിവാഹജീവിതം ഇഷ്ടമുള്ളപ്പോൾ വേണ്ടെന്ന് വയ്ക്കാം. മുഷിയുമ്പോൾ ഉപേക്ഷിക്കാൻ വസ്ത്രമല്ലത്. പഴം കഴിച്ചിട്ട് പഴത്തൊലി കളയുമ്പോലെ കളഞ്ഞാലത് വ്യഭിചാരമാണ്. വിവാഹം കഴിക്കാതെ ഒന്നിച്ച് ജീവിക്കുന്നത് കുടുംബത്തിന്റെ ശവകുടീര നിർമ്മിതിയാണ്. ഈ പ്രകൃതിയിലെ ഏതെങ്കിലും ഒരു പെൺജീവി അതിന്റെ വർഗ്ഗത്തിലെ പെൺജീവിയുമായോ, ആൺജീവി അതിന്റെ വർഗ്ഗത്തിലെ ആൺജീവിയുമായൊ ഇണചേരുമോ? ഏതെങ്കിലും ഒരു മൃഗം പക്ഷിയുമായോ, ഏതെങ്കിലും ഒരു മത്സ്യം മൃഗവുമായൊ ഇണ ചേരിലല്ലൊ, സിംഹം കഴുതയുമായും ഇണചേരില്ല, ചില മനുഷ്യർ എന്താണ് ചെയ്യുന്നത്? പ്രകൃതി വിരുദ്ധ പാപം ചെയ്യുന്നത് ബോധം കൂടുതൽ ഉണ്ടെന്ന് അഹങ്കരിക്കുന്ന മനുഷ്യനാണ്. സൃഷ്ടിയുടെ മകുടമായി ദൈവം നിർമ്മിച്ച മനുഷ്യൻ ചെയ്യുന്ന പാപങ്ങൾ കണ്ട് ദൈവം വിലപിക്കുമ്പോൾ ആ വിലാപം പ്രകൃതി കാണുന്നു. അപ്പോൾ പ്രകൃതിക്ഷോഭിക്കുന്നു. എന്നിട്ടും മനുഷ്യൻ ഒന്നും മനസിലാകുന്നി ല്ലെന്ന് ഭാവിക്കുന്നു. ദൈവത്തിനും, പ്രകൃതിയ്ക്കും നിരക്കാത്ത പണികൾ ചെയ്തിട്ട് ഒന്നുമറിയില്ലാത്തപോലെ ജീവിക്കുന്ന മനുഷ്യൻ എത്ര അധഃപതിച്ചവൻ! പരിതാപകരം തന്നെ. കുടുംബജീവിതങ്ങളെ ശിഥിലമാക്കുന്ന രീതികൾ നിർമാർജ്ജനം ചെയ്യുന്നതിന് നാം മുൻകൈ എടുക്കണം. അത് ക്രൈസ്തവ സാക്ഷ്യത്തിന്റെ ഭാഗമാണ്.


**ഉപസംഹാരം**

സഭ കുടുംബങ്ങളുടെ കൂട്ടായ്മയാണ്. കുടുംബങ്ങൾ ഇല്ലാത്ത സഭ, പുണ്യാളന്മാരുടെ പ്രതിമകളുടെ ശേഖരമായി മാറും! ഇവിടെയാണ് കുടുംബത്തിന്റെ മനോഹാരിത കാണേണ്ടത്. കുടുംബത്തിൽ ഇരുട്ടും വെളിച്ചവും ഇടതിങ്ങി നില്ക്കുന്നു. സംശയമില്ല... എന്നാൽ അവിടെ സ്നേഹത്തിന്റെ ആനന്ദമുണ്ട്. ക്രൈസ്തവ വിവാഹത്തിലൂടെ കുടുംബങ്ങളെ രൂപീകരിക്കുന്നവർ ദൈവസ്നേഹത്തിലും പരിപാലനയിലും നങ്കൂരമടിച്ച് ജീവിതയാത്ര തുടങ്ങുന്നവരാണ്. അത് തുടർന്ന് കൊണ്ടുപോകുവാൻ ഇനിയും നമുക്ക് കഴിയണം. അവിടെ സ്നേഹത്തിന്റെ പൂർണിമയും സഫലീകരണവും തുടർന്നും കാണാനാകണം. ഒരേ ഹൃദയത്തോടും ആത്മാവോടും കൂടെ ജീവിക്കാൻ അവിടെ ദമ്പതികളെ സഹായിക്കുന്നത് ദൈവാത്മാവായിരിക്കും എന്നതിൽ സംശയം ഇല്ല. ദൈവകൃപ അവരോടൊപ്പമുണ്ടായിരിക്കും... അവിടെ അമ്മായിഅമ്മയും മരുമകളും... അവരുടെ പോരുമെല്ലാം ഉണ്ടാകാം... അത് മാറ്റുന്നത് അത്ര എളുപ്പമല്ല. എങ്കിലും ഒരു നല്ല ചായയുണ്ടാക്കാൻ സമയം വേണം... കുടുംബം സ്നേഹസമർപ്പണത്തിൽ... മനുഷ്യർ ദൈവത്തിൽ ആശ്രയിച്ചും വിശ്വസിച്ചും പ്രത്യാശിച്ചും ജീവിക്കുന്ന ദൈവസ്നേഹത്തിന്റെ വേദിയാണത്. അത് കൂട്ടായ്മയുടെ ആഴം നുകരുന്ന അനുഭവമാണ്.

■

***






**ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയാൽ സ്ഥാപിതമായ ബഥനി ആശ്രമത്തിലേക്ക്**

# സ്വാഗതം











**Fr. Michael Raj Vazhavilayil. OIC (Vocation Promotor), Ph : +91 9995 088 933**
Bethany Navajyothi Provincial Ashram, Desom P.O., Aluva - 683 102


REST IN PEACE
Fr Daniel Kadakampallil OIC
1950-2021
ഞങ്ങളുടെ പീതാവേ...
സന്തോഷകരമായ മണവറയിൽ
ഇനി അങ്ങയെ ഞങ്ങൾ
കാണുമാറാകട്ടെ